പൗരോഹിത്യ ശുശ്രൂഷയിൽ

**25 വർഷങ്ങൾ പിന്നിടുന്ന**

ബഹു. വൈദികർക്ക്

ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ.ഫാ. ജോസ് കളപ്പുര**

പൗരോഹിത്യ സ്വീകരണം 03 – 04 – 1991



**റവ.ഫാ. ജെയിംസ് മാങ്കോട്ടിൽ**

പൗരോഹിത്യ സ്വീകരണം 04 – 04 – 1991

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06 ഓഗസ്റ്റ്-2015 ലക്കം 8**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ........................................................... | 07 |
| സർക്കുലർ ........................................................... | 11 |
| ഒരു കുടുംബം ആയിരിക്കേണ്ടത് എങ്ങനെ ................ | 14 |
| രൂപതാകച്ചേരി വാർത്തകൾ ................................... | 22 |
| *General Collection from 1st June 2014 to 31st May 2015* .... | 25 |
| വൈദികസമ്മേളനം - റിപ്പോർട്ട് ................................ | 35 |
| വൈദികരുടെ മാസധ്യാനം .................................... | 36 |
| ബൈബിൾ അപ്പോസ്റ്റലേറ്റ് ....................................... | 37 |
| മതബോധനരംഗം .................................................. | 38 |
| ചെറുപുഷ്പമിഷൻലീഗ് ........................................... | 40 |
| *Department of Youth Ministry* ...................................... | 46 |
| കെ.സി.വൈ.എം. ..................................................... | 47 |
| കുടുംബപ്രേഷിതത്വം .............................................. | 54 |
| സീയോൻ വാർത്തകൾ ............................................. | 57 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... | 60 |
| സാമൂഹ്യ സേവനരംഗം (WSSS) ............................. | 66 |
| കേരള ലേബർ മൂവ്മെന്റ് ........................................ | 70 |
| കെസിബിസി മദ്യവിരുദ്ധസമിതി ............................. | 71 |
| *Mary Matha Arts & Science College* ................................ | 73 |
| *CEADOM* വിദ്യാഭ്യാസമേഖല ................................ | 74 |
| അറിയിപ്പുകൾ ........................................................... | 78 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... | 79 |
| ബിഷപ്സ് പ്രോഗ്രാം ................................................ | 80 |

# തടവറ പ്രേഷിതദിനം

## 2015 ഓഗസ്റ്റ് 9 ഞായർ

**കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

തടവുകാർക്ക് മോചനത്തിനായി അവനെന്നെ അയച്ചിരിക്കുന്നു (ഏശ.61:1). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. മഹനീയനായ കുറ്റവാളിയാണ് യേശു. പരിശുദ്ധനായ കുറ്റവാളി. അവിടുന്ന് കാരാഗ്രഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതിമത്കരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2 കൊറി. 5:21) എന്ന തിരുവെഴുത്ത് അങ്ങനെ നിറവേറി.

2015 ആഗസ്റ്റ് മാസം 9-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാ സഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വമകുടം ചൂടിയ വിശുദ്ധ മാക്സിമില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ

പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന ദൈവത്തിന്റെ സ്വന്തംനാട് കുറ്റകൃത്യങ്ങളുടെ നാടായി മാറിയിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തിലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്തമാണ്. ഇന്ത്യയിലെ ഏറ്റവും അപകടകരമായ നഗരം കൊച്ചിയാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.4 ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 187.6 മാത്രമാണെന്ന് ഓർക്കണം. ഒറ്റവർഷം കൊണ്ട് 193 ആനുപാതിക വർദ്ധനയാണ് കൊച്ചിയിൽ മാത്രം കുറ്റകൃത്യങ്ങളിൽ ഉണ്ടായത്. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഒരോ വർഷവും രേഖപ്പെടുത്തുന്നത്.

ഈ സാഹചര്യത്തിലാണ് യേശുസാഹോദര്യ കൂട്ടായ്മയുടെ പ്രസക്തി. ജീസസ്സ് ഫ്രട്ടേണിറ്റി തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 28 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും, കൗൺസിലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി സദ്ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ ബദ്ധശ്രദ്ധമാണ്. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു ഡിപ്പാർട്ട്മെന്റായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകളിൽ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പി

ച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 28 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

13 പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റിക്കുണ്ട്. മൂന്ന് എണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയും ബാക്കി 7 എണ്ണം കുട്ടികൾക്ക് വേണ്ടിയുമാണ്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990–ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500–ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിലെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46 ഓളം യൂണിറ്റുകളിലായി 1000–ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരി കളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കു ന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹ മാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ.

കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹു മുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി

ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ. ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,
ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2015 ഓഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നൽകുകയോ ചെയ്യേണ്ടതാണ്.**

# ജസ്റ്റീസ് സൺഡെ

## 2015 ഓഗസ്റ്റ് 16 ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവി ക്കുന്ന സർക്കുലർ

(കേരളനിയമസഭ ദളിത് ക്രൈസ്തവർക്കു ഭരണഘടന വിഭാവന ചെയ്തിട്ടുള്ള അവകാശങ്ങൾ നല്കുന്നതിനുള്ള പ്രമേയം പാസാക്കണം.)

യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ.... അവർക്കു സംതൃപ്തി ലഭിക്കും. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ.... അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും" (മത്തായി 5:6–9).

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും പീഡനങ്ങൾ സഹിക്കുകയും ചെയ്യുകയാണ് ഭാരതത്തിലെ ദളിത് ക്രൈസ്തവ സമൂഹം. പിറന്ന മണ്ണിൽ സഹോദരതുല്യം ജീവിക്കാനുള്ള നീതി നിഷേധിക്കപ്പെട്ട അവസ്ഥ തുടരുന്നു. ഭരണഘടന ഉറപ്പുതരുന്ന അവസരസമത്വവും തുല്യപരിഗണനയും ക്രിസ്തുമതം സ്വീക രിച്ചതിന്റെ പേരിൽ നമുക്ക് ലഭിക്കാതെ പോകുന്നു. അർഹമായ വിദ്യാ ഭ്യാസവും തൊഴിലും ആനുകൂല്യങ്ങളും ഭരണകാര്യങ്ങളിൽ പങ്കാളി ത്തവും നിഷേധിക്കപ്പെടുന്നു. ഈ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ വർഷം ആഗസ്റ്റ് 16-ാം തീയതി "നീതിഞായർ" ആചരിക്കുന്നത്. തികച്ചും പ്രതികൂലസാഹചര്യങ്ങളിലും തങ്ങൾക്ക് ലഭിച്ച വിശ്വാസത്തെ ദൈവ ത്തിന്റെ ദാനമായും സമ്പത്തായും കരുതി പ്രത്യാശയോടെ നീതിക്കു വേണ്ടി പോരാടുന്ന ദളിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യം ഭാരത സഭ പ്രഖ്യാപിക്കുന്ന ദിവസവുമാണ് "നീതിഞായർ".

ഗോത്രവർഗങ്ങളെപ്പോലെ മതവ്യത്യാസമില്ലാതെ എല്ലാ ദളിത് വിഭാഗങ്ങളും സ്വതന്ത്രഭാരതത്തിൽ തുല്യമായ സംവരണാനുകൂല്യ ങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ന് രാഷ്ട്രപതിയുടെ ഉത്തരവിലൂടെ ഹിന്ദുക്കളല്ലാത്ത ദളിതരെയെല്ലാം സംവരണത്തിനാ യുള്ള പട്ടികയിൽ നിന്ന് ഒഴിവാക്കി. ഭരണഘടനാവിരുദ്ധമായ പ്രസ്തുത ഉത്തരവിനെതിരെ അന്നുമുതൽ സമരങ്ങളും പ്രക്ഷോഭങ്ങളും ആരം ഭിച്ചു. 1956-ൽ സിക്കുമതക്കാരായ ദളിതരെയും 1990-ൽ ബുദ്ധമതക്കാ രായ ദളിതരെയും സംവരണപട്ടികയിൽ വീണ്ടും ഉൾപ്പെടുത്തി ആനു കൂല്യങ്ങൾ നല്കിവരുന്നു. ക്രൈസ്തവരും മുസ്ലീമുകളും ഇന്നും

സംവരണ പട്ടികയിൽ നിന്നും പുറത്താണ്. മുസ്ലീമുകൾക്കുവേണ്ടി കേന്ദ്രസർക്കാർ നിയമിച്ച സച്ചാർ കമ്മിറ്റി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ അവരുടെ ജീവിതനിലവാരം കുറച്ചൊക്കെ മെച്ചപ്പെട്ടുവരുന്നു. ദളിത് ക്രൈസ്തവർക്കുവേണ്ടി രംഗനാഥമിശ്ര കമ്മിഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ മുൻ സർക്കാരും ഇപ്പോഴത്തെ സർക്കാരും തയ്യാറായിട്ടില്ല. അതു നടപ്പിലാക്കണമെന്ന് പറയാൻ രാഷ്ട്രീയകക്ഷികൾ മടിക്കുകയാണ്. സുപ്രീം കോടതിയിൽ ദളിത് ക്രൈസ്തവർ നടത്തിവരുന്ന കേസുമായി ബന്ധപ്പെട്ട് സർക്കാർ അടിയന്തരമായി നല്കേണ്ട മറുപടിപോലും നല്കിയിട്ടില്ല.

ദളിത് ക്രൈസ്തവർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണാനുകൂല്യങ്ങൾ നല്കണമെന്ന് തമിഴ്നാട് നിയമസഭ ഏകകണ്ഠേന പ്രമേയം പാസാക്കിയിട്ടും രാഷ്ട്രീയ പ്രബുദ്ധത അവകാശപ്പെടുന്ന കേരള നിയമസഭയ്ക്ക് ഒരു പ്രമേയം പാസാക്കാൻ സാധിച്ചിട്ടുമില്ല. ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി സ്ഥാപിതമായിരിക്കുന്ന പരിവർത്തിത ശുഭാർശിത വികസന കോർപ്പറേഷന് അർഹിക്കുന്ന ഫണ്ട് നീക്കിവയ്ക്കാൻ കേരളത്തിലെ ധനകാര്യവകുപ്പിനും സാധിക്കാതെ പോകുന്നു. ഇങ്ങനെയുള്ള അതിദാരുണമായ സാഹചര്യങ്ങൾ എല്ലാക്കാലത്തും ദളിത് ക്രൈസ്തവസമൂഹം അനുഭവിക്കുന്നു. അതുകൊണ്ടാണ് ദളിത് ക്രൈസ്തവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഈ സമൂഹത്തിന്റെ പ്രശ്നങ്ങൾ പൊതുസമൂഹത്തിനെ അറിയിക്കുന്നതിനുമായി സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായർ "നീതിഞായറാ"യി ആചരിക്കാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി 1986-ൽ തീരുമാനമെടുത്തത്. ദളിത് ക്രൈസ്തവരുടെ ഭരണഘടനാപരമായ അവകാശം നേടിയെടുക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2015 ഓഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നൽകുകയോ ചെയ്യേണ്ടതാണ്.**

## പ്രത്യേക ശ്രദ്ധയ്ക്ക്

1. "നീതിഞ്ഞായർ ആചരണം" ഓരോ രൂപതയിലേയും ഡി.സി. എം.എസ്-ന്റെ നേതൃത്വത്തിൽ ഇടവക-ഫെറോനാ രൂപതാതലത്തിൽ ആചരിക്കേണ്ടതാണ്. നീതിഞ്ഞായർ സഭയുടെ ആചരണത്തിന്റെ ഭാഗമായതുകൊണ്ടു തന്നെ എല്ലാ സംഘടനകളും സജ്ജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നീതിഞ്ഞായർ ആചരണത്തെക്കുറിച്ചുള്ള റിപ്പോർട്ട് സംസ്ഥാനഡയക്ടറുടെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

2. "നീതിഞ്ഞായറി"നോട് അനുബന്ധിച്ച് സംസ്ഥാനതലത്തിൽ നാം ഡി.സി.എം.എസ് പ്രതിനിധി സമ്മേളനം ആഗസ്റ്റ് 29-ാംതീയതി തിരുവനന്തപുരത്തു വച്ച് നടത്തുകയാണ്. അതിനെ സംബന്ധിച്ച വിശദമായ അറിയിപ്പുകൾ നിങ്ങൾക്ക് നല്കുന്നതായിരിക്കും.

3. കേരള മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് "നീതിഞ്ഞായർ" കേരളത്തിലെ എല്ലാ ഇടവകകളിലും കാണിക്ക (സ്തോത്രകാഴ്ച) സ്വീകരിക്കേണ്ടതും ലഭിക്കുന്ന കാണിക്ക മുഴുവനും അതാതു രൂപതകളിലെ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതും രൂപതാധ്യക്ഷന്റെ അറിവോടെ പ്രൊക്കുറേറ്റർ Chairman, KCBC SC/ST/BC Commission, Bishop's House, Punalur-691322, Kollam എന്ന വിലാസത്തിൽ ഇടവകകളിൽ നിന്നും ലഭിക്കുന്ന തുകയുടെ ചെക്ക് അയച്ചുതരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുകയിൽ നിന്നാണ് നാം ദളിത് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നല്കുന്നത്.

4. കഴിഞ്ഞ ഒന്നരവർഷമായി ഡി.സി.എം.എസ്സിന്റെ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിൽ (വിജയപുരം രൂപത) അച്ചൻ വിരമിച്ചതിനെ തുടർന്നു ബഹുമാനപ്പെട്ട ഷാജ്കുമാർ (നെയ്യാറ്റിൻകര രൂപത, ഫോൺ: 9496334466) അച്ചനെ ഡി.സി.എം.എസ്സ്-ന്റെ ഡയറക്ടറായി കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിലച്ചന് നന്ദി പറയുന്നതോടൊപ്പം ബഹുമാനപ്പെട്ട ഷാജ്കുമാർ അച്ചനോട് ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

5. സാധിക്കുന്നിടങ്ങളിൽ ഈ സർക്കുലർ നീതിഞ്ഞായറിന്റെ തലേ ഞായറാഴ്ച വായിച്ച് ജനങ്ങളെ "നീതിഞ്ഞായർ" ആഘോഷത്തിന് ഒരുക്കുന്നതു ഉചിതമായിരിക്കും. ബി.സി.സി. തലങ്ങളിൽ ദളിത് ക്രൈസ്തവർ ഇന്നനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പഠന ശിബിരങ്ങൾ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

# ഒരു കുടുംബം ആയിരിക്കേണ്ടത് എങ്ങനെ

## സമൂഹത്തിനുള്ള മാതൃകയിലേക്ക് ഫ്രാൻസീസ് മാർപാപ്പ വിരൽ ചൂണ്ടുന്നു

*ഇക്വദോറിലേക്കുള്ള ഫ്രാൻസീസ് മാർപാപ്പയുടെ സന്ദർശനത്തിന്റെ മൂന്നാം ദിവസത്തെ അവസാന സമ്മേളനം രാഷ്ട്രീയ, സാമ്പത്തിക, പൊതുനേതാക്കളുടെ പ്രതിനിധികളുമായുള്ളതായിരുന്നു. ജൂലൈ 7-ാം തീയതി ചൊവ്വാഴ്ച ക്വിറ്റോയിലെ വിശുദ്ധ ഫ്രാൻസീസിന്റെ ദേവാലയത്തിൽ ആണ് സമ്മേളനം നടന്നത്. മാർപാപ്പയുടെ പ്രഭാഷണത്തിന്റെ പരിഭാഷ, ചുവടെ.*

പ്രിയ സ്നേഹിതരേ,

ശുഭദിനാശംസകൾ. നിങ്ങളെ മുഖത്തോടുമുഖം അഭിമുഖീകരിക്കാത്തതിന് ക്ഷമാപണം. വ്യക്തമായി കാണാൻ കഴിയാത്തതിനാൽ വായിക്കാൻ എനിക്ക് വെളിച്ചം വേണം. ഈ രാജ്യത്തെ സാമൂഹിക രാഷ്ട്രീയ, സാമ്പത്തിക ജീവിതത്തെ പ്രതിനിധീകരിക്കുകയും, അതിന്റെ പുരോഗതി ഉറപ്പാക്കുകയും ചെയ്യുന്ന നിങ്ങളോടൊത്ത് ആയിരിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

ഞാൻ ഈ ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ ക്വിറ്റോയിലെ മേയർ നഗരത്തിന്റെ താക്കോലുകൾ എനിക്കുതന്നു. അതിനാൽ ഇവിടെ, ക്വിറ്റോയിലെ സെന്റ് ഫ്രാൻസീസ് ദൈവാലയത്തിൽ, സ്വഭവനത്തിലെ പ്രതീതിയാണ് എനിക്ക് എന്നുപറയാൻ കഴിയും. വാത്സല്യംനിറഞ്ഞ സാമീപ്യത്തിന്റെ ഈ പ്രകടനം, നിങ്ങളുടെ വാതിലുകൾ എനിക്കായി തുറക്കുന്നത്, പകരം, മറ്റു ചില താക്കോലുകളെക്കുറിച്ചു സംസാരിക്കുവാൻ എന്നെ അനുവദിക്കുന്നു: സമൂഹത്തിലെ നമ്മുടെ ജീവിതത്തിന്റെ താക്കോലുകളെക്കുറിച്ച്. സ്വഭവനത്തിൽ ആയിരിക്കുന്നതിന്റെ പ്രതീതി ഉളവാക്കുന്നതിൽ തുടങ്ങി, കുടുംബ ജീവിതത്തിന്റെ അനുഭവത്തിൽ തുടങ്ങിയുള്ളത്.

ഓരോ വ്യക്തിയും, ഓരോ സാമൂഹ്യ സംഘവും യഥാർത്ഥത്തിൽ സ്വഭവനത്തിലായിരിക്കുന്ന പ്രതീതി, സന്തോഷം അനുഭവിക്കുമ്പോൾ നമ്മുടെ സമൂഹം പ്രയോജനം നേടുന്നു. ഒരു കുടുംബത്തിൽ, മാതാപിതാക്കൾ, വല്ല്യപ്പൻ, വല്ല്യമ്മ, കുട്ടികൾ എന്നിവരെല്ലാം സന്തുഷ്ടരാണ്. ആരും ഒഴിവാക്കപ്പെടുന്നില്ല. ഒരുവന് ഒരു പ്രശ്നമുണ്ടെങ്കിൽ, ഗുരുതരമായാൽപ്പോലും, സ്വയം വരുത്തിവച്ചതാണെങ്കിൽക്കൂടി,

കുടുംബത്തിലെ മറ്റുള്ളവർ അവന്റെ സഹായത്തിന് എത്തുന്നു. അവർ അവനെ പിന്തുണയ്ക്കുന്നു. അവന്റെ പ്രശ്നങ്ങൾ അവരുടേതാണ്. ഞാൻ ആ അമ്മമാരെക്കുറിച്ചും ഭാര്യമാരെക്കുറിച്ചും ചിന്തിക്കുകയാണ്. സന്ദർശനദിവസങ്ങളിൽ ജയിലുകളിൽ അവർ ക്യൂനിൽക്കുന്നത് ബ്യൂണസ് അയേഴ്സിൽ ഞാൻ കണ്ടിട്ടുണ്ട്. ലളിതമായി പറഞ്ഞാൽ പ്രശ്നത്തിൽ അകപ്പെട്ട അവരുടെ മകനെ അല്ലെങ്കിൽ ഭർത്താവിനെ കാണുവാൻ വേണ്ടി. അവർ ഉപേക്ഷിക്കപ്പെട്ടിട്ടില്ല. എന്തെന്നാൽ, ഒരു ഭവനത്തിന്റെ ഭാഗമായി അവർ തുടരുന്നു. ഈ സ്ത്രീകൾ എന്തൊരു പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്. സമൂഹത്തിലും ഇതുതന്നെ സംഭവിക്കേണ്ടതല്ലേ? സമൂഹത്തിൽ, രാഷ്ട്രീയ ജീവിതത്തിൽ- വാക്കിന്റെ വിശാല അർത്ഥത്തിൽ ആണെങ്കിൽപ്പോലും - വാഴ്ത്തപ്പെട്ട പോൾ ആറാമൻ പറഞ്ഞതുപോലെ, രാഷ്ട്രീയം ഉപവിയുടെ സമുന്നത രൂപങ്ങളിൽ ഒന്നാണ് എന്നതു വിസ്മരിക്കാതെ തന്നെ - നമ്മുടെ ബന്ധങ്ങൾ മിക്കപ്പോഴും തിരസ്ക്കാരത്തിൽ കലാശിക്കുന്ന ഏറ്റുമുട്ടലിൽ അടിസ്ഥാനമാക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവരുടെമേൽ അധീശത്വം ഉണ്ടെങ്കിൽ, മുമ്പോട്ടു നീങ്ങും. എന്റെ ഇച്ഛ അവരുടെമേൽ അടിച്ചേൽപ്പിച്ചാൽ, അവരെ അവഗണിച്ചാൽ എന്റെ സ്ഥാനം, എന്റെ ആശയങ്ങൾ, എന്റെ പദ്ധതികൾ എല്ലാം മുമ്പോട്ടു നീങ്ങും. ഈ രീതിയിൽ പാഴ്വസ്തുക്കളുടേതായ ഒരു സംസ്കാരം പടുത്തുയർത്തുന്നു. അത് എന്ന് ആഗോളമാനം ആർജ്ജിച്ചുകഴിഞ്ഞു. ഒരു കുടുംബം ആയിരിക്കേണ്ട രീതി ഇങ്ങനെ ആണോ? കുടുംബങ്ങളിൽ ഏവരും ഒരു പൊതുലക്ഷ്യത്തിനായി സംഭാവന ചെയ്യുന്നു. പൊതുനന്മയ്ക്കായി ഏവരും പ്രവർത്തിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിത്വം നിഷേധിക്കാതെ, പ്രത്യുത, അതിനെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് അവർ കലഹിക്കുന്നു. പക്ഷേ, മാറ്റമില്ലാതെ തുടരുന്ന ഒന്നുണ്ട്: കുടുംബബന്ധം. കുടുംബത്തിലെ തർക്കങ്ങൾ പിന്നീട് പരിഹരിക്കപ്പെടുന്നു. ഓരോരുത്തരുടെയും സന്തോഷങ്ങളും സങ്കടങ്ങളും എല്ലാവരും അനുഭവിക്കുന്നു. ഒരു കുടുംബം ആയിരിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഇതാണ്. നമ്മുടെ രാഷ്ട്രീയ എതിരാളികളെ അല്ലെങ്കിൽ അയൽക്കാരെ കാണുന്നത് നമ്മുടെ മക്കൾ, അല്ലെങ്കിൽ നമ്മുടെ ജീവിതപങ്കാളി, അപ്പൻ അല്ലെങ്കിൽ അമ്മ ഇവരെയൊക്കെ കാണുന്നതുപോലെ ആണ് എങ്കിൽ ഇത് എത്ര നല്ലതായിരിക്കും! നാം നമ്മുടെ സമൂഹത്തെ സ്നേഹിക്കുന്നുണ്ടോ? അഥവാ അത് ഇപ്പോഴും വിദൂരസ്ഥമായ എന്തെങ്കിലും ആണോ? നമ്മെ ഉൾപ്പെടുത്താത്ത, എനിക്ക് യാതൊരു പ്രതിബദ്ധതയും ഇല്ലാത്ത

അജ്ഞാതമായ എന്തോ ആണോ അത് ഇപ്പോഴും? നാം പടുത്തുയർത്താൻ ശ്രമിക്കുന്ന സമൂഹത്തെ, നമ്മുടെ രാജ്യത്തെ നാം സ്നേഹിക്കുന്നുണ്ടോ? അമൂർത്തമായി, താത്വികമായി മാത്രമാണോ നാം അതിനെ സ്നേഹിക്കുന്നത്. വിശുദ്ധ ഇഗ്നേഷ്യസ് നമ്മോടു "അഭ്യസനങ്ങളിൽ" പറയുന്നു സ്നേഹം വാക്കുകളിലൂടെ എന്നതിനേക്കാൾ പ്രവൃത്തികളിലൂടെ കൂടുതൽ പ്രകടിതമാകുന്നു എന്ന് ഇവിടെ പ്രസ്താവിക്കുവാൻ എന്നെ അനുവദിക്കുക. നമ്മുടെ വാക്കുകളെന്നതിനേക്കാൾ നമ്മുടെ പ്രവർത്തികൾ കൊണ്ട് നമുക്ക് സമൂഹത്തെ സ്നേഹിക്കാം. എല്ലാ വ്യക്തിയിലും, മൂർത്തമായ സാഹചര്യങ്ങളിലും നമ്മുടെ ജീവിതത്തിലും ഒരുമിച്ച് സ്നേഹം എല്ലായ്പോഴും ആശയവിനിമയം ചെയ്യപ്പെടുന്നു. അത് എപ്പോഴും ആശയവിനിമയത്തിലേക്ക് നയിക്കുന്നു. ഒരിക്കലും ഒറ്റപ്പെടലിലേക്ക് അല്ല. സമൂഹത്തെ വ്യത്യസ്തമായി നോക്കിക്കാണുവാൻ രണ്ടു മാനദണ്ഡങ്ങൾക്ക് നമ്മെ സഹായിക്കാൻ കഴിയും. അതിനെ നോക്കിക്കാണാൻ മാത്രമല്ല, അതിനെ ശ്രവിക്കുവാനും അതെക്കുറിച്ച് വിചിന്തനം നടത്തുവാനും, അതേ സമൂഹത്തെ സ്പർശിക്കുവാനും സ്നേഹിക്കുവാനും.

ഈ വികാരം വ്യക്തിപരമായ ബന്ധങ്ങളെ ബലപ്പെടുത്തുന്ന ചെറിയ അർത്ഥ സംജ്ഞകൾ ഉളവാക്കും. സമൂഹത്തിന്റെ പ്രാഥമിക ചെറുഘടകം എന്ന നിലയ്ക്ക് കുടുംബത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ മിക്കപ്പോഴും സംസാരിച്ചിട്ടുണ്ട്. സ്നേഹം, സാഹോദര്യം, പരസ്പരബഹുമാനം തുടങ്ങിയ അടിസ്ഥാന മൂല്യങ്ങൾ നാം കുടുംബത്തിൽ കണ്ടെത്തുന്നു. സമൂഹത്തിന് മൊത്തത്തിൽ ആവശ്യമായ സാരവത്തായ മൂല്യങ്ങളായി അവയെ നാം പരിഭാഷപ്പെടുത്തുന്നു: സൗജന്യം, ഐക്യദാർഢ്യം, വിധേയത്വം തുടങ്ങിയവയെ. അതുകൊണ്ട്, സ്വഭവനത്തിൽ ആയിരിക്കുക എന്നതിന്റെ അർത്ഥം എന്താണ് എന്നതിൽ ആരംഭിച്ച്, കുടുംബത്തിലേക്ക് നോക്കിക്കൊണ്ട്, കുടുംബത്തിൽ, ഭവനത്തിൽ നാം പരിപോഷിപ്പിക്കുന്ന സാമൂഹിക മൂല്യങ്ങളിലൂടെ നമുക്ക് കുടുംബത്തെ വിലയിരുത്താം: നന്ദി, ഐക്യദാർഢ്യം എന്നിവയിലൂടെ അധീനവകാശം.

കൃതജ്ഞത: മക്കളെല്ലാം തുല്യമായി സ്നേഹിക്കപ്പെടുന്നു എന്ന് മാതാപിതാക്കൾക്ക് അറിയാം; ഓരോരുത്തർക്കും അവന്റെ അല്ലെങ്കിൽ അവളുടെ തനതു സ്വഭാവം ഉണ്ട് എങ്കിൽക്കൂടി. എന്നാൽ, മാതാപിതാക്കളിൽനിന്ന് സൗജന്യമായി ലഭിച്ചത് പങ്കുവയ്ക്കാൻ മക്കൾ കൂട്ടാക്കാത്തപ്പോൾ ഈ ബന്ധം തകരുന്നു; അഥവാ അത് കുഴപ്പത്തിൽ ആയിത്തീരുന്നു. ഏറെ പൊതുവായ പ്രതിഭാസമാണ് ഇത്. ആദ്യ

പ്രതികരണങ്ങൾ, മിക്കപ്പോഴും അമ്മയുടെതന്നെ അവബോധത്തിനു മുമ്പേ ഉണ്ടാകുന്നവ, അവൾ ഗർഭിണിയാകുമ്പോഴാണ് ഉണ്ടാകുന്നത്. കുടുംബത്തിൽ ഒരു കുട്ടി വിചിത്രമായി പെരുമാറുവാൻ തുടങ്ങുമ്പോൾ; അകലാൻ തുടങ്ങുമ്പോൾ: എന്തെന്നാൽ, അവൻ അല്ലെങ്കിൽ അവൾ ചുവന്ന ട്രാഫിക് ലൈറ്റ് കാണുന്നു: "ജാഗ്രത, ഇനിയിപ്പോൾ മത്സര മുണ്ട്;" "ജാഗ്രത പുലർത്തുക; മേലിൽ നീ ഏക സന്തതിയല്ല." അത് നിങ്ങളെ ചിന്തിപ്പിക്കുന്നു. തങ്ങളുടെ സ്വാർത്ഥത അതിജീവിക്കാൻ മാതാപിതാക്കളുടെ സ്നേഹം മക്കളെ സഹായിക്കുന്നു. നവാതിഥിയോ ടൊത്ത്, മറ്റുള്ളവരോടൊത്ത് ജീവിക്കുവാൻ, വഴങ്ങിക്കൊടുക്കുവാനും ക്ഷമ പ്രകടിപ്പിക്കുവാനും പഠിപ്പിക്കുന്നു. കുട്ടികളോട് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "നിങ്ങളുടെ കയ്യിൽ രണ്ട് മിഠായി ഉള്ളപ്പോൾ സ്നേഹി തനെ കണ്ടാൽ എന്തു ചെയ്യും മിക്കവാറും അവർ മറുപടി പറയും: ഒരെണ്ണം ഞാനവന് കൊടുക്കും." പൊതുവിലുള്ള പ്രതികരണം അതാണ്. "ഇനി, നിങ്ങളുടെ കൈവശം ഒരു മിഠായി മാത്രമേ ഉള്ളൂ. സ്നേഹിതൻ വരുന്നത് കാണുന്നു." ഇവിടെ അവർ സന്ദേഹിക്കുന്നു. മറുപടി പലതരത്തിലായിരിക്കും. "ഞാൻ അത് അവനു കൊടുക്കും. ഞാനത് പങ്കുവയ്ക്കും. അല്ലെങ്കിൽ ഞാനത് എന്റെ പോക്കറ്റിൽത്തന്നെ വയ്ക്കും." മറ്റുള്ളവരോട് ഉദാരമനസ്കത പ്രകടിപ്പിക്കുന്നത് എങ്ങനെ എന്ന് അറിയാവുന്ന ഒരുവനാണ്, പഠിക്കുന്ന കുട്ടി. സമൂഹത്തിന്റെ വിശാല ജീവിതത്തിൽ നാം കാണുന്നത് സൗജന്യം, അധികമായി ഉള്ള തെന്തെങ്കിലും അല്ല; പ്രത്യുത, നീതിയുടെ ഒരു ആവശ്യ നിബന്ധന ആണ് എന്നാണ്. നാം ആരാണ്, നമുക്ക് എന്താണ് ഉള്ളത് എന്നിവ നമുക്ക് നൽകപ്പെട്ടത് മറ്റുള്ളവരുടെ ശുശ്രൂഷയ്ക്കായി നമുക്ക് അത് വയ്ക്കാൻ കഴിയും എന്നതിനാലാണ്. നമുക്ക് സൗജന്യമായി ലഭിച്ചത് നാം സൗജന്യമായി നൽകണം. സത്പ്രവൃത്തികളിൽ അവ ഫലം അണിയാൻ ഇടയാക്കുക എന്നതാണ് നമ്മുടെ ദൗത്യം. ഭൂമിയിലെ വസ്തുക്കൾ എല്ലാവർക്കും വേണ്ടി ഉള്ളതാണ്. എന്നാൽ ചിലർ സ്വന്തം വസ്തുവായി എത്രയധികം നിരത്തി പ്രദർശിപ്പിച്ചാലും, എപ്പോഴും അതിന് സാമൂഹ്യമായ ഒരു ഈടവകാശം ഉണ്ട്. ഈ രീതിയിൽ, തികച്ചും സാമ്പത്തികമായ നീതിക്കപ്പുറത്തേയ്ക്ക് നാം പോകുന്നു; വാണിജ്യത്തെ അടിസ്ഥാനമാക്കി; സാമൂഹ്യനീതിയിലേക്ക് നീങ്ങുന്നു. കുലീനമായ ഒരു ജീവിതത്തിനുള്ള മൗലികാവകാശത്തെ അത് ഉയർത്തിപ്പിടിക്കുന്നു. നീതിയുടെ പ്രമേയം തുടരുമ്പോൾ, ഇക്വദോറിൽ സുലഭമായുള്ള പ്രകൃതി വിഭവങ്ങളുടെ വിനിയോഗം താൽക്കാലിക ലാഭത്തിനുവേണ്ടിയുള്ളതാകരുത്.

നാം സ്വീകരിച്ചിട്ടുള്ള ഈ സമ്പത്തുക്കളുടെ കാര്യവിചാരിപ്പുകാർ എന്ന നിലയിൽ, മൊത്തം സമൂഹത്തോട്, ഭാവിതലമുറകളോട് നമുക്ക് ഒരു ഉത്തരവാദിത്തമുണ്ട്: പരിസ്ഥിതിയോട് വേണ്ടത്ര പരിഗണന കൂടാതെ, സൃഷ്ട ലോകത്തെക്കുറിച്ചുള്ള നമ്മുടെ ധ്യാന വിചിന്തനത്തിൽനിന്ന് ജന്മം കൊണ്ട സൗജന്യബോധം കൂടാതെ, നമുക്ക് ഈ പൈതൃകം അവർക്ക് സമ്മാനിക്കാനാവില്ല. ഇന്ന് നമ്മുടെ ഇടയിൽ ഇക്വറ്റോറിയൽ ആമസോണിലെ ആദിവാസി ജനതകളെ പ്രതിനിധീകരിക്കുന്ന സഹോദരീ സഹോദരന്മാരുണ്ട്. ജനുസ്സുകളുടെ എണ്ണത്തിലും പ്രാദേശികവും വിരളം അല്ലെങ്കിൽ വേണ്ടത്ര സംരക്ഷിക്കപ്പെടാത്തതുമായ ജനുസ്സുകളുടെ എണ്ണത്തിൽ ആ പ്രദേശം ഏറ്റവും സമ്പന്നമാണ്.... അതിന് കൂടുതൽ സംരക്ഷണം ആവശ്യമാണ്. എന്തെന്നാൽ, ആഗോളപരിസ്ഥിതി വ്യവസ്ഥയിൽ അതിനുള്ള അപാരമായ പ്രാധാന്യമാണ്.... അതിന് അതിസങ്കീർണ്ണമായ ഒരു ജൈവവൈവിദ്ധ്യം ഉണ്ട്. അതിനെ പൂർണ്ണമായി ആസ്വദിക്കുക എന്നത് മിക്കവാറും അസാദ്ധ്യമാണ്. എങ്കിലും അത്തരം വനപ്രദേശങ്ങൾ അഗ്നിക്കിരയാക്കപ്പെടുമ്പോൾ, അല്ലെങ്കിൽ കൃഷി ആവശ്യങ്ങൾക്കായി തെളിച്ചെടുക്കുമ്പോൾ, ഏതാനും വർഷങ്ങൾക്കുള്ളിൽ എണ്ണമറ്റ ജനുസ്സുകൾ നഷ്ടമാകുന്നു. പ്രദേശങ്ങൾ മിക്കപ്പോഴും തരിശുഭൂമികളായിത്തീരുന്നു. [Cf. "അങ്ങേയ്ക്ക് സ്തുതി" (Laudato Si') 37-38] ആമസോണിനോടും ചേർന്നു കിടക്കുന്ന മറ്റു രാജ്യങ്ങളോടൊപ്പം ഇക്വദോറിന് സംയോജിത പരിസ്ഥിതി വിജ്ഞാനീയത്തിന്റെ ആചാര്യൻ ആയിത്തീരുവാനുള്ള അവസരമുണ്ട്. കഴിഞ്ഞ തലമുറകളിൽനിന്ന് ഒരു പൈതൃക സ്വത്തായി നമുക്ക് ഈ ലോകം ലഭിച്ചു. പക്ഷേ നമ്മുടെ കുട്ടികളിൽനിന്നും, ഭാവി തലമുറകളിൽനിന്നും, ഒരു വായ്പയായി നമുക്കു ലഭിച്ചതാണ് അത് എന്നുകൂടി നാം ഓർക്കണം. അവർക്ക് നാം അത് തിരിച്ചുകൊടുക്കുന്നത് മെച്ചപ്പെട്ട ഒരു അവസ്ഥയിൽ ആയിരിക്കണം അതാണ് സൗജന്യ സമ്മാനം.

കുടുംബത്തിന്റെ സാഹോദര്യാനുഭവത്തിൽ നിന്ന് ജന്മം കൊള്ളുന്നതാണ് രണ്ടാമത്തെ മൂല്യം, സമൂഹത്തിലെ ഐക്യദാർഢ്യം. ആവശ്യക്കാർക്ക് നൽകുന്നതിൽ മാത്രമല്ല അത് അടങ്ങിയിരിക്കുന്നത്. പ്രത്യുത, പരസ്പരം ഉത്തരവാദിത്തബോധം പ്രകടിപ്പിക്കുന്നതിൽ കൂടിയാണ്. മറ്റുള്ളവരെ നമ്മുടെ സഹോദരീ സഹോദരന്മാരായി നാം കാണുന്നു എങ്കിൽ, അപ്പോൾ ആരെയും ഒഴിവാക്കാനാവില്ല; ഒരു വ്യക്തിയെയും മാറ്റിനിർത്താനാവില്ല.

മറ്റ് അനവധി ലാറ്റിനമേരിക്കൻ രാജ്യങ്ങളെപ്പോലെ ഇക്വദോറും അഗാധമായ സാമൂഹിക-സാംസ്കാരിക മാറ്റങ്ങൾ ഇപ്പോൾ അനുഭവിക്കുകയാണ്. സംസക്തി ശീലമുള്ളതായ ഒരു സാമൂഹിക ഘടന സൃഷ്ടിക്കാൻ പര്യാപ്തമായ സ്ഥായിയായ ഒരു വികസനം പ്രോത്സാഹിപ്പിക്കുകയും വേണം. ഐക്യദാർഢ്യമില്ല എങ്കിൽ ഇവയെല്ലാം നടപ്പാക്കുക അസാദ്ധ്യമായിരിക്കും. യുവജനങ്ങളെക്കുറിച്ച് ഞാൻ പരാമർശിച്ചു. തൊഴിലിന്റെ അഭാവത്തെക്കുറിച്ചും ഞാൻ പരാമർശിച്ചു. ആഗോളതലത്തിൽ ഇത് ഭീതിജനകമാണ്. വർഷങ്ങൾക്കു മുൻപ് മുമ്പന്തിയിൽ ആയിരുന്ന യൂറോപ്യൻ രാജ്യങ്ങൾ ഇപ്പോൾ യുവജനങ്ങളുടെ കാര്യത്തിൽ ദുരിതം അനുഭവിക്കുകയാണ്. 25 വയസ്സിൽ താഴെയുള്ളവർക്കിടയിൽ 40, 50 ശതമാനം തൊഴിലില്ലായ്മയുണ്ട്. ഐക്യദാർഢ്യം ഇല്ലാതെ പരിഹാരം ഉണ്ടാകുകയില്ല. സലേഷ്യൻ സഭാംഗങ്ങളോട് ഞാൻ പറഞ്ഞു: "മറ്റുള്ളവരെ വിദ്യാഭ്യാസം ചെയ്യിക്കാനാണ് ഡോൺ ബോസ്കോ നിങ്ങളെ സ്ഥാപിച്ചത്. ഇന്ന് തൊഴിൽ നഷ്ടപ്പെട്ട യുവജനങ്ങൾക്ക് അടിയന്തര വിദ്യാഭ്യാസം ആവശ്യമാണ്." എന്തുകൊണ്ട്? തൊഴിൽ ചെയ്യുന്നതിന് യുവജനങ്ങളെ സജ്ജരാക്കുവാൻ അടിയന്തര പരിശീലനം ആവശ്യമാണ്; പരിമിതമായ അവസരങ്ങളേ ഉള്ളൂ എങ്കിൽപ്പോലും. വീട്ടിലേയ്ക്ക് അപ്പം കൊണ്ടുപോകുക എന്ന അന്തസ്സ് അതിലൂടെ അവർക്ക് ലഭിക്കും. "അതുമില്ല, ഇതുമില്ല" എന്ന അവസ്ഥയിൽ പഠനമോ അല്ലെങ്കിൽ തൊഴിലോ ഇല്ലാത്ത അവസ്ഥയിൽ ആയിരിക്കുന്ന അത്തരം തൊഴിൽ രഹിത യുവജനങ്ങൾക്ക് മറ്റെന്ത് സാദ്ധ്യതകൾ ആണ് അവശേഷിച്ചിട്ടുള്ളത്? മദ്യം, മയക്കുമരുന്ന് മുതലായവയുടെ അടിമത്തം, സങ്കടം, വിഷാദാത്മകത, ആത്മഹത്യ (കുട്ടികളുടെ ആത്മഹത്യസംബന്ധിച്ച് സമഗ്ര സ്ഥിതി വിവരക്കണക്ക് ഒരിക്കലും പ്രസിദ്ധീകരിക്കപ്പെടാറില്ല) അല്ലെങ്കിൽ ഒരു ആശയം എങ്കിലും വാഗ്ദാനം ചെയ്യുന്ന സാമൂഹിക പദ്ധതികളിൽ പങ്കാളികളാവാനുള്ള സാധ്യത. ഒരു പ്രത്യേക രീതിയിൽ, ഐക്യദാർഢ്യത്തിന്റെ ചൈതന്യത്തോടെ, പാഴ്വസ്തു സംസ്കാരത്തിന്റെ ഒരു സംസ്കാരത്തിൽ ഒഴിവാക്കലിന്റെ മൂന്നാമത്തെ മേഖലയിൽ ശ്രദ്ധ ചെലുത്തുവാൻ ഇന്നു നാം വിളിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ മേഖലയിൽ കുട്ടികളാണ്. ഒന്നുകിൽ അവർ സ്നേഹിക്കപ്പെടാത്തതിനാൽ (ജനനനിരക്ക് ഏതാണ്ട് പൂജ്യം തന്നെ ആയിട്ടുള്ള വികസിത രാജ്യങ്ങൾ ഉണ്ട്). അല്ലെങ്കിൽ അത്രയ്ക്ക് ആവശ്യമില്ലാത്തവരാകയാൽ ജനിക്കുന്നതിനു മുമ്പുതന്നെ അവർ കൊല്ലപ്പെടുന്നു. രണ്ടാമതായി വയോജനങ്ങളാണ് ഉപേക്ഷിക്കപ്പെട്ടവർ; ആരും ഒരു പരിഗണനയും ശുശ്രൂഷയും നൽകാത്തവർ.

അവരുടെ ജനതയുടെ ഓർമ്മയുടെയും ജ്ഞാനത്തിന്റെയും പൈതൃകം, എന്ന നിലയ്ക്ക് വിസ്മരിക്കപ്പെട്ടവർ. അവർ അവഗണിക്കപ്പെടുന്നു. ഇനി യുവജനങ്ങളുടെ ഊഴമാണ്. മറ്റ് ഏതു വിഭാഗമാണ് ഇനി അവശേഷി ക്കുന്നത്? സ്വാർത്ഥത പ്രോത്സാഹിപ്പിക്കുന്നവർ. നമ്മെ ഏവരെയും അടിച്ചമർത്തുന്ന ഒരു വ്യവസ്ഥിതിയുടെ മദ്ധ്യഭാഗത്ത് കുടികൊള്ളുന്ന 'മാമോൻ' എന്ന ദൈവത്തെ ആരാധിക്കുന്നവർ.

അവസാനമായി, മറ്റുള്ളവരോടുള്ള ബഹുമാനം. കുടുംബ ത്തിൽനിന്ന് നാം പഠിക്കുന്ന അത് അധീനാവകാശത്തിൽ സാമൂഹിക മായ ആവിഷ്കാരം കണ്ടെത്തുന്നു. നമ്മുടെ തെരഞ്ഞെടുപ്പുകൾ മാത്ര മല്ല നിയമസാധുത ഉള്ളവ എന്നു തിരിച്ചറിയുന്നത് എളിമയിൽ ഉള്ള ആരോഗ്യകരമായ ഒരു അഭ്യസനം ആണ്. മറ്റുള്ളവരിൽ അന്തർലീന മായ നന്മ അവരുടെ പരിമിതികളോടൊത്ത് തന്നെ അംഗീകരിക്കുന്ന തിൽ വൈവിധ്യത്തിൽ സന്നിഹിതമായ ധന്യത നാം ദർശിക്കുന്നു. അതു പോലെതന്നെ പൂരകത്വത്തിന്റെ മൂല്യവും. വ്യക്തികൾക്കും സംഘ ങ്ങൾക്കും, അവർ ചിലപ്പോൾ തെറ്റുവരുത്തിയാൽപ്പോലും, അവരുടെ വഴിക്കു പോകുവാനുള്ള അവകാശം ഉണ്ട്. ആ സ്വാതന്ത്ര്യത്തോടുള്ള പൂർണ്ണ ആദരവിൽ, ഓരോവ്യക്തിയെയും സഹായിക്കാൻ പൗരസമൂഹം വിളിക്കപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ, സാമൂഹിക സംഘടന പ്രത്യേക പങ്ക് ഏറ്റെടുക്കുവാനും, അങ്ങനെ പൊതുനന്മയ്ക്ക് സംഭാ വന ചെയ്യുവാനും വിളിക്കപ്പെട്ടിരിക്കുന്നു. സംവാദം ആവശ്യമാണ്. സത്യ ത്തിൽ എത്തിച്ചേരുവാൻ അത് അടിസ്ഥാനപരമായി ആവശ്യമാണ്. അടിച്ചേൽപിക്കാനാവാത്തതാണ് അത്. പകരം, ആത്മാർത്ഥവും, വിമർശ നാത്മകവും ആയ ചൈതന്യത്തോടെ അന്വേഷിക്കപ്പെടേണ്ടതാണ്. ഒരു പങ്കാളിത്ത ജനാധിപത്യത്തിൽ ഓരോ സാമൂഹിക സംഘവും, തദ്ദേ ശീയ ജനതകളും, ആഫ്രോ-ഇക്വദോറിയൻകാരും, സ്ത്രീകളും, പൗര സമൂഹങ്ങളും, പൊതുസേവനത്തിൽ ഏർപ്പെട്ടിരിക്കുന്നവരും - എല്ലാ വരും ആ സംവാദത്തിൽ അനുപേക്ഷണീയരായ പങ്കാളികളാണ്; കാഴ്ച ക്കാരല്ല. ഈ നഗരത്തിന്റെ മതിലുകൾ, അങ്കണങ്ങൾ, ആവൃതികൾ തുടങ്ങിയവയെല്ലാം വാചാലമായി ഈ വസ്തുത വ്യക്തമാക്കുന്നു: ഇങ്കൻ, കരാൻകി സംസ്കാരങ്ങളുടെ ഘടകങ്ങളിൽ വേരൂന്നി, ആകാര അളവിലും അനുവാദത്തിലും സൗന്ദര്യമുള്ള, വിവിധ ശൈലികളെ ധൈര്യപൂർവ്വം, ശ്രദ്ധേയമായി സംയോജിപ്പിച്ച്, "ക്വിറ്റോ സ്കൂളി"ന്റെ കലാസൃഷ്ടികൾ ആ വലിയ സംവാദത്തിന്റെ സംഗ്രഹം നൽകുന്നു. ഇക്വദോറിന്റെ ചരിത്രപരമായ അതിന്റെ പരാജയങ്ങളും വിജയങ്ങളും സഹിതമാണ് ആ സംഗ്രഹം. അത് എത്ര മനോഹരമാണ് എന്ന് ഇന്നു

നാം കാണുന്നു. ഭൂതകാലം തെറ്റുകളിലും ദുരുപയോഗങ്ങളിലും മുദ്രിതമായിരുന്നു എങ്കിൽ – നമുക്ക് അത് എങ്ങനെ നിഷേധിക്കാൻ കഴിയും, നമ്മുടെ സ്വന്തം ജീവിതങ്ങളിൽപ്പോലും? – നമുക്കു പറയുവാൻ കഴിയും, തത്ഫലമായി ഉണ്ടായ സംയോജനം സമൃദ്ധിയും ആഹ്ലാദത്തിമിർപ്പും പ്രസരിപ്പിക്കുന്നു. തന്മൂലം വലിയ പ്രത്യാശയോടെ ഭാവിയിലേക്ക് നമുക്കു നോക്കുവാൻ കഴിയും.

പൊതുനന്മയുടെ അന്വേഷണത്തിൽ സഹകരിക്കുവാൻ സഭ ആഗ്രഹിക്കുന്നു. അവളുടെ സാമൂഹികവും, വിദ്യാഭ്യാസപരവുമായ പ്രവൃത്തികളിലൂടെയാണ് ആ സഹകരണം. ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ടാണത്. സകലർക്കും, പ്രത്യേകിച്ച് ഏറ്റവും അധികം ആവശ്യത്തിൽ ആയിരിക്കുന്നവർക്ക്, പ്രകാശത്തിന്റെ ഒരു കിരണവും പ്രത്യാശയും പ്രദാനം ചെയ്യുന്ന പ്രവചനാത്മകമായ ഒരു അടയാളമായി പ്രവർത്തിച്ചുകൊണ്ടാണ് ആ സഹകരണം. അനേകം പേർ എന്നോടു ചോദിക്കുന്നു: "പിതാവേ, ആവശ്യത്തിൽ ആയിരിക്കുന്നവരെക്കുറിച്ച് അങ്ങ് ഇത്രയധികം സംസാരിക്കുന്നത് എന്തുകൊണ്ടാണ്? ഒഴിവാക്കപ്പെട്ട ജനങ്ങളെക്കുറിച്ച്, പാതയോരങ്ങളിലുള്ള മനുഷ്യരെക്കുറിച്ച് ഇത്രയേറെ പറയുന്നത് എന്തുകൊണ്ടാണ്? ലളിതമായി പറഞ്ഞാൽ അത് യാഥാർത്ഥ്യമായതുകൊണ്ടും, ഈ യാഥാർത്ഥ്യത്തോടുള്ള പ്രതികരണം സുവിശേഷത്തിന്റെ ഹൃദയത്തിൽ ആയിരിക്കുന്നതുകൊണ്ടും ആണ്," ഈ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുമ്പോൾ നാം അനുവർത്തിക്കുന്ന മനോഭാവം ആണ്, മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതുപോലെ നാം വിധിക്കപ്പെടുന്നതിനുള്ള മാനദണ്ഡം.

ഇവിടെ ആയിരിക്കുന്നതിനും എന്നെ ശ്രവിച്ചതിനും നിങ്ങൾക്കു നന്ദി. നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന വിവിധ സമൂഹങ്ങൾ, സംഘങ്ങൾ എന്നിവയിലേക്ക് പ്രോത്സാഹനത്തിന്റേതായ എന്റെ വാക്കുകൾ എത്തിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന പൗരസമൂഹം എപ്പോഴും ഒരുവന് സ്വഭവനത്തിന്റെ പ്രതീതി ഉളവാക്കുന്ന അനുയോജ്യമായ ഒരു പശ്ചാത്തലം ആയിരിക്കുവാൻ കർത്താവ് അനുഗ്രഹിക്കട്ടെ. സൗജന്യമായ നൽകലിന്റെയും ഐക്യദാർഢ്യത്തിന്റെയും അധീനാവകാശത്തിന്റെയും മൂല്യങ്ങൾ അനുഭവവേദ്യമാകുകയും ആചരിക്കപ്പെടുകയും ചെയ്യുന്ന ഒരു ഇടമായിരിക്കട്ടെ അത്.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 20, 17 ജൂലൈ 2015*

# രൂപതാകച്ചേരി വാർത്തകൾ

**അനുസ്മരണം**

ബഹുമാനപ്പെട്ട ജോസഫ് മഴുവഞ്ചേരി അച്ചന്റെ ചരമവാർഷികം സെപ്റ്റംബർ 2 നാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ സെപ്റ്റംബർ 13 മുതൽ 18 വരെയും സെപ്റ്റംബർ 20 മുതൽ 25 വരെയും രണ്ടു ബാച്ചുകളിലായി ബഹു. വൈദികരുടെ വാർഷികധ്യാനം നടത്തു ന്നതായിരിക്കും. പ്രശസ്ത ധ്യാനഗുരുവും താമരശ്ശേരി സനാതന സെമി നാരിയിലെ പ്രൊഫസറുമായ ബഹു. തോമസ് കോഴിമല MCBS അച്ച നായിരിക്കും ധ്യാനം നയിക്കുക. ഗൗരവതരമായ കാരണങ്ങളാൽ ആർക്കെങ്കിലും ധ്യാനത്തിൽ പങ്കെടുക്കുവാൻ കഴിയാത്തപക്ഷം അക്കാര്യം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്ക് കൊണ്ടുവരുന്ന കാര്യം ഓർക്കുമല്ലോ.

**ജീസസ് ഫ്രട്ടേണിറ്റി ഞായർ – ഓഗസ്റ്റ് 9**

ഓഗസ്റ്റ് 9–ാം തീയതി ജീസസ് ഫ്രട്ടേണിറ്റി ഞായർ ആയി ആഘോഷിക്കുകയും കെ.സി.ബി.സി. നിർദ്ദേശ പ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ജീസസ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തന ങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിച്ചുതരികയും ചെയ്യുമല്ലോ.

**ജസ്റ്റീസ് സൺഡേ – ഓഗസ്റ്റ് 16**

മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെടുന്ന ദളിത് ക്രിസ്ത്യൻ സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദര ങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം.

ഓഗസ്റ്റ് 16 ന് വി.കുർബാന മദ്ധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചുകൊടുക്കുവാൻ രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**അഭിനന്ദനങ്ങൾ**

ഡൽഹിയിലെ Niscort Institute ൽ നിന്നും ജേർണലിസത്തിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി രൂപതയിൽ തിരിച്ചെത്തിയിരിക്കുന്ന ബഹു. ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചന് അഭിനന്ദനങ്ങൾ... ആശംസകൾ... അച്ചന്റെ പുതിയ ശുശ്രൂഷാ മേഖലകളിൽ ധാരാളം ദൈവാനുഗ്രഹ ങ്ങളും വിജയാശംസകളും നേരുന്നു.

**പാസ്റ്ററൽ കൗൺസിൽ (Pastoral Council)**

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2015 സെപ്റ്റംബർ 12 ന് ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

**അനുശോചനം**

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗമായി രുന്ന ശ്രീ.ജോർജ് വാളായിൽ (ചുണ്ടക്കര), രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗവും ഏ.കെ.സി.സി.യുടെ രൂപതാ പ്രസിഡണ്ടുമായി രുന്ന ശ്രീ. സി.എം. ഫ്രാൻസീസ് ചെറുകുടത്ത്‌വയലിൽ (സീതാമൗണ്ട്) എന്നിവരുടെ നിര്യാണത്തിൽ മാനന്തവാടി രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ.

**അഭിനന്ദനങ്ങൾ**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2015 വർഷത്തെ ഗോൾഡൻ മദർ അവാർഡിന് റവ.സി. ഇന്നസെന്റ് MSMI തിരഞ്ഞെടുക്കപ്പെട്ടു. സിസ്റ്ററിന് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങളും അനുമോദന ങ്ങളും അർപ്പിക്കുന്നു.

**ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

കഴിഞ്ഞ വൈദിക സമ്മേളനത്തിൽ തീരുമാനിച്ചതനുസരിച്ചും അഭിവന്ദ്യ പിതാവിന്റെ കത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചും എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ ശാഖ തുടങ്ങുകയും പ്രസിഡണ്ട്, സെക്രട്ടറി, ഖജാൻജി എന്നിവരെ തെരഞ്ഞെടുക്കുകയും അവരുടെ പേരു വിവരങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ രൂപതാ ഡയറക്ടർ ബഹു. ചാണ്ടി പുനക്കാട്ടച്ചനെ (മൊബൈൽ : 9447544483) അറിയിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

വൈദികസമ്മേളനത്തിൽ തീരുമാനിച്ചതനുസരിച്ചും അഭിവന്ദ്യ പിതാവിന്റെ കത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചും ദീപികയുടെ

യൂണിറ്റ് എല്ലാ ഇടവകകളിലും സ്ഥാപിച്ച് ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നവരുടെ പേരു വിവരങ്ങൾ ദീപികയുടെ രൂപതാ കോഡിനേറ്റർ ബഹു. സുനിൽ വട്ടുകുന്നേലച്ചനെ (മൊബൈൽ : 9447075966) അറിയിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## Appointment

Rev. Fr. Muthanikattu Martin (Justin) : Assistant Director, Radio Mattoli & Vicar Holy Face Church, Mothakkara (W.e.f. 28-6-2015)

## New Addresses and Phone Numbers

**1) Rev. Fr. Sebastian Ambalathinkal**
Kristu Jyoti College, Visvadeep
T. C Palaya, Krishnarajapuram P. O
Bangalore - 560036
Mob: 08197380993

**2) Rev. Fr. Tomy Puthenpurackal**
Sant Vianney Gurukul, New Daheli, Dudholi,
Bamini P.O, Ballarpur Via, Chandrapur Dt.
Mahararashtra, Pin 442701
Mob: 09421598223

**3) Rev. Fr. Augustine Thanniyil**
"St.Camillus" 51
Kiira Road P.O.Box 88
Jinja, Uganda - East Africa.
Mob: 00256752939632

| | | |
|---|---|---|
| Rev. Fr. Kalapura Vicent | : | Mob: 9448729577 |
| Rev. Fr. Kassamkuttiyil Binoy | : | 09585885153 |
| Rev. Fr. Plassanal Thomas | : | 09744037890 |
| Rev. Fr. Avangatt Saji VC | : | Mob: 8086927201 |
| Rev. Fr. Thengadayil Jose CMI | : | Mob: 9487149106 |
| Elapeedika, SKD Convent | : | 8281323790 |
| Kurumbalakotta, BPS Convent | : | 9447841979 |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# General Collection from 1st June 2014 to 31st May 2015

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Adakkathode | | 500 | 12445 | | 500 | 500 | 5001 | | 25110 | 500 | | 500 | 500 | 500 | 20145 | 25000 | | | 4500 | | 500 |
| Adikkolly | 1000 | 1000 | 3000 | | 1000 | 1000 | 3000 | | 3000 | 2000 | 1000 | 2000 | 1000 | 1000 | 22750 | 30000 | 5000 | 500 | 3000 | 1000 | 2000 |
| Alattil | 900 | 700 | 5900 | | 1000 | 1000 | 1100 | | | 600 | 1000 | 700 | 700 | 700 | 10000 | 25290 | 1000 | 800 | 2000 | | 1000 |
| Amarakuni | | 500 | | | | 300 | 500 | | 1000 | 750 | 750 | 300 | | 750 | 5000 | 50000 | | 1000 | 1000 | | |
| Ambalavayal | 3883 | 2750 | 11715 | | 4149 | 3047 | 5390 | | 14336 | 3726 | 2450 | 3650 | 2025 | 2050 | 7419 | 10000 | 17074 | 4020 | 2000 | | 6249 |
| Ambayathode | | 200 | | | 200 | 200 | 1100 | | | | 200 | 600 | 200 | | 5250 | 25000 | 1500 | | 2000 | | 400 |
| Appapara | 100 | 150 | 500 | 300 | 150 | 200 | 1500 | 150 | 1120 | 100 | 180 | 130 | | 150 | | 5000 | | | 200 | | 1370 |
| Arattupara | | | 1180 | | | | | | | | | | | | | | | | | | |
| Arattuthara | | | | | | | | | | | | | | | | | | | | | |
| Arinchermala | 200 | 150 | 13650 | | 250 | 200 | 500 | 1200 | 1500 | 250 | 200 | 400 | 250 | 300 | 6600 | 26000 | | | 1500 | | 500 |
| Arulnilayam | 792 | 846 | | | 1187 | 655 | 1585 | 3500 | 1012.5 | 839.5 | 1153 | 643 | 893 | 1028 | | 27000 | 449 | | | 754 | |
| Bavali | 122 | | 1450 | | | | 200 | | 670 | 159 | | 195 | | 225 | 3000 | 5000 | 330 | | 378 | | 3150 |
| Becki | | 325 | 7000 | | 425 | 320 | 420 | | | 600 | 650 | 350 | 250 | | 5550 | 15000 | | | | | 320 |
| Bhoodanam | | | | | | | | | | | | | | | | | | | | | |
| Boy's Town | | | | | 600 | | | | 6000 | | | | | | 3240 | | 1100 | | 600 | | 1600 |
| Charity | 100 | 100 | 500 | | | 100 | 500 | 300 | 400 | 100 | 100 | 300 | 100 | 100 | 1000 | 5000 | 100 | 100 | | | 1000 |
| Cheenga vallam | 375 | 450 | 1965 | | 465 | 415 | 850 | | 2800 | 410 | 575 | 950 | 490 | 325 | | 5000 | 2371 | 975 | | | 480 |
| Chennalode | 1500 | 3500 | 10000 | | 1800 | 2000 | 4000 | | 6000 | 2800 | 2500 | 3500 | 1000 | 3500 | 12000 | 40000 | | | | 1500 | 1500 |
| Cherukattoor | 800 | 1250 | 4000 | | | 850 | 2750 | | 2000 | 1500 | 900 | | 2500 | 3000 | 4250 | 50000 | | | 4000 | 2000 | 800 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Chithragiri | 850 | 725 | | 2115 | 710 | 890 | 1440 | 675 | 3888 | 750 | 800 | | 900 | 1000 | 4000 | 5000 | 1750 | | 1100 | 955 | 2500 |
| Chooralmala | | | | 750 | | | | 500 | | | | | | | 1000 | 10000 | | | | | |
| Chockad | 500 | 500 | 6000 | | 500 | 500 | 1000 | 1000 | 3000 | 500 | 500 | 1000 | 300 | 500 | | 32000 | | | 2500 | 800 | 500 |
| Chulliana | 300 | 700 | 10000 | | 500 | 500 | 800 | | 2500 | 500 | 500 | 800 | 700 | 1000 | 7000 | 30000 | 2000 | 500 | 2500 | 1000 | 500 |
| Chulliode | 1853 | 2498 | 12085 | 5597 | 2272 | 2840 | 2980 | 4690 | 10000 | 1299 | 2540 | | 1718 | 2535 | 12260 | 58798 | 2505 | | 3500 | 2636 | 6513 |
| Chundakkara | 3100 | 3000 | 14500 | | | 2475 | 9100 | | | | 3000 | | 2500 | | 17500 | 25000 | 10000 | | 6000 | 3000 | 3000 |
| Chungak kunnu | 1000 | 1500 | 24000 | 10000 | 3000 | 1500 | 2000 | | 10000 | 1500 | 2000 | 3000 | 1000 | 2000 | 70000 | 140000 | 15000 | 1500 | 12000 | 2000 | 10000 |
| Coonoor | 250 | 250 | 1000 | | 250 | 250 | 650 | 300 | 1500 | | 250 | 420 | 250 | 310 | | 30000 | | | | 300 | 250 |
| Deepthigiri | 750 | 700 | 3500 | | 750 | 650 | 800 | | 4000 | 650 | 700 | 1000 | 650 | 750 | 8750 | 10000 | 1500 | 600 | 2000 | 550 | 600 |
| Dharmagiri | 600 | 750 | 4440 | | 600 | 600 | 1000 | | | 650 | 500 | 1200 | 600 | 750 | 5000 | 90000 | | | 1000 | | 3000 |
| Dwaraka | 500 | 1500 | 12693 | | 500 | 500 | 1500 | | 2500 | 1500 | 1500 | 2000 | 1000 | 1500 | | 10000 | 1000 | 1000 | 4100 | 500 | 500 |
| Edapetty | | | 6000 | | | | 1500 | | 1000 | | 750 | 500 | 300 | | 8000 | 5800 | | | 1300 | | |
| Edayoorkunnu | | | | | | | | | | | | | | | 2000 | 4485 | | | | | |
| Edivanna | | 500 | 25000 | | | | 2000 | | | 500 | | 2000 | 500 | | | 44160 | | | 5000 | | 500 |
| Elapeedika | 400 | 300 | | | 450 | 300 | 450 | | 1000 | 350 | 400 | 350 | 300 | 350 | 3000 | | 400 | 450 | 500 | | 400 |
| Irulam | 640 | 662 | 3630 | 2500 | 2700 | 810 | 2530 | 1219 | 4790 | 872 | 764 | 2705 | 784 | | 6500 | 32242 | 2580 | | 2250 | 2000 | 1330 |
| Jude's Mount | 1425 | 1463 | 9942 | 5060 | 1221 | 1559 | 1338 | | 3144 | 1063 | 1626 | | 1615 | 1642 | | 35000 | 2138 | | 1750 | 1012 | 6025 |
| Kabanigiri | | 250 | 27000 | | | 250 | 250 | 250 | 10000 | | | 250 | | | 3000 | 10000 | | | | 250 | 5000 |
| Kadalmad | 510 | 600 | 2555 | 1065 | 305 | 560 | 485 | 964 | 2410 | 580 | 600 | | 451 | 250 | 6540 | 21000 | | | 1260 | 570 | 390 |
| Kallody | 2400 | 2500 | | | 2000 | 2500 | 3500 | | 20000 | 2500 | 3500 | 2500 | 2300 | 2500 | 20000 | 200000 | 6000 | 10000 | 5000 | 1800 | |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Kallumukku | 200 | 200 | 500 | 500 | 200 | 200 | 200 | | 200 | 200 | 200 | 200 | 200 | 100 | 500 | 10000 | 200 | 200 | 500 | 200 | 200 |
| Kalluvayal | | | | | | | | | | | 200 | 200 | | | 1500 | | 500 | | 150 | | |
| Kalpetta | 1615 | 1835 | | | 1585 | 1565 | 2865 | | 90000 | 1845 | 1840 | 2220 | 2105 | 2100 | 20000 | 54000 | | | | | 2250 |
| Kalpra | 2550 | | | | | | | | | | | 1500 | 1700 | 1700 | | | | | | 1800 | |
| Kammana | 1500 | 2010 | 3000 | | | 1501 | 3027 | | 3000 | 1400 | 2015 | 2740 | | 2678 | 4200 | 6000 | 1453 | | 1900 | | 4615 |
| Kaniyambetta | 200 | 200 | | | 100 | 100 | 250 | | 300 | 200 | 250 | 500 | 500 | 300 | | | 200 | 300 | 1100 | | 200 |
| Karakkamala | | | 2500 | | | 1000 | 2000 | | | | 1500 | 1500 | | | | 30000 | | | 2340 | | |
| Karani | 709 | 1020 | 904 | | 807 | 1011 | 920 | | | 741 | 789 | 250 | 866 | 813 | 1220 | 9000 | 866 | | 812 | | 3160 |
| Karimani | 250 | 200 | 7000 | | 250 | 300 | 400 | | | | | 942 | 200 | 300 | 5000 | | 250 | 300 | 350 | 300 | 700 |
| Karimbil | | 250 | 2000 | | | | 500 | | | | 500 | 500 | | | | 10000 | | | 1000 | | 1000 |
| Kartikulam | | | 10000 | | | | 1500 | | 3000 | | | | 1000 | | 7500 | | | | 2000 | | |
| Kavumma nnam | 1000 | 1000 | 5000 | | 1500 | 1000 | 3650 | | 10000 | 1000 | 1000 | 1500 | 1500 | 1000 | | 25000 | 2000 | 5000 | 4270 | | 1500 |
| Kayyunni | 510 | 700 | 10000 | | | 630 | 760 | | | 600 | | 815 | | 715 | 2300 | | | | 2100 | | |
| Kelakam | 500 | 1500 | 5650 | | 450 | 600 | 3000 | | | 1800 | 700 | 800 | 400 | 2000 | 26400 | 40000 | 1200 | 750 | 4400 | 800 | 2500 |
| Kenichira | 3125 | 2870 | 5385 | 5130 | 3400 | 3150 | 5870 | | 29445 | 2710 | 2810 | 2980 | 3500 | | 10000 | 48000 | 13275 | 15590 | 2990 | 3430 | 3850 |
| Kolavayal | | | 5000 | | | | 2000 | | | 1000 | 1000 | 1500 | 1000 | 500 | 15000 | 15000 | 1000 | | 2000 | | 2500 |
| Kommayad | 480 | 870 | 4300 | | 412 | 632 | 1263 | | 2496 | 1318 | 1445 | 720 | 461 | 908 | 5760 | 40000 | 2060 | 1210 | 1400 | 580 | 935 |
| Kottathara | 2020 | | 5000 | | | | | 5000 | | 2140 | 2012 | | | | 4500 | 20000 | | | 3500 | | |
| Kottiyoor | 12056 | 9735 | 13111 | | | 14001 | 12314 | | | 4625 | 27059 | | 12250 | 13818 | 58360 | | | 17125 | 8600 | | 10428 |
| Kunjome | 410 | 396 | | | 400 | 313 | 1475 | | 2010 | 518 | 638 | 397 | 595 | 420 | 7290 | 25000 | | 6234 | 3445 | | 511 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Kunnalady | | 460 | 3000 | | 420 | 495 | 810 | | | 585 | 530 | 525 | 403 | | 130 | 10000 | | | | | 2010 |
| Kunnambetta | | | 500 | | | | | | | | | 500 | | | 500 | | | | | | |
| Kurumani | 350 | 300 | | | 300 | 300 | 650 | | 5000 | 300 | 300 | 400 | 300 | 400 | | | 3300 | 300 | 1000 | 300 | 400 |
| Kurumbala | | 1000 | 3000 | | | | 2000 | | 4000 | 3020 | 1200 | | | | 3000 | | 3000 | | 1500 | | |
| Kurumbala kotta | 756 | 640 | 3825 | 786 | 500 | 580 | 1484 | | 3030 | 234 | 244 | 420 | 500 | 720 | 11840 | 25000 | 3015 | 5280 | 900 | 655 | 9200 |
| Kuttimoola | 964 | 743 | 1329 | 2054 | 923 | 1217 | 762 | 1517 | 3856 | 990 | 1100 | 950 | 852 | 775 | 10610 | 4140 | | 975 | 1000 | 747 | 1147 |
| Lakkidi | | 250 | | | | 300 | 400 | | | | 150 | | 200 | | | 2500 | 1500 | | 500 | | 2800 |
| Machikolly | | | | | | | | | | | | | | | | 1000 | | | | | |
| Makkiyad | 675 | 1296 | 10000 | 1000 | 750 | 1077 | 2100 | 2700 | 3150 | 695 | 1430 | 1287 | 810 | 1220 | 5980 | 7000 | 1200 | 5600 | 1250 | | 5300 |
| Manantha vady | | | | | | 9365 | 12200 | | 21200 | 7850 | | | | | 73000 | 54200 | 15000 | | 7800 | | 44000 |
| Manantha vady T. | 500 | 500 | 5000 | | | | | | | 500 | | 1000 | 500 | | | 38200 | 2000 | | 2000 | | 4000 |
| Mangalam | 200 | 200 | 800 | | 200 | 200 | 300 | | 800 | 200 | 200 | 200 | 200 | 200 | | 20000 | 1000 | | | 200 | 200 |
| Mangalasery | 1392 | 802 | | 243 | 1215 | 1027 | 978 | | 1267 | 968 | 897 | 1110 | 979 | 1090 | 2400 | 26000 | 1194 | 1022 | 1150 | 846 | 4200 |
| Manimooly | 13224 | 11780 | 33720 | 31060 | | 10910 | 13340 | | | 5750 | 15830 | 12040 | 6850 | 10570 | | 120000 | 10000 | | | | 40270 |
| Manjoora | 320 | 300 | 1500 | | 220 | 260 | 800 | | 3000 | 250 | 320 | 450 | 480 | 650 | 3127 | 25000 | 500 | 1000 | 500 | 300 | 200 |
| Manvayal | | | | | | | | | | | | | | | | | | | | | |
| Marakavu | 600 | 510 | 900 | | 350 | 900 | 3575 | | 1500 | 3600 | 500 | | 2396 | 600 | | 61670 | 1993 | | 1850 | | |
| Marakadavu | 1500 | | 5000 | | | 1250 | 2000 | | 4000 | | 2000 | | 1000 | | | | 1250 | | 1500 | | 2000 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Martinnagar | 500 | 550 | 6000 | | 500 | 500 | 3000 | | 8000 | 550 | 500 | 750 | 500 | 750 | 15000 | 60000 | 1500 | 500 | 3000 | | 7000 |
| Marutha | 200 | 200 | 2392 | 2327 | 500 | 200 | 500 | 885 | 2107 | 200 | 150 | 200 | | 500 | | 8719 | 500 | | | 682 | |
| Meenangadi | | | | | | | | | | | | | | | | | | | 500 | | |
| Moolankavu | | | 3000 | | | | | 2000 | | | | | | 1500 | 2500 | | | | 1000 | 1000 | 1000 |
| Moolepadam | 200 | 200 | 2500 | 200 | 150 | 150 | 150 | 300 | 3500 | 200 | 150 | 150 | 150 | 200 | | 4300 | | | 855 | 150 | 200 |
| Mothakara | 100 | 150 | | 200 | 100 | 100 | | | | 100 | 100 | 200 | 200 | 100 | 3765 | 10000 | | | 250 | 100 | |
| Mullankolly | 2200 | 3000 | 86770 | 12000 | 1500 | 2500 | 7500 | 8540 | 50000 | 4000 | 3250 | 6000 | 3500 | 3500 | 20000 | 180000 | 10000 | 1500 | 4100 | 1000 | 3000 |
| Munderi | | | | | | | | | | | | | | | | | | | | | |
| Muthirery | 1000 | 1000 | 3500 | | 1000 | 1000 | 1500 | 1500 | | 1000 | 1000 | 1200 | 1200 | 1200 | 2000 | 18834 | 1500 | 2000 | 1500 | | 2000 |
| Muttiyel | 200 | 200 | 2500 | 200 | 150 | 150 | 150 | 300 | 3500 | 200 | 150 | 150 | 150 | 200 | | | | | 650 | 150 | 200 |
| Nadavayal | 12260 | 16570 | 26450 | | 10396 | 12600 | 11850 | | 11740 | 7550 | 11760 | 14060 | 12770 | 9040 | | 189000 | | 12580 | 18940 | 11820 | |
| Narivala munda | 600 | 600 | 10000 | 4000 | 800 | 600 | 1200 | | 1000 | 1000 | 540 | 1500 | 600 | 1000 | | 90000 | 2000 | | | 1100 | 3000 |
| Nedumpala | 450 | 1000 | 3000 | 3000 | 450 | 400 | 2000 | 2700 | 3000 | 550 | 450 | 1500 | 500 | 1000 | 6000 | 50000 | | 5000 | 2000 | 500 | 550 |
| Neikuppa | | 250 | | | | | 300 | | | | | 250 | | | 2000 | 12645 | | | 1000 | | |
| Nelliody | 1000 | 1000 | | | 1000 | 1000 | 1000 | | | 1000 | 1000 | 1000 | | | | 30000 | | | 2410 | | 1500 |
| Nilambur | 4300 | 5000 | 71500 | 7500 | 2500 | 5250 | 12500 | 6500 | 10000 | 39500 | 5200 | 6000 | | 5100 | | 118000 | | | 10000 | 4300 | 3000 |
| Niravilpuzha | 500 | | | | | 450 | | | | 500 | | | | 300 | | 5000 | | | 1000 | | 4350 |
| Njarappadan | 798 | 1000 | | 3000 | | 870 | | | | 1050 | 900 | 1306 | 800 | 750 | 1000 | 20000 | 1504 | 5325 | | | 10000 |
| Olivumala | 200 | 200 | 500 | | | 200 | 1000 | 300 | 500 | 500 | 200 | 500 | 200 | 200 | 1000 | 12000 | 100 | 100 | 300 | | 500 |
| Ootty | | 500 | 1000 | | | 500 | 1500 | | 1000 | 500 | 500 | 700 | 300 | 500 | | | | | | | 500 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Ottaplavu | 980 | 1190 | 3000 | 3778 | | 1420 | 1115 | | | | 1060 | | | | 3000 | 15000 | | | | 1340 | |
| Ozhukkan moola | 650 | | | | | 890 | 950 | | 1220 | 550 | 790 | 770 | 850 | 1120 | 5000 | | | | 1200 | | |
| Padamala | 700 | 700 | 4000 | | 1150 | 600 | 1200 | | 5000 | 600 | 700 | 1000 | | 1000 | | 58000 | 400 | 5000 | 600 | 1150 | 11700 |
| Padichira | | 750 | 6000 | | | | 1400 | | 5000 | 1650 | 1500 | 1600 | | 1100 | 5000 | 25000 | | | 2500 | | 5000 |
| Palankara | 2800 | 3851 | 6000 | | 3000 | 2500 | 3000 | | 45000 | 2500 | 2383 | 3000 | 2500 | 2974 | | 210000 | | | 1526 | 2500 | 3000 |
| Palchuram | 1050 | | 3000 | 1500 | 1900 | | | | 1500 | | | 1700 | | | 4365 | 35000 | | | 1500 | 2250 | 750 |
| Palemad | | 750 | 3000 | | | | 2000 | | | 1000 | 800 | | | 1500 | | | 4830 | | | | |
| Panamaram | | 300 | 1000 | | 400 | 300 | 450 | | 500 | 300 | | 425 | 325 | | 3500 | | | | 512 | | 275 |
| Panamchira | | 600 | 1600 | | 700 | | 600 | | | 900 | | | | 800 | 6575 | 15000 | | | 1200 | 800 | 900 |
| Panavally | 401 | 340 | 19366 | | 386 | 383 | 810 | 437 | 823 | 307 | 403 | 370 | 400 | 410 | 4000 | 26000 | 2250 | 1050 | 783 | 400 | 3465 |
| Panthipoil | 100 | 100 | 500 | | 100 | 100 | 150 | | 500 | 100 | 100 | 150 | 100 | 100 | | 5000 | 100 | 100 | | 100 | 100 |
| Paralikunnu | | | 3000 | | 1050 | | 2300 | | 2100 | | | 1200 | 1000 | 1000 | | 9000 | 1000 | | 1050 | 1200 | 2500 |
| Parathottam | | | 2500 | | | 1025 | 1220 | | | 1060 | 1045 | | | | | 25000 | | | 1220 | | |
| Pathiripadam | 1500 | 2500 | 5000 | | 1500 | 1900 | 5000 | 15000 | 6500 | 2250 | | 1250 | 1500 | 3000 | | 30000 | 5000 | | | 1250 | 13500 |
| Pattanikoop | 500 | 650 | 13200 | 1600 | 450 | 550 | 650 | 1500 | 6000 | 700 | 500 | 850 | 550 | 600 | 4100 | 35000 | 750 | 1000 | 500 | 550 | 600 |
| Payyampally | 4000 | 5000 | 7000 | | 4000 | 4500 | 7000 | | | 4500 | 4000 | | 5000 | 4000 | 20000 | 50000 | 5000 | | 4000 | 4000 | 10000 |
| Pazhoor | 450 | 450 | | | | 600 | 1100 | | 1575 | 350 | 1700 | | 250 | 400 | 1500 | 10000 | 1500 | | | 1140 | 1320 |
| Peria | | | 25000 | | 240 | 200 | 300 | | | | | 500 | 200 | | | 50440 | 1200 | 180 | 1000 | | 1180 |
| Pookottum padam | 250 | 500 | 3000 | | 350 | 250 | 2500 | | 4000 | 1500 | 750 | 750 | 300 | 500 | | 20000 | | | 2500 | 300 | 1500 |
| Poolapadam | 850 | 750 | 2500 | | 700 | 750 | 1500 | | 5000 | 650 | 600 | 1250 | 800 | 1000 | | 13000 | | | 7508 | 1200 | 2000 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Poroor | 800 | 1100 | 1000 | | 650 | 1200 | 2500 | | 1000 | 1400 | 1000 | 2000 | 1200 | 2000 | 9705 | 100000 | 2000 | 900 | 2000 | 1000 | 4000 |
| Prasanthagiri | 2091 | 2510 | 8231 | 5159 | 2220 | 1838 | 2072 | | | 343 | | 2162 | 1824 | 2063 | | | | | 2060 | 2523 | 1277 |
| Pulpally | | 2000 | 2000 | | | 2000 | 2000 | | | | 2000 | | | | 10000 | 40000 | | | | | 2000 |
| Puthiyidom kunnu | 500 | 250 | 1500 | | 200 | 200 | 300 | | 1500 | 500 | 200 | 400 | 250 | 200 | 5000 | 35123 | 500 | 500 | 1500 | 250 | 400 |
| Puthiyidom | | | | | | | 1480 | | | | | | | | | | 2850 | | 1480 | | |
| Puthuseri kadavu | 250 | 250 | | | 300 | 500 | 750 | | 1000 | 300 | 400 | 600 | 400 | 300 | | 10000 | 1000 | 1000 | 500 | | 250 |
| Puthusey | 300 | 500 | 5000 | 5200 | 400 | 300 | 1000 | 3000 | 3600 | 400 | 400 | 800 | 400 | 700 | 5000 | 30000 | 2500 | | 2563 | 500 | 500 |
| Puzhamudi | 250 | 350 | 2000 | | 300 | 250 | 400 | | 4000 | 250 | 300 | 400 | 250 | | 4210 | 9000 | | 4200 | 1000 | 300 | 4795 |
| Rippon | | 800 | | 5026 | | 920 | 1000 | | | 600 | 700 | 920 | 920 | 600 | 10120 | 80594 | 920 | | 900 | | |
| Rubynagar | 1342 | 981 | 1590 | | | 952 | 1048 | | 2173 | 183 | 531 | 525 | 1503 | 471 | | 25000 | 575 | | 1825 | 1200 | 639 |
| Santhigiri | 450 | 400 | 5100 | 1800 | 400 | 400 | 750 | | 500 | 500 | 450 | 425 | 400 | 400 | 1750 | 5000 | | | 1290 | 450 | 400 |
| Seethamount | 200 | 300 | 4000 | | 300 | 200 | 500 | | 600 | 300 | 500 | 250 | 400 | 300 | 6000 | 15000 | 250 | 400 | 300 | 300 | 500 |
| Sisumala | 500 | 450 | 2000 | | 500 | 600 | 700 | | 2000 | 500 | 500 | 1000 | 500 | 500 | | 50000 | 5000 | 500 | 500 | 500 | 500 |
| S.Bathery | | 4770 | 24800 | | 3210 | 4330 | 9710 | | | 5870 | 5810 | 7730 | 4070 | 4900 | 27130 | 283399 | | | 5500 | | 6220 |
| Thalanji | 2000 | 3623 | 5000 | | 2000 | 2000 | 6314 | | 30000 | 6518 | 5430 | 5000 | 2500 | 2770 | | 131506 | 4000 | | | | |
| Thalapuzha | 750 | 850 | | | | 725 | 1150 | | | 800 | 650 | 650 | 700 | 825 | | | 3500 | 900 | 700 | | |
| Thariode | 600 | 500 | 83612 | | 500 | 500 | 1000 | | 1500 | 500 | 525 | 1000 | 1000 | 550 | 15000 | 50000 | 3000 | 2000 | 3000 | 500 | 2700 |
| Thavinjal | | 1000 | 27500 | 5000 | 750 | | 3000 | | 4000 | 2500 | | 3000 | | 2000 | 10000 | 100000 | 2000 | 7545 | 3350 | | 10000 |
| Thelpara | | 1500 | 4000 | | | 750 | 2000 | | | | | | 500 | 700 | | 23700 | | | 3000 | | 1500 |

| Parishes | Jesus Frater-nity | Bible Sun-day | Educa-tion Aid | Good Fri-day | Holy Child hood | Justice Sun day | Mission Sun day | Priest Wel-fare (Pesaha) | Semin-ary For-mation | Syro Mal. Day | Peter's Pence | Cat. Sun-day | Commu nication Media | Youth Day | Sneha nidhi | Mutual Fund | Kash-mir Fund | Middle Esat Fund | Lahari Virudha year | Anti Alcho holic | S.M. Mis-sion |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Theneri | 750 | 800 | 7000 | | 1000 | 1000 | 2800 | | 7835 | 800 | 750 | 3000 | 900 | 2750 | | | 1200 | 800 | 4000 | | 2100 |
| Thomattuchal | 500 | 400 | 12000 | 1000 | 450 | 400 | 600 | 400 | 1000 | 400 | 450 | 750 | 750 | 700 | 2500 | 29850 | 500 | | 1200 | 500 | 600 |
| Thonichal | 4580 | 1770 | 15950 | 6740 | 1670 | 3836 | 4720 | | | 2052 | 2323 | | 2045 | 1655 | 13870 | 79477 | 4100 | | 2600 | 2000 | 2230 |
| Thrikkaipetta | | | 500 | 1000 | | | | 1000 | 1000 | | | | | | | 13315 | | 5500 | | | |
| Thrissileri | 800 | 835 | | | 700 | 700 | 800 | | 2500 | 725 | 735 | 1000 | 725 | 825 | 2500 | | 4000 | | 2000 | | 2000 |
| T.K.Colony | 100 | 562 | 250 | 1040 | 552 | 100 | 1509 | 600 | 150 | 200 | 433 | 250 | 350 | 150 | | 12000 | | | 1000 | 400 | 100 |
| Vadakkanad | 500 | 425 | 1500 | | | 550 | 1000 | | 1500 | 400 | 475 | 600 | | 600 | 2050 | 14000 | | | 500 | | 4847 |
| Vadapuram | | 300 | | | | 250 | 500 | | | 200 | 300 | 250 | 200 | | | 25000 | | | 4000 | | 200 |
| Vakery | 350 | 350 | | 1200 | 300 | 250 | 1000 | 1850 | 3000 | 300 | 400 | 600 | 500 | 800 | 5000 | 30000 | | | 1000 | 600 | 7602 |
| Valad | 100 | 100 | 2000 | 300 | 150 | 150 | 100 | 250 | 300 | 200 | 100 | 250 | 200 | 200 | 1500 | 44000 | 150 | 200 | 150 | 100 | 300 |
| Valavayal | 1085 | 978 | | | | 1103 | 3000 | | | | 2187 | 1190 | 1318 | | 6877 | 5000 | 1700 | | 500 | | 2800 |
| Valery | 2305 | | 7250 | | | 1150 | 2320 | | 1362 | | | | 980 | | 4090 | 48600 | 1724 | 3804 | 2120 | 1207 | |
| Valiakolly | | 200 | | 2500 | | 150 | 350 | | | 200 | 150 | 250 | | | 3000 | 10000 | | | 1705 | | |
| Vallikett | 395 | 870 | 3000 | 2685 | 225 | 410 | 871 | 2396 | 3000 | 730 | 870 | 511 | 283 | 860 | | | 750 | | 1315 | 230 | 740 |
| Vanjode | | | | | | | | | | | | | | | 5000 | 20000 | 2600 | | 2600 | | 3700 |
| Vazhavatta | 2000 | | 16700 | 10000 | 4500 | 2000 | 6000 | | 10000 | 2000 | 4000 | | 3500 | 2000 | 10000 | 65000 | 10000 | | 4000 | | |
| Velloonni | 3650 | 3403 | 3643 | | 2730 | 3220 | 12049 | | 3819 | 3050 | 4483 | 3463 | 3608 | 2644 | | 37000 | 3270 | 2930 | 3670 | 4000 | 4170 |
| Vilambu kandam | 2400 | 2260 | 8650 | 2100 | 1550 | 2420 | 2884 | 2895 | 9443 | 920 | 2320 | 1500 | 2564 | 2640 | 10000 | 44675 | 4741 | | 2800 | | 5670 |
| Vimalagiri | 300 | 400 | 9531 | 1000 | 300 | 400 | 500 | 1000 | 10000 | 400 | 500 | | 400 | 400 | 11000 | 39000 | 500 | 500 | 1000 | 500 | 1000 |
| Vythiri | 685 | 750 | 3000 | 3030 | 950 | 630 | 1150 | 3050 | 1500 | 1000 | 700 | 1000 | 680 | 500 | 5020 | 12300 | 1000 | 2000 | 1400 | 1000 | 1150 |
| Yavanarkulam | 558 | | 2500 | | 359 | 827 | 1730 | | 3500 | 1240 | | | 450 | 350 | 7250 | 30000 | 2000 | | 2060 | | |

## Snehanidhi - Special Donners

| | |
|---|---|
| Louis mount Hospital, Chennalode | 3500 |
| Presentation Convent, Arattuthara | 1000 |
| SH Convent, Thariode | 1000 |
| SH Study House, Dwaraka | 5000 |
| SH Convent, Thoduvatty | 1000 |
| SH Provincial House, Dwaraka | 10000 |
| SH Convent, Njarappadam | 1000 |
| SH Convent, Nedumpala | 1000 |

| | Seminary Formation | Jesus Fraternity |
|---|---|---|
| CML Rippon | 1400 | |
| CML Valavayal | | 300 |

## Details of the Fund Received for Special Schools in Thukely through Rev. Fr. Siju Puthenpurayil

| Receipt no | Name | Amount | Receipt no | Name | Amount |
|---|---|---|---|---|---|
| 13801 | Rev. Fr. Joshy Periyapuram | 5000 | 13810 | St. George Ambayathodu | 2000 |
| 13802 | St. George Munderi Poolapadam | 7000 | 13811 | St. Martin Ondayagadi | 25000 |
| 13803 | St. Mary's Bhoodanam | 5000 | 13812 | St. Catherine Payyampally | 25000 |
| 13804 | St George Munderi | 52400 | 13813 | St. Mary's Mullenkolly | 10000 |
| 13805 | Little Flower Nilambur | 5000 | 13814 | St. Sebastian Padichira | 2500 |
| 13806 | St. Mary's Thalanji | 10000 | 13815 | St. Joseph's Seethamount | 5000 |
| 13807 | Christ the King Manimooly | 10000 | 13816 | Sacred Heart Pulpally | 40000 |
| 13808 | Fathima Matha Chungakunnu | 10000 | 13817 | St. Mary's Kabanigiri | 5000 |
| 13809 | St. Joseph's Adackathodu | 20300 | 13818 | Little Flower Kammana | 3000 |

| Receipt no | Name | Amount |
|---|---|---|
| 13819 | St. Mary's Karakkamala | 3000 |
| 13820 | St. Sebastian Thonichal | 3000 |
| 13821 | St. Thomas Deepthigiri | 4000 |
| 13822 | St. Vincent de Paul Kalpetta | 31452 |
| 13823 | St. Mary's Nedumpala | 5000 |
| 13824 | Lourdu Matha Kavummannam | 14670 |
| 13825 | St. Thomas Chundakara | 10000 |
| 13826 | St. Sebastian Vilambukandam | 7840 |
| 13827 | St. Sebastian Vazhavatta | 6000 |
| 13901 | Mr. Kunjumon Kottiyoor School | 3000 |
| 13902 | Mr. Jaison P.P Hardwards Mntdy | 5000 |
| 13903 | Mr. Sunish Palackalputhenpurayil | 2000 |
| 13904 | Mr. Shiju Jose Mntdy | 1000 |
| 13905 | Mr. Subash St.Joseph's UP School Kallody | 5000 |
| 13906 | Mrs.Sruthi St.Joseph UP school Kallody | 1000 |
| 13907 | Mrs.Lissy .St.Joseph'UP School.Kallody. | 1000 |
| 13908 | Mr. Jiji St. Joseph's UP School Kallody | 500 |
| 13909 | Dr. Pamy Mary Matha Arts College Mntdy | 1000 |
| 13910 | Adv. Sindhu Mntdy | 3000 |

| Receipt no | Name | Amount |
|---|---|---|
| 13911 | Adv. Shebin George Mntdy | 10000 |
| 13912 | Mr. Binu Skylark Builders | 10000 |
| 13913 | Dr. Manoj Pokotumpadam | 10000 |
| 13914 | Mr. Robins Panattil Bhoodhanam | 10000 |
| 13915 | Mr. Antony Panattil and Children | 2602 |
| 13916 | Mrs. Laisa Kodavanl Munderi | 1000 |
| 13917 | Mr. Joby Kollapally and Friends Vanhodu | 5000 |
| 13918 | Mr. Joshy Thoomullil Vanhodu | 1000 |
| 13919 | Mr. Binoy Rathapally Vanhodu | 2000 |
| 13920 | Mr. Peter Aranjaniyil Vanhodu | 500 |
| 13921 | Joanna mariya Perukil, Parlikunnu | 1000 |
| 13922 | St. Thomas Church Pathukani | 2815 |
| 13923 | sr. liza S.H. | 6350 |
| | **Cheque to Bishop's A/c** | |
| | Mr. Binson Paul Ejipura Bangalore | 5000 |
| | Mr. Peter Valancheryil, Ejipura Bangalore | 8000 |
| | Holy Cross Forane Church Nadavayal | 85300 |
| | St. Sebastian Kottiyoor | 38500 |
| | **Total Amount** | **548729** |

# വൈദിക സമ്മേളനം - റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2015 ജൂലൈ 8 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ബഹു. ബാബു മൂത്തേടത്തച്ചന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം ആശംസിച്ചു. തുടർന്ന് ദീപികയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ബഹു. മാത്യു ചാലിൽ അച്ചൻ ദീപിക പത്രം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. തുടർന്ന് ദീപികയുടെ Expert Consultant ഡോ. വി.എം. ജോസഫ് സാർ ഓരോ ഇടവകയിലും ദീപികയുടെ ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് വിശദീകരിച്ചു.

തുടർന്ന് കത്തോലിക്കാ കോൺഗ്രസ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും ഇടവകകൾ തോറും യൂണിറ്റ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കത്തോലിക്കാ കോൺഗ്രസ്സിന്റെ ബിഷപ്പ് ഡലഗേറ്റും താമരശ്ശേരി രൂപതാദ്ധ്യക്ഷനുമായ അഭിവന്ദ്യ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ പിതാവ് സംസാരിച്ചു.

Priests Health Care Project നെക്കുറിച്ച് ബഹു. ഡേവിസ് ചിറമ്മേൽ അച്ചനും കൽപ്പറ്റ ഫാത്തിമമാതാ ആശുപത്രിയിലെ ഡോ. സെബാസ്റ്റ്യനും സംസാരിച്ചു. തുടർ നടപടികൾ സ്വീകരിക്കാനായി പി.പി.എഫ്. സെക്രട്ടറി ബഹു. ഷാജി മുളകൊടിയാങ്കൽ, വിയാനിഭവൻ ഡയറക്ടർ ബഹു. സണ്ണി മഠത്തിൽ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

വയനാട് ജില്ലയിലെ കെട്ടിട നിർമ്മാണത്തിനുള്ള നിയമങ്ങളിൽ മാറ്റം വരുത്തുന്നതിന് വയനാട് ജില്ലാ കലക്ടർ പുറപ്പെടുവിച്ച ഓഡറുകളേക്കുറിച്ചുള്ള ചർച്ചയിൽ ഈ വിഷയം നന്നായി പഠിച്ചതിനുശേഷം മാത്രം പ്രതികരിക്കേണ്ടതാണ് എന്ന് യോഗം അഭിപ്രായപ്പെട്ടു.

വയനാട്ടിൽ മെഡിക്കൽ കോളേജ് വരുന്നതിനെക്കുറിച്ചുള്ള സന്തോഷം യോഗം പങ്കുവച്ചു. വയനാട്ടിൽ ഒരു മെഡിക്കൽ കോളേജ് എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമൂഴി പിതാവാണെന്ന് അനുസ്മരിക്കപ്പെട്ടു.

എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ ഒരു ശാഖ തുടങ്ങി പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരെ തെരഞ്ഞെടുക്കണമെന്നും ദീപികയുടെ യൂണിറ്റ് സ്ഥാപിക്കണമെന്നുമുള്ള തീരുമാനം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് യോഗത്തെ അറിയിച്ചു. ഉച്ചകഴിഞ്ഞ് നാലുമണിക്ക് അഭിവന്ദ്യപിതാവിന്റെ പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

---

# വൈദികരുടെ മാസധ്യാനം

**മുള്ളൻകൊല്ലി ഫൊറോന**

മുള്ളൻകൊല്ലി ഫൊറോയിലെ വൈദികരുടെ മാസധ്യാനം ജൂലൈ മാസം 7-ാം തീയതി ചീയമ്പം ചൈതന്യാ (MCBS) ആശ്രമത്തിൽവച്ച് നടത്തുകയുണ്ടായി. ബഹു. ആശ്രമാധിപൻ ജെയ്സൺ MCBS അച്ചൻ ഏവർക്കും സ്വാഗതമോതി. ബഹു. മത്തായിച്ചൻ MCBS ന്റെ ധ്യാനചിന്തകൾ പങ്കുവെച്ചു. വൈദികരിലെ തോമസ് നാമധാരികളായവർക്ക് ഫൊറോന വികാരി ബഹു. ഫ്രാൻസീസ് നെല്ലിക്കുന്നേലച്ചൻ പൂക്കൾ നൽകി ആശംസകൾ അർപ്പിച്ചു. ഫൊറോനവികാരിയുടെ ഇടവക സന്ദർശനത്തെക്കുറിച്ച് ചർച്ച നടത്തി. മുള്ളൻകൊല്ലി ഫൊറോനയുടെ കീഴിൽവരുന്ന എല്ലാ സമർപ്പിതരെയും വൈദികരെയും ഒരുമിച്ചുകൂട്ടി ഒരു സമർപ്പിത സംഗമം നടത്താൻ വൈദിക കൂട്ടായ്മ തീരുമാനമെടുത്തു. ഓഗസ്റ്റ് 14-ാം തീയതി വെള്ളി രാവിലെ 9.30 മുതൽ ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കുന്ന രീതിയിലായിരിക്കും സംഗമം. ആ മാസത്തെ മാസധ്യാനവും ഈ സമർപ്പിത സംഗമത്തിൽ നടത്താൻ തീരുമാനിച്ചു. മിഷൻലീഗിന്റെ മേഖലാ സാഹിത്യമത്സരം ജൂലൈ 19-ാം തീയതി മുള്ളൻകൊല്ലി ഫൊറോനയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ജിനോ മേക്കാട്ട്**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് 2015 സമ്മാനങ്ങൾ**

1. A, B, C, D, E, F ഗ്രൂപ്പുകളിൽ 1, 2, 3 സ്ഥാനങ്ങൾ നേടുന്നവർ
2. ഏറ്റവും കുടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾ
3. ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കുടുതൽ പേർ പരീക്ഷ എഴുതുന്ന മൂന്ന് ഇടവകകൾ
4. C, D, E, F ഗ്രൂപ്പുകളിൽ ഏറ്റവും അധികം മാർക്ക് ലഭിക്കുന്ന മാതൃ സംഘടനാ പ്രവർത്തകരായ മൂന്ന് അമ്മമാർക്ക് വീതം സമ്മാനം
5. ഏറ്റവും കുടുതൽ മാർക്ക് ലഭിക്കുന്ന കുടുംബത്തിന് (five Members, Six Members/or More). ഒരു കുടുംബത്തിൽ നിന്നും പരീക്ഷ എഴുതിയിരിക്കുന്ന (പരീക്ഷ എഴുതാൻ പ്രായമായ എല്ലാവരും) അംഗങ്ങളുടെ എല്ലാവരുടേയും മാർക്കുകൾ ഒരുമിച്ച് കൂട്ടി 05/ 06/ or More എന്ന ഗണത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്ന് കുടുംബങ്ങൾക്ക് സമ്മാനം. പരീക്ഷ എഴുതാൻ പ്രായമായ (ആദ്യകുർബ്ബാനകഴിഞ്ഞ) അംഗങ്ങളിൽ ഒരാൾ പരീക്ഷ എഴുതാതിരുന്നാലും ആ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണമനുസരിച്ചുള്ള ഗ്രൂപ്പിലായിരിക്കും പരിഗണിക്കുക.
6. അംഗങ്ങൾ പരീക്ഷ എഴുതാവുന്ന കുടുംബത്തിൽ നിന്നും 05 പേർ പരീക്ഷ എഴുതിയാൽ അവരുടെ മാർക്ക് പരിഗണിക്കുന്നത് 600–ൽ ആയിരിക്കും. 500 – ൽ ആയിരിക്കില്ല).

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## മതബോധനരംഗം

### മേഖലാ മതാധ്യാപക ശിൽപ്പശാല

മാനന്തവാടി രൂപതയിലെ മുഴുവൻ മതാധ്യാപകർക്കായ് സംഘടിപ്പിച്ച ശിൽപ്പശാല എല്ലാ ഫൊറോനകളിലും നടത്തപ്പെട്ടു. പങ്കെടുത്ത മുഴുവൻ മതാധ്യാപകരേയും അഭിനന്ദിക്കുന്നു. ശിൽപ്പശാലയ്ക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തിയ ബഹു. മേഖലാ ഡയറക്ടേഴ്സിനെയും മേഖലാ സെക്രട്ടറിമാരെയും മേഖലാ ടീം അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മാനന്തവാടി - പയ്യമ്പള്ളി ഫൊറോനകളുടെ ശിൽപ്പശാലയ്ക്ക് എല്ലാവിധ ക്രമീകരണങ്ങളും നടത്തിയ പെരിയ.ബഹു. ജോർജ് മൈലാടൂർ അച്ചനും, ബഹു. അനൂപ് കാളിയാനി അച്ചനും, ഇടവകയിലെ മതബോധന ടീമിനും ഹൃദ്യമായ നന്ദി. എല്ലാ മേഖലകളിലും പരിശീലനത്തിന് നേതൃത്വം നൽകിയ രൂപതാ ടീം അംഗങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

### മേഖലാ ഡയറക്ടേഴ്സിന് സ്വാഗതം

കഴിഞ്ഞവർഷങ്ങളിൽ മതബോധനത്തിന്റെ മേഖലാ ഡയറക്ടേഴ്സായി സേവനം ചെയ്ത റവ.ഫാ. ബാബു മൂത്തേടത്ത് (ബത്തേരി), റവ.ഫാ. സെബാസ്റ്റ്യൻ ഇലവനപ്പാറ (കല്ലോടി), റവ.ഫാ. ചാക്കോ മേപ്പുറത്ത് (മാനന്തവാടി), റവ.ഫാ. അബ്രാഹം നാടുകുന്നേൽ (മുള്ളൻകൊല്ലി), റവ.ഫാ. ഷാജി മൂത്തേടത്ത് (പയ്യമ്പള്ളി), റവ.ഫാ. തോമസ് ചേറ്റാനിയിൽ (തരിയോട്) എന്നീ വൈദീകർക്ക് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ സേവന മേഖലകളിൽ പ്രാർത്ഥനാനിർഭരമായ വിജയാശംസകൾ.

പുതിയ മേഖലാ ഡയറക്ടേഴ്സായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ.ഫാ. കുര്യൻ വാഴയിൽ (ബത്തേരി), റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ (കല്ലോടി), റവ. ഫാ. ജയിംസ് മാങ്കോട്ടിൽ (മാനന്തവാടി), റവ.ഫാ. സജി പുഞ്ചയിൽ (മുള്ളൻകൊല്ലി), റവ.ഫാ. ബിജു മാവറ (പയ്യമ്പള്ളി), റവ.ഫാ. അഗസ്റ്റിൻ ചേമ്പാല (തരിയോട്) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**പാദവാർഷിക പരീക്ഷ**

ഈ അദ്ധ്യയന വർഷത്തിലെ പാദവാർഷിക പരീക്ഷ ഓഗസ്റ്റ് 30-ന് നടത്തപ്പെടുന്നു. സിലബസിലെ മാറ്റങ്ങൾ അധ്യാപകർ ശ്രദ്ധിക്കുമല്ലോ. രൂപതയിൽ നിന്നും ലഭിച്ചിരിക്കുന്ന സിലബസും മറ്റ് നിർദ്ദേശങ്ങളുമനുസരിച്ച് പാഠഭാഗങ്ങൾ പഠിപ്പിച്ച് കുട്ടികളെ ഒരുക്കുവാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ.

ചോദ്യപേപ്പർ ഓഗസ്റ്റ് 27-ന് രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണി വരെ രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും (മാനന്തവാടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) എടുക്കേണ്ടതാണ്.

**ആമുഖസെമിനാർ**

ആമുഖസെമിനാർ രണ്ടാംബാച്ച് ജൂലൈ 10-12 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 80 അധ്യാപകർ പങ്കെടുത്തു. പങ്കെടുത്ത അധ്യാപകർക്കും അവരെ പരിശീലിപ്പിച്ച രൂപതാ ടീം അംഗങ്ങൾക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**DCC സംഗമം**

DCC 2015-17 ബാച്ചിന്റെ പ്രഥമ സംഗമം ജൂലൈ 4-ാം തീയതി മണിമൂളിയിലും ജൂലൈ 5-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിലും വച്ച് നടത്തപ്പെട്ടു. 92 വിദ്യാർത്ഥികൾ പങ്കെടുത്തു. ക്ലാസിന് നേതൃത്വം നൽകിയ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിനും റവ.സി. ആൻസി ടോം SH, റവ.സി. ഡോണ SH എന്നിവർക്കും പ്രത്യേകം നന്ദി.

**HDC ക്ലാസ്**

HDC ഒന്നാം വർഷക്കാരുടെ ക്ലാസുകൾ സെപ്റ്റംബർ മാസത്തിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 5-ന് ദ്വാരകയിലും, 12-ന് അരുൾനിലയത്തും, 19-ന് ബത്തേരിയിലും വച്ച് നടത്തപ്പെടുന്നതാണ്. ആദ്യ ക്ലാസിന് വരുമ്പോൾ കൊണ്ടുവരേണ്ട അസെസ്സ്മെന്റിന്റെ വിഷയം താഴെ കൊടുക്കുന്നു. പത്ത്പേജിൽ കവിയാതെയുള്ള അസെസ്സ്മെന്റാണ് സമർപ്പിക്കേണ്ടത്.

വിഷയം: "നമ്മുടെ ഇടവകകളിൽ, സന്യാസസമൂഹങ്ങളിൽ, സംഘടനകളിൽ, പ്രസ്ഥാനങ്ങളിൽ, ചുരുക്കത്തിൽ ക്രൈസ്തവരുള്ള എല്ലായിടത്തും, ഏതൊരാൾക്കും കാരുണ്യത്തിന്റെ മരുപ്പച്ച കണ്ടെത്താനാവണം." - "കാരുണ്യത്തിന്റെ മുഖം" എന്ന കൽപ്പന വിശകലനം ചെയ്ത് മേൽപ്പറഞ്ഞ സഭാതലങ്ങളിൽ കാരുണ്യത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.

**ഫാ. റോയി വട്ടക്കാട്ട്** - മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ....

കഴിഞ്ഞ മാസങ്ങളിൽ നമ്മൾ പരിസ്ഥിതിയെക്കുറിച്ചും, ആരോഗ്യത്തെക്കുറിച്ചും ചിന്തിക്കുകയായിരുന്നല്ലോ? ഇനിയുള്ള കുറച്ചുനാളുകൾ നമ്മുടെ ഭക്ഷണ ക്രമീകരണത്തെകുറിച്ച് പഠിക്കാം. ഒരുകാലത്ത് കാട്ടുകനികളും ചെടികളുമൊക്കെ ഭക്ഷിച്ച്, പ്രകൃതിയിൽ നിന്നുതന്നെ ഔഷധങ്ങൾ കണ്ടെത്തി മനുഷ്യൻ ജീവിച്ചിരുന്നു. പിന്നീട് സ്വന്തം കൃഷിയിടങ്ങളിൽ ഭക്ഷ്യ സാധനങ്ങൾ കൃഷിചെയ്യാൻ ആരംഭിച്ചു. മനുഷ്യന്റെ ആരോഗ്യപരമായ അടിസ്ഥാന ആവശ്യങ്ങളെക്കുറിച്ച് ചിന്ത മാറിയപ്പോൾ, നാഗരീകതയും, ആർഭാടവും, ആഗോളവത്ക്കരണവും അവനെ മത്തുപിടിപ്പിച്ചപ്പോൾ, തന്റെ കൈവെള്ളയിൽ സൂക്ഷിച്ച ആരോഗ്യകരമായ ഭക്ഷണരീതി ഉപേക്ഷിക്കുകയും കൈവശമുള്ള പണം ചിലവാക്കി വിഷാംശം നിറഞ്ഞതും ആരോഗ്യത്തിന് ഹാനികരവുമായ മറുനാടൻ ഭക്ഷണപദാർത്ഥങ്ങളും മോഡേൺ ചൈനീസ് ഫാസ്റ്റ് ഫുഡുമൊക്കെ അവന്റെ മനസ്സിനെ കീഴടക്കി. തന്മൂലം ഗർഭസ്ഥശിശുക്കൾ മുതൽ വാർദ്ധക്യത്തിലെത്തിയവർ വരെ വിവിധ രോഗങ്ങൾക്ക് അടിമകളായിരിക്കുന്നു. പുതുതലമുറക്കാരായ നമുക്ക് ആരോഗ്യവും കായികക്ഷമതയും നഷ്ടമായിരിക്കുന്നു. ശരിയായ മാനസിക, ബൗദ്ധിക, ശാരീരിക സാമ്പത്തിക വളർച്ചയ്ക്ക് ഭക്ഷണ പദാർത്ഥങ്ങളും ക്രമീകരണങ്ങളും ഒരുവനെ കാര്യമായി സ്വാധീനിക്കും.

തന്മൂലം അടുക്കളതോട്ടവും ടെറസിലെ പച്ചക്കറി കൃഷിയും, സായാഹ്നങ്ങളിലെ ഫ്ളവർ, വെജിറ്റബിൾ ഗാർഡൻ നിർമ്മാണത്തിലേക്കുമുള്ള പുതുതലമുറയുടെ മുന്നേറ്റം തികച്ചും പ്രോത്സാഹനജനകമാണ്. ആയതിനാൽ ആരോഗ്യകരമായ ഭക്ഷണക്രമീകരണങ്ങളെക്കുറിച്ചും രീതികളെക്കുറിച്ചും പോഷകസമൃദ്ധമായ ഭക്ഷണപദാർത്ഥങ്ങളെ കുറിച്ചുമൊക്കെ ബോധവൽക്കരിക്കുക അനിവാര്യമായിരിക്കുന്നു. ഓഗസ്റ്റ് മാസത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രമീകരി

ക്കണമെന്ന് ഓർമ്മിപ്പിക്കുമ്പോൾ, കഴിഞ്ഞ മാസത്തെ മിഷൻ പ്രവർത്തനങ്ങൾക്ക് നന്ദിയും അഭിനന്ദനങ്ങളും...

സ്നേഹപൂർവ്വം,

**ജോജോച്ചൻ**

**നന്ദിയോടെ ഒരുവാക്ക്**

ചെറുപുഷ്പ മിഷൻലീഗ് നീലഗിരി മേഖലയുടെ ആത്മീയ നേതൃത്വം 4 വർഷം നയിച്ച ബഹുമാനപ്പെട്ട ജോണി കപ്യാരുമലയിലച്ചനും, ചെറുപുഷ്പ മിഷൻലീഗ് കൽപ്പറ്റ മേഖലയെ 2 വർഷം ആത്മീയ നേതൃത്വത്തിലൂടെ നയിച്ച ബഹുമാനപ്പെട്ട സജി കോട്ടായിലച്ചനും സി.എം.എൽ. മാനന്തവാടി രൂപതയുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു. മിഷൻലീഗിന് ചെയ്തുതരുന്ന സ്നേഹത്തിനും സഹകരണത്തിനും പ്രാർത്ഥനയ്ക്കും നിർദ്ദേശങ്ങൾക്കും ഒത്തിരി നന്ദി.

**ശാഖാ മേഖലാ ജോ.ഡയറക്ടേഴ്സ് മീറ്റ്**

മാനന്തവാടി രൂപത ജോ.ഡയറക്ടർ സംഗമവും സമർപ്പിത സംഗമവും നോർബർട്ടൈൻ സന്യാസസമൂഹം പ്രിലേറ്റ് റവ.ഫാ. വിൻസെന്റ് മട്ടുമ്മേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം പറഞ്ഞ മീറ്റിംഗിൽ ജോയി മേപ്പാടം അധ്യക്ഷത വഹിച്ചു. സംഗമത്തിൽ സമർപ്പിതർക്ക് സ്നേഹോപകാരം വിതരണം ചെയ്യുകയും ആദരിക്കുകയും ചെയ്തു. സംഗമത്തിന് രഞ്ചിത്ത് മുതുപ്ലാക്കൽ, ബിനീഷ് തുമ്പിയാംകുഴി, ജോൺസൺ ചിറായിൽ, ദിൽന കാവനമാലിൽ, ടോളി പാറേക്കുടിയിൽ എന്നിവർ നേതൃത്വം നൽകി. സംഗമത്തിന് ഷാജി ചന്ദനപറമ്പിൽ സാർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**സമർപ്പിതസംഗമം**

ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ ചെറുകാട്ടൂർ ശാഖയിൽ വെച്ച് സമർപ്പിതസംഗമം നടന്നു. വി.കുർബാനയോടുകൂടി സംഗമം ആരംഭിച്ചു. മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ നടവയൽ മേഖല ഡയറക്ടർ റവ.ഫാ. ജോർജ് തേരകത്തിൽ ആമുഖ പ്രഭാഷണം നടത്തി. മാനന്തവാടി രൂപത ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സന്ദേശം നൽകി. നടവയൽ മേഖലയുടെയും ചെറുകാട്ടൂർ ശാഖയുടെയും നേതൃത്വത്തിൽ പണികഴിപ്പിച്ച വീടിന്റെ താക്കോൽ ദാനവും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. മീറ്റിംഗിൽ രൂപത ജനറൽ സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ സ്വാഗതം ആശംസിക്കുകയും നടവയൽ മേഖല

പ്രസിഡണ്ട് തങ്കച്ചൻ മാപ്പിളകുന്നേൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. മീറ്റിംഗിൽ സി. ജീസ സി.എം.സി. (പ്രൊവിൻഷ്യാൾ സി. എം.സി.), റവ.ഫാ. അനീഷ് ആലുങ്കൽ (ശാഖാഡയറക്ടർ), ജോസ് താഴത്തേട്ട് (മതബോധന മേഖല സെക്രട്ടറി), സിനീഷ് ആപ്പുഴയിൽ (സി.എം.ൽ. രൂപതാ ടീം അംഗം), റവ.ഫാ. ജോസ് കുളിരാനി തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മീറ്റിംഗിന് ജോർജ് തെക്കേതൊട്ടിയിൽ (ശാഖാ പ്രസിഡണ്ട്) നന്ദി പറഞ്ഞു.

**മണിമൂളി നിലമ്പൂർ റീജണൽ സംഗമം**

മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന റീജണൽ സംഗമം സിഞ്ചെല്ലൂസ് ജെയിംസ് കുറ്റിമാക്കൽ ഉദ്ഘാടനം ചെയ്തു.

രൂപതാഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം പറഞ്ഞ മീറ്റിംഗിൽ മണിമൂളി മേഖല റീജണൽ ഓർഗനൈസർ മെൽബിൻ കോയിക്കര അദ്ധ്യക്ഷത വഹിച്ചു. മണിമൂളി മേഖല ഡയറക്ടർ റവ.ഫാ. സിജോ ഇളംകുന്നപ്പുഴ, നിലമ്പൂർ മേഖല ഡയറക്ടർ റവ.ഫാ. സെബിൻ ഐക്കരത്താഴത്ത്, സി. ഫൗസ്റ്റ സി. എം.സി., ബിജു ചിറ്റേടം, സാബു ഊളവള്ളിക്കൽ എന്നിവർ ആശംസകളറിയിച്ചു. രൂപതാ ജനറൽ സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ മാർഗ്ഗരേഖ അവതരണം നടത്തി. നിലമ്പൂർ മേഖല പ്രസിഡണ്ട് ബിജോ കുന്നേൽക്കുടി നന്ദിയർപ്പിച്ചു.

**മേഖല-രൂപത സാഹിത്യമത്സരം**

ഈ പ്രവർത്തന വർഷത്തെ സാഹിത്യമത്സരം ജൂലൈ 19 ഞായറാഴ്ച വിവിധ മേഖലാകേന്ദ്രങ്ങളിൽ വെച്ച് നടന്നു. മത്സരങ്ങൾ നടത്താൻ സഹായിച്ച രൂപതാ എകിസ്ക്യൂട്ടീവ് അംഗങ്ങളെയും ടീം അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ക്രമീകരണങ്ങൾ ചെയ്ത മേഖലാ എക്സിക്യൂട്ടീവിനെയും ശാഖാ ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

**മേഖലാ ഭാരവാഹികളുടെ ശ്രദ്ധയ്ക്ക്**

മേഖല സാഹിത്യമത്സരത്തിന്റെ റിസൽട്ട് ഓഗസ്റ്റ് 16-ന് രൂപതാ ഓഫീസിൽ എത്തിക്കണെ.

**ടെലിക്വിസ്**

ടെലിക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവർ മാസാവസാന ഞായറാഴ്ച 3 pm മുതൽ 4 pm വരെ രൂപത ഓഫീസിലെ ഫോൺ നമ്പറിലേക്ക് (04935-241017, 9496503055) വിളിക്കാവുന്നതാണ്. വിഷയം മാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**മേഖലാ വാർത്തകൾ**

**മണിമൂളി**

മണിമൂളി, നിലമ്പൂർ റീജണൽ കൗൺസിലും പ്രവർത്തന വർഷവും മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ബഹു. സിഞ്ചല്ലൂസ് ജെയിംസ് കുറ്റിമാക്കലച്ചൻ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, പ്രസിഡന്റ് ശ്രീ. ജോയി മേപ്പാടത്ത്, സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ എന്നിവർ ആശംസ അർപ്പിച്ചു. 40 കുട്ടികൾക്ക് സ്കൂൾ യൂണിഫോം മേഖലാ ഡയറക്ടർ റവ.ഫാ. സിജോ ഇളംകുന്നപ്പുഴ മണിമൂളി ഹെഡ്മാസ്റ്ററിന് കൈമാറി.

**നടവയൽ**

നടവയൽ മേഖലയുടെ നേതൃത്വത്തിൽ സമർപ്പിതസംഗമം നടത്തി. സംഗമം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്യുകയും നടവയൽ മേഖലയുടെ പ്രധാനാധ്യാപകരെ ആദരിക്കുകയും സി.എം.എൽ. ന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ താക്കോൽ ദാനവും നിർവ്വഹിക്കുകയും ചെയ്തു. രൂപതാഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, രൂപതാസെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ, മേഖലാ ഡയറക്ടർ റവ.ഫാ. ജോർജ് തേരകത്തിൽ, തങ്കപ്പൻ മാപ്പിളകുന്നേൽ, റവ. ഫാ. അനീഷ് ആലുങ്കൽ, റവ.സി. ജീസ സി.എം.സി. (പ്രൊവിൻഷ്യാൽ സി.എം.സി) ജോർജ് തെക്കേതൊട്ടിയിൽ, ജോസ് താഴത്തേട്ട്, സി. ആൻസ്മരിയ സി.എം.സി. എന്നിവർ സംസാരിച്ചു.

**ശാഖാവാർത്തകൾ**

*കുറുമണി:-* ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ അർദ്ധദിന സെമിനാർ സി.എം.എൽ. അംഗങ്ങൾക്ക് നൽകി.

*വാകേരി:-* സി.എം.എൽ. ന്റെ നേതൃത്വത്തിൽ പ്രവേശനോത്സവം നടത്തി.

*കമ്മന:-* വിദ്യാഭ്യാസ സഹായം 32000 രൂപ നൽകി.

*വൈത്തിരി:-* പഠനോപകരണങ്ങൾ വിതരണം ചെയ്തു. വചനവൃക്ഷം സ്ഥാപിച്ചു.

*ചുള്ളിയോട്:-* ബൈബിൾ ഞായർ ആഘോഷത്തോടനുബന്ധിച്ച് വചന വൃക്ഷ മത്സരം നടത്തി.

*വടക്കനാട്:-* ബൈബിൾ ഞായർ ആഘോഷിച്ചു. വചനവൃക്ഷം നിർമ്മിച്ചു.

*വാഴവറ്റ:-* കുട്ടികൾക്കായി സെമിനാർ സംഘടിപ്പിച്ചു.

*വെള്ളൂന്നി:-* ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ വാക്യ പഠനമത്സരം നടത്തി.

*ചുങ്കക്കുന്ന്:-* സി.എം.എൽ. ന്റെ നേതൃത്വത്തിൽ 5 മുതൽ 12 വരെയുള്ള കുട്ടികൾക്കായി ഏകദിന സെമിനാർ നടത്തി.

*ഒലിവുമല:-* ചികിത്സയ്ക്കും പഠനത്തിനും 2 പേർക്ക് സാമ്പത്തിക സഹായം നൽകി.

*കയ്യൂന്നി:-* ത്രിദിന ധ്യാനം നടത്തി. പഠന ഒരുക്ക അഭിഷേക പ്രാർത്ഥ നയും ജാഗരണവും നടത്തി.

*ചാരിറ്റി:-* 13 മണി ആരാധനയിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു. പഠനം എങ്ങനെ സുഗമമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

*എടയൂർകുന്ന്:-* കുട്ടികൾക്ക് വികാരിയച്ചൻ ആദ്യാക്ഷരം കുറിച്ചു.

*കൊളവയൽ:-* കാഴ്ചവെപ്പിലൂടെ ലഭിച്ച പഠനോപകരണങ്ങൾ പാവ പ്പെട്ട കുട്ടികൾക്ക് നൽകി.

*കണിയാരം:-* ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ അംഗത്വസ്വീക രണം ബഹു. അനൂപ് കാളിയാനിയച്ചന്റെ നേതൃത്വത്തിൽ നടത്തി.

*മംഗലശേരി:-* വ്യക്തിത്വ വികാസത്തെക്കുറിച്ച് ബ്രദേഴ്സ് ഏകദിന സെമിനാർ നടത്തി. ലഹരിയുടെ ദുരുപയോഗത്തെപ്പറ്റി സി. ആൻസി എസ്.കെ.ഡി. ക്ലാസ് എടുത്തു.

*മഞ്ഞൂറ:-* സി. ലിസ അലക്സ്, സി. ലൂസി എസ്.കെ.ഡി. എന്നിവ രുടെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തി.

*നിലമ്പൂർ:-* അർദ്ധദിന സെമിനാർ നടത്തി. ജപമാല സൈന്യം രൂപീക രിച്ചു.

*ലക്കിടി:-* മാധ്യമങ്ങളുടെ ദുരുപയോഗത്തെപ്പറ്റി സി.എം.എൽ. അംഗ ങ്ങൾക്കായി സെമിനാർ നടത്തി. തോമസ് നാമധാരികളെ ആദരിച്ചു.

*പുൽപ്പള്ളി:-* 31850 രൂപയുടെ പഠനോപകരണങ്ങൾ കാട്ടിക്കുളം അസീസി ഭവനിലും ഇടവകയിലെ പാവപ്പെട്ട കുട്ടികൾക്കുമായി നൽകി.

*കേളകം:-* ക്രിസ്റ്റീൻ ധ്യാനം നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ പുതിയ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

*കൊട്ടിയൂർ:-* അദ്ധ്യയനവർഷ ഒരുക്ക സെമിനാർ, ആരാധന എന്നിവ നടത്തി. 1000 രൂപ വീതം 5 പേർക്ക് പഠനസഹായം കൊടുത്തു.

*പൂളപ്പാടം:-* ദൈവവിളി സെമിനാർ നടത്തി. “നേർക്കാഴ്ചകൾ” ആൽബം പ്രകാശനം ചെയ്തു. വചനകൊന്ത നിർമ്മിച്ചു.

*വടപുറം:-* സൺഡെസ്റ്റാർ തെരഞ്ഞെടുത്തു. 'എന്റെ വിശുദ്ധൻ'നെ പരിചയപ്പെടുത്തി.

*വഞ്ഞോട്:-* അഡ്വ. ഷെബിൻ സാറിന്റെ നേതൃത്വത്തിൽ സാഹിത്യ ശില്പശാലയും അൾത്താരബാലകർക്ക് പരിശീലനവും നൽകി.

*കരിമ്പിൽ:-* അർദ്ധദിന സെമിനാർ നടത്തി.

*പനംചിറ:-* സൺഡെ സ്കൂളിൽ പഠിക്കുന്ന 25 കുട്ടികൾക്ക് വൃക്ഷതൈ വിതരണം നടത്തി. സിക്കിൾസെൽ അനീമിയ ബാധിച്ച ജിഷ്ണു എന്ന വിദ്യാർത്ഥിക്ക് പഠനസഹായമായി 1100 രൂപയും ഒരു കുടയും നൽകി.

*പുതുശ്ശേരി:-* പഠനോപകരണങ്ങൾ നൽകി. പരിസ്ഥിതിദിനം, പുകയില വിരുദ്ധദിനം, പിതൃദിനം, ബൈബിൾ ഞായർ, വായനാദിനം ഇവ ആഘോഷിച്ചു. ഏകദിന സെമിനാർ നടത്തി.

*തരിയോട്:-* പവർഗ്രൂപ്പ് രൂപീകരിച്ചു. ആരാധന നടത്തി.

*ദീപ്തിഗിരി:-* 'അഭിരുചി' ക്വിസ് മത്സരത്തിൽ 7-ാം റാങ്ക് ലഭിച്ച ജിബിന് ക്യാഷ് അവാർഡ് നൽകി അഭിനന്ദിച്ചു.

*തലഞ്ഞി:-* കുട്ടികൾക്കായി ധ്യാനം നടത്തി. സെന്റ് തോമസ് ഡെ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

*നെല്ലിയോടി:-* നെല്ലിയോടി കണ്ടപ്പനം റോഡ് നന്നാക്കാൻ സി.എം. എൽ. അംഗങ്ങൾ സഹായിച്ചു.

*കല്ലോടി:-* 21 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. 10, +2 ക്ലാസുകളിൽ പ്രവേശനം ലഭിച്ച കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനയും സെമിനാറും ഫാ. സോണി വാഴകാട്ടിന്റെ നേതൃത്വത്തിൽ നടത്തി.

*ചെറുകാട്ടൂർ:-* സി.എം.എൽ. ന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനത്തിന്റെ താക്കോൽ ദാനം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. പുഴയോര സംരക്ഷണത്തിന്റെ ഭാഗമായി പുഴസൈഡിൽ മുളതൈകൾ വെച്ചു പിടിപ്പിച്ചു.

ഒത്തിരി സ്നേഹത്തോടെ,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി.

# Department of Youth Ministry

**യുവജനധ്യാനം**

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 22-ാം തീയതി +2 കഴിഞ്ഞ യുവജനങ്ങൾക്കായി നടത്തിയ ധ്യാനത്തിൽ 50 പേർ പങ്കെടുത്തു. Youth Ministry Team ധ്യാനത്തിനു നേതൃത്വം നല്കി.

**Growth Seminar**

ഉന്നത പഠനത്തിനു തയ്യാറാകുന്ന വിദ്യാത്ഥികൾക്കായി വിശ്വാസ വളർച്ച സെമിനാർ തോണിച്ചാൽ ഇടവകയിൽ വെച്ച് ജൂലൈ 18-ാം തീയതി നടന്നു. 30 പേർ പങ്കെടുത്തു. Youth Ministry Team നേതൃത്വം നല്കി

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

## കെ. സി. വൈ. എം.

**യുവ ധമാക്ക വാളേരിയിൽ**

കെ.സി.വൈ.എം. യൂണിറ്റ് ശക്തീകരണത്തിനു വേണ്ടി മാനന്ത വാടി രൂപത കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ നടത്തുന്ന യുവ ധമാക്ക- വാളേരി യൂണിറ്റിൽ വച്ച് ജൂലൈ 5-ാം തീയതി നടത്തി. 45 യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹു. ലാൽ പൈനുങ്കലച്ചനും ശ്രീ. സജിൻ ചാലിൽ സാറും ക്ലാസ്സു കളെടുത്തു. ബഹു. ജോസ് കൊച്ചറക്കൽ അച്ചനും ബഹു. മനോജ് കവലക്കാടൻ അച്ചനും കെ.സി.വൈ. എം. പ്രവർത്തകർക്കും അനുമോദനങ്ങൾ.

**അർദ്ധവാർഷിക സെനറ്റ്**

2015 പ്രവർത്തനവർഷത്തിലെ 6 മാസ കാലത്തെ പ്രവർത്തന ങ്ങളുടെ അവലോകനവും തുടർന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമഗ്രമായ നിർദ്ദേശങ്ങളും റിപ്പോർട്ടവതരണവും ജൂലൈ 11 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപത ആനിമേറ്റർ റവ.സി. ലിൻസ എഫ്.സി.സി. വചന പ്രതിഷ്ഠ നടത്തി. കെ.സി.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളി സമ്മേളനത്തിനു സ്വാഗതമാശംസിച്ചു. കെ.സി.വൈ.എം. അസിസ്റ്റന്റ് ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിലച്ചൻ അർദ്ധവാർഷിക സെനറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ്ബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം. പ്രസിഡണ്ട് ശ്രീ. സുബിൻ പാലമൂട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീ. ബിബിൻ ചെമ്പക്കര ആശംസകളറിയിച്ചു. രൂപതയുടേയും, ബത്തേരി, കല്പ്പറ്റ, തരിയോട്, മണിമൂളി, നടവയൽ എന്നീ മേഖലകളുടേയും റിപ്പോർട്ട് അവതര ണവും ചർച്ചയും നടന്നു. പുല്പ്പള്ളി, കല്ലോടി, പയ്യമ്പള്ളി, ചുങ്കക്കുന്ന് എന്നീ മേഖലകളുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു. ശ്രീ. ഷാജി അഴക നാൽ നന്ദി പറഞ്ഞു.

**പ്രചോദിനി 2015 – വനിതാസംഗമം & ആനിമ –മേഖല / യൂണിറ്റ് ആനിമേറ്റേഴ്സ് സംഗമം ഓഗസ്റ്റ് 14**

2015 വർഷത്തെ രൂപത വനിതാസംഗമം – പ്രചോദിനി 2015 ഓഗസ്റ്റ് 14 വെള്ളിയാഴ്ച രാവിലെ 9.30 ന് പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു. ഇടവകയിൽ നിന്നും 15 യുവതികളെ പറഞ്ഞയക്കുമല്ലോ. റജിസ്ട്രേഷൻ ഫീസ് 40 രൂപയായിരിക്കും. വനിതാസംഗമത്തോടനുബന്ധിച്ച് മേഖല / യൂണിറ്റ് ആനിമേറ്റേഴ്സ് സംഗമവും നടത്തപ്പെടുന്നു. ഓഗസ്റ്റ് 3 ന് മുൻപായി പങ്കെടുക്കുന്നവരുടെ എണ്ണം ഓഫീസ് സെക്രട്ടറിയുടെ ഫോൺ നമ്പറിൽ വിളിച്ച് അറിയിക്കുക Phone No. 9447394855.

**CRAZY WAYNAD – KCYM Rain Foot Ball**

ഈ വർഷത്തെ ക്രേസി വയനാട് – മഡ് ഫുഡ്ബോൾ 2015 ഓഗസ്റ്റ് 29 ശനിയാഴ്ച 10.30 ന് തരിയോട് മേഖലയിലെ കോട്ടത്തറ യൂണിറ്റിൽവച്ച് നടത്തപ്പെടുന്നു. മേഖലകൾക്ക് 2 ടീമിനെ വീതം പങ്കെടുപ്പിക്കാം.

I$^{st}$ prize -2500 രൂപ, II$^{nd}$ prize -1500 രൂപ, III$^{rd}$ -1000 രൂപ.

**നിബന്ധനകൾ**

1. ഒരു ടീമിൽ 7 അംഗങ്ങൾ മാത്രം (5+2)
2. പങ്കെടുക്കുന്നവർ കെ.സി.വൈ.എം. അംഗങ്ങൾ ആയിരിക്കണം.
3. പങ്കെടുക്കുന്ന ടീമുകൾ ഓഗസ്റ്റ് 15 നകം മേഖല ഡയറക്ടറുടെ സാക്ഷ്യപത്രത്തോടൊപ്പം Reg. Fee 500 രൂപ നല്കി രൂപതാ ഓഫീസിൽ പേരുകൾ Register ചെയ്യണം.
4. കെ.സി.വൈ.എം. രൂപതാ സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

## Freedom Debate-2015

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യൂണിറ്റുകളെ ശക്തിപ്പെടുത്തുക, സാമൂഹിക അവബോധം യുവജനങ്ങളിൽ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ കെ.സി.വൈ.എം. നടത്തുന്ന Freedom Debate –ലേക്ക് KCYM പ്രവർത്തകരെ സ്വാഗതം ചെയ്യുന്നു. സ്ഥലം – സെന്റ് മേരീസ് ചർച്ച് കാരക്കാമല, സമയം – 2015 ഓഗസ്റ്റ് 15 ശനിയാഴ്ച 10 മണിക്ക്. വിഷയം: ഇന്ത്യൻ ക്രൈസ്തവർ സ്വതന്ത്രരോ Yes/No (Proposer & opposer) ഒരു യൂണിറ്റിൽനിന്നും 4 പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം. (കെ.സി.വൈ.എം. അംഗങ്ങൾക്കു മാത്രം). Reg. fee. 100 രൂപ. നാല് round കളിലായി മത്സരം ക്രമീകരിച്ചിരിക്കുന്നു.

1. Qualifying Round (6 mts) ഗ്രൂപ്പിലെ അംഗങ്ങളിൽ രണ്ടുപേർ Yes എന്നും രണ്ടുപേർ No എന്നുമുള്ള വാദഗതികൾ 2 മിനിറ്റ് വീതം അവതരിപ്പിക്കുന്നു. 2 മിനിറ്റ് ചോദ്യോത്തരണികളുടെ സമയം.
2. Competitive Round (6 mts) നറുക്കിട്ടാണ് Proposer & opposer റെ തീരുമാനിക്കുക. വ്യത്യസ്ത ഗ്രൂപ്പുകൾ തമ്മിലായിരിക്കും മത്സരം.
3. Loosers Round (5 mts) & 4. Final Round (6mt)

**ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം**

ഓഗസ്റ്റ് 25 ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വദിനം ദിനാചരണം ഓഗസ്റ്റ് 23 ഞായറാഴ്ച മേഖലകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. മേഖലകൾ അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

**Pearl 2015 രൂപതാ കലാമത്സരം നവംബർ 10 ചൊവ്വാഴ്ച** ന്യൂമാൻസ് കോളേജിൽ വെച്ച് നടത്തുന്നതാണ്. അതിനുവേണ്ട ഒരുക്കങ്ങൾ യൂണിറ്റ് മേഖലാ തലത്തിൽ നടത്തേണ്ടതാണ്. മേഖലാതല മത്സരങ്ങൾ ഒക്ടോബറിൽ തന്നെ നടത്തേണ്ടതാണ്.

**Short Film Competition:** സന്യാസജീവിതത്തിന്റെ നന്മകൾ എടുത്തുയർത്തി കാണിക്കുന്നതിനുവേണ്ടി കെ.സി.വൈ.എം. നടത്തുന്ന ഹ്രസ്വ ചലച്ചിത്രം. വിഷയം: സമർപ്പണം, സമയം. 5 മിനിറ്റ്, അവതരണം, സന്ദേശം, ആകർഷണീയത എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കണം. Mobile ക്യാമറയും Shooting-നായി ഉപയോഗിക്കാവുന്നതാണ്. താല്പര്യമുള്ളവർ ഓഗസ്റ്റ് 30 നകം കെ.സി.വൈ.എം. രൂപത ഓഫീസിൽ Reg. fee 500 രൂപ അടച്ച് പേര് Register ചെയ്യുക.
I$^{st}$ Prize -5000 Rs, II$^{nd}$ Prize- 2000 Rs, III$^{rd}$ Prize-1000 Rs.

**യൂണിറ്റ് വാർത്തകൾ**

**കല്ലോടി യൂണിറ്റ്**

SSLC പരീക്ഷയ്ക്ക് മുഴുവൻ വിഷയങ്ങൾക്കും 'എ 'പ്ലസ് കിട്ടിയ ശില്പ ഇലഞ്ഞിക്കുഴി, റിയ ഇലഞ്ഞിക്കുഴി, അലിൻ മരിയ വിൽസൻ തെക്കിനാലിൽ എന്നിവർക്ക് മെമന്റോ നൽകി ആദരിച്ചു. കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ എല്ലാ മാസവും ജാഗരണ പ്രാർത്ഥന നടത്തി വരുന്നു. ഈ മാസം നടത്തിയ ജാഗരണ പ്രാർത്ഥനയിൽ 300 പേർ പങ്കെടുത്തു. യുവജനസംഗമം 'പെനുവേൽ 2015' എന്ന പേരിൽ നടത്തി. ഇടവക വികാരി ബഹു. ഫാ. ജോസ് കൊച്ചറക്കൽ 'പെനുവേൽ 2015' ഉദ്ഘാടനം ചെയ്തു. ശ്രീ.ജോസ് പള്ളത്ത്

സെമിനാർ നയിച്ചു. ലിറ്റർജിക്ക് യുവജനങ്ങൾ നേതൃത്വം നല്കി. റവ. ഫാ. മനോജ് കവലക്കാടൻ, റവ. ഫാ. സന്തോഷ് തലച്ചിറയിൽ, ശ്രീ. നിഖിൽ മാളിയേക്കൽ എന്നിവർ ആശംസകളറിയിച്ചു. കൈക്കാരൻമാർ, മതാധ്യാപകർ, ആനിമേറ്റർ സി. ജെസ്സിൻ എന്നിവർ നേതൃത്വം നല്കി. യൂണിറ്റ് അംഗങ്ങൾ ഇടവകയിലെ ഒരു രോഗിയെ സന്ദർശിച്ച് സഹായം നല്കി.

**വെള്ളൂന്നി യൂണിറ്റ്**

ജൂൺ 6 ന് ചേർന്ന യൂണിറ്റ് സിൻഡിക്കേറ്റിൽ ഉപരിപഠനത്തിനായി സംസ്ഥാനത്തിനു പുറത്തു പോകുന്ന യൂണിറ്റ് അംഗങ്ങൾക്ക് പ്രാർത്ഥനാ നിർഭരമായ ആശംസകൾ നേർന്നു. ഇടവകയിൽ ആരംഭിച്ച പ്രാർത്ഥനാ ഗ്രൂപ്പിലും തിരുഹൃദയത്തിരുന്നാളിനോടനുബന്ധിച്ചു നടത്തിയ ജാഗരണ പ്രാർത്ഥനയിലും യുവജനങ്ങളുടെ സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. ജൂൺ മാസത്തിൽ വിളവെടുത്ത പച്ചക്കറികൾ ഇടവകയിലെ വിദ്യാലയത്തിന്റെ ഉപയോഗത്തിന് നല്കി. വാർഡുതല പ്രാത്ഥനാ യോഗങ്ങളിൽ ഓരോ വാർഡിലെയും മുഴുവൻ യുവജനങ്ങളും സംബന്ധിച്ചു. യുവജനങ്ങൾ ലോഗോസ് പരീക്ഷയ്ക്കുള്ള റജിസ്ട്രേഷൻ നടത്തി.

**കാവുംമന്ദം യൂണിറ്റ്**

7-6-2015 ന് ജനറൽബോഡി യോഗത്തിൽ 52 കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് അംഗങ്ങൾ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് ആക്രിസാധനങ്ങൾ ശേഖരിച്ച് വിറ്റു കിട്ടിയ തുക സൺഡേസ്ക്കൂൾ പാരിഷ്ഹാൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംഭാവന നല്കി. ഇടവകയിൽ നിന്ന് ശേഖരിച്ച വസ്ത്രങ്ങൾ എച്ച്.ഡി. കോട്ടയിൽ കൊണ്ടുപോയി പാവപ്പെട്ടവർക്ക് കൊടുത്തു. വർഷങ്ങളായി തളർന്നു കിടക്കുന്ന നെല്ലിക്കാട്ടിൽ ജോസഫിനെ സന്ദർശിക്കുകയും ആനിമേറ്റർ സിസ്റ്ററും, ഭാരവാഹികളും അദ്ദേഹത്തിനും കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**മഞ്ഞൂറ യൂണിറ്റ്**

ജൂലൈ അഞ്ചിന് യുവജനദിനം ഇടവകയിൽ ആഘോഷിച്ചു. ജപമാല, വിശുദ്ധ കുർബാനയ്ക്ക് വായനകൾ, കാഴ്ചവെയ്പ്പ് എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നല്കി. കലാപരിപാടികൾ അവതരിപ്പിച്ചു. കിടപ്പു രോഗികളായിരിക്കുന്ന ആലിലക്കുഴി മറിയക്കുട്ടി, സുരേന്ദ്രൻ വടയാടിയിൽ എന്നിവരെ യൂണിറ്റ് അംഗങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. വെയിറ്റിംഗ് ഷെഡ് വൃത്തിയാക്കി.

**ചുള്ളിയോട് യൂണിറ്റ്**

ഹരിതദിനാചരണഭാഗമായി കെ.സി.വൈ.എം. അംഗങ്ങൾ

ബഹു. ജോസ് മുണ്ടക്കലച്ചന്റെ നേതൃത്വത്തിൽ വൃക്ഷതൈകൾ നട്ടു. അംഗങ്ങളുടെ നേതൃത്വത്തിൽ  ഇടവകയിലെ എല്ലാ കുടുംബങ്ങളിൽ നിന്നും പിടിയരി ശേഖരിക്കുകയും നിർദ്ധനരായ ഏഴ് കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

**ഒലിവുമല യൂണിറ്റ്**

പുതിയ അദ്ധ്യയനവർഷം ആരംഭിച്ചപ്പോൾ വിദ്യാത്ഥികൾക്കു വേണ്ടി പ്രത്യേക  പ്രാർത്ഥന നടത്തി. തിരുഹൃദയ തിരുന്നാളിന്റെ ആശംസകൾ ആനിമേറ്റർ സിസ്റ്റർ നാൻസിക്കും ബഹു. ബിനു അച്ചനും നല്കി. പള്ളിമുറ്റത്തെ ചെടിത്തോട്ടം വൃത്തിയാക്കി. ഒലിവുമല ചുണ്ട റോഡിലെ കുഴികളിലെ വെള്ളം ചാലുകീറി വൃത്തിയാക്കി. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വൃക്ഷതൈകൾ നട്ടു. ചികിത്സയിലായിരിക്കുന്ന കെ.സി.വൈ.എം.  യൂണിറ്റ് സെക്രട്ടറി ശ്രീ. ദേവസി കാരാത്രയെ യുവജനങ്ങൾ സന്ദർശിച്ചു. മേഖല സെനറ്റിൽ യൂണിറ്റിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു.

**ചാരിറ്റി യൂണിറ്റ്**

യൂണിറ്റ് അംഗങ്ങൾ convent ൽ വച്ചു നടന്ന ആരാധനയിൽ പങ്കുചേർന്നു പ്രാർത്ഥിച്ചു. തിരുഹൃദയതിരുന്നാൾ ആശംസകൾ മദറിനും സിസ്റ്റേഴ്സിനും നല്കി. ജന്മദിനാശംസകൾ യൂണിറ്റ് ഡയറക്ടർ ബഹു. ജോയി ചേറാടിയച്ചനു നല്കി. അച്ചനുവേണ്ടി പ്രാർത്ഥിച്ചു. ബൈബിൾ ഞായറിനോടനുബന്ധിച്ച് വചനവൃക്ഷം നിർമ്മിച്ചു. യൂണിറ്റ് ഇലക്ഷൻ നടത്തി. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് കൂടി ഈ വർഷത്തെ യൂണിറ്റ് മാർഗ്ഗരേഖ തയ്യാറാക്കി.

**അമരക്കുനി യൂണിറ്റ്**

ദേവാലയ നിർമ്മാണ വിജയത്തിനായി എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച യുവജനങ്ങൾ ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നു. ദിവ്യബലിക്ക് കാഴ്ചസമർപ്പണം നടത്തുന്നു.

**പൂളപ്പാടം യൂണിറ്റ്**

പൂളപ്പാടം യൂണിറ്റ് ജനറൽ ബോഡിയും യൂണിറ്റ് സിൻഡിക്കേറ്റും നടത്തി. യുവജനദിനാചരണത്തെക്കുറിച്ച് ആലോചിക്കുകയും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**പുതിയിടംകുന്ന് യൂണിറ്റ്**

ബൈബിൾ ഞായർ സമുചിതമായി ആഘോഷിച്ചു. വചനത്തോണി നിർമ്മിച്ച് ഇടവകയിലെ മുഴുവൻ ആളുകൾക്കും ഓരോ വചനം എടുത്ത് പ്രാർത്ഥിക്കുവാൻ അവസരം നല്കി. പുതിയ അദ്ധ്യയവർഷത്തിൽ നല്ല ഒരു പ്രവർത്തന മുന്നേറ്റത്തിന് തുടക്കം കുറിക്കാൻ യുവജനക്കൂട്ടായ്മ സംഘടിപ്പിച്ചു.

**അരിഞ്ചേർമല യൂണിറ്റ്**

യുവജനങ്ങളെ കൂടുതൽ കർമ്മനിരതരാക്കുവാൻ അരിഞ്ചേർമല കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി എകദിന സെമിനാർ സംഘടിപ്പിച്ചു. ബഹു.ജോൺസൻ വടക്കേക്കര സെമിനാർ നയിച്ചു. യൂണിറ്റ് അംഗങ്ങൾക്ക് ഉണർവും ഉന്മേഷവും നല്കാൻ സാധു മേരി കിങ്ങ്ഡം വാട്ടർ തീം പാർക്കിലേക്ക് ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു. രക്തദാന ദിനത്തോടനുബന്ധിച്ച് രക്തദാനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് അവബോധമുണ്ടാക്കുവാൻ കെ.സി.വൈ.എം. അംഗങ്ങൾ ചാർട്ടിൽ പലതരം slogan എഴുതുകയും അത് പ്രദർശിപ്പിക്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ബഹു. പോൾ ഇടയക്കൊണ്ടാട്ടച്ചന്റെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് ആശംസയും ഉപഹാരവും നല്കി. കെ.സി.വൈ.എം. മദ്ധ്യസ്ഥനായ വി.പൗലോസ് ശ്ലീഹായുടെ തിരുന്നാൾ ആചരിച്ച ഞായറാഴ്ചയിൽ യൂണിറ്റ് അംഗങ്ങളുടെ പ്രത്യേക കാഴ്ചവയ്പും പ്രാർത്ഥനയും ഉണ്ടായിരുന്നു. വി. പൗലോസ് ശ്ലീഹായുടെ തിരുന്നാളിനോടനുബന്ധിച്ച് കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ ഇടവകജനങ്ങൾക്കായി കവിതാരചന മത്സരം നടത്തി. സി. റാണി FCC, അമ്പിളി ഓലിക്കൽ, ജിപ്സി കുന്നുംപുറം, അനുമോൾ വയലിൽ, ഗീതു പുളിക്കത്തൊട്ടി എന്നിവർ സമ്മാനാർഹരായി.

**കൊട്ടിയൂർ യൂണിറ്റ്**

യുവജനദിനത്തോടനുബന്ധിച്ച് കൊട്ടിയൂർ യൂണിറ്റിലെ യുവജനങ്ങൾക്ക് സെമിനാർ സംഘടിപ്പിച്ചു. റവ. ഫാ റോബിൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹു. ലാൽ പൈനുങ്കലച്ചനും ശ്രീ. സജിൻ ജോസ് ചാലിൽ സാറുമാണ് സെമിനാർ നയിച്ചത്. 250 യുവജനങ്ങൾ പങ്കെടുത്തു.

**നിലമ്പൂർ യൂണിറ്റ്**

യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഇടവകയിൽ കെ. സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ 'പരിസ്ഥിതി വാരാചരണം നടത്തി'. 'മരം ഒരു വരം' എന്ന ആപ്തവാക്യം ധ്യാനാത്മകമാക്കിക്കൊണ്ട് വൃക്ഷതൈകൾ നട്ടു. അനാഥർക്കുവേണ്ടിയുള്ള മൂത്തേടം നിർമ്മൽ അഭയ ഭവൻ സന്ദർശിക്കുകയും അവിടുത്തെ പരിസരവും മറ്റും വൃത്തിയാക്കുകയും അവരോടൊപ്പം യുവജനങ്ങൾ ഒരു ദിവസം ചിലവഴിക്കുകയും ചെയ്തു SSLC പരീക്ഷയിൽ എല്ലാ വിഷയത്തിനും A+ നേടിയ വിദ്യാർത്ഥികളെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവക

യിൽ memento നല്കി ആദരിച്ചു. മണിമൂളിയിൽ വച്ചു നടത്തിയ ധ്യാനത്തിൽ 10 യുവജനങ്ങൾ പങ്കെടുത്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

ജൂൺ 21-ാം തീയതി ചുങ്കക്കുന്ന് യൂണിറ്റിലെ കെ. സി. വൈ. എം. അംഗങ്ങൾക്കായി അർദ്ധദിന സെമിനാർ നടത്തി. Every one is a Leader എന്ന വിഷയത്തെ ആസ്പദമാക്കി നേതൃത്വഗുണം യുവജനങ്ങളിൽ ഉണ്ടാക്കിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ലാസലെറ്റ് സഭാംഗമായ റവ. ഫാ. ജോബി മുട്ടത്തിലച്ചനാണ് സെമിനാർ നയിച്ചത് 240 യുവജനങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ ബഹുമാനപ്പെട്ട തോമസ്സ് മണക്കുന്നേലച്ചന്റെയും, അസിസ്റ്റന്റ് ഡയറക്ടർ ബഹുമാനപ്പെട്ട സിബി മാടപ്പള്ളികുന്നേലച്ചന്റെയും നേതൃത്വത്തിൽ എല്ലാ യുവജനങ്ങളും പങ്കെടുത്തു.

**നെടുമ്പാല യൂണിറ്റ്**

യൂണിറ്റ് ഡയറക്ടറും ഇടവകവികാരിയുമായ ബഹു. ജിൽസൺ കോക്കണ്ടത്തിലച്ചന്റെ ജന്മദിനം യുവജനങ്ങൾ കേക്ക് മുറിച്ച് ആശംസകളും സമ്മാനവും അച്ചന് നൽകി ആഘോഷിച്ചു. ഇടവകയിലെ നിർദ്ധനരായ രണ്ട് വിദ്യാർത്ഥികൾക്ക് 1000 രൂപ വീതം പഠനസഹായം നൽകി. യൂണിറ്റ് ജനറൽ ബോഡി ചേരുകയും പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**കുറുമ്പാല യൂണിറ്റ്**

പ്രവാചക യുവത്വവും സമർപ്പിത ചൈതന്യവും എന്ന ആപ്തവാക്യം ഹൃദയത്തിൽ വഹിച്ചുകൊണ്ട് ഡയറക്ടർ റവ. ഫാ. മത്തായി പള്ളിച്ചാംകുടിയുടേയും, ആനിമേറ്റർ സി. ആൻസി ജോസ് എഫ്.സി.സി. യുടേയും, പ്രസിഡണ്ട് ജിയോ ആരിച്ചാലിന്റേയും നേതൃത്വത്തിൽ കുറുമ്പാല കെ.സി.വൈ.എം. യൂണിറ്റ് വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു. *രോഗീ സന്ദർശനം;* കുറുമ്പാല ഇടവകയിലെ വൃദ്ധരും അവശരുമായ 18 രോഗികളെ, 16 പേരടങ്ങുന്ന യുവാക്കളുടെ ഒരു ടീം സന്ദർശിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു. *പ്രാർത്ഥന ലഘുലേഖ നിർമ്മാണം* സമർപ്പിത വർഷത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് കുറുമ്പാല ഇടവകയിൽ നിന്നും സന്യാസ ജീവിതത്തിലേയ്ക്ക് കടന്നു ചെന്ന വൈദീകർ, സിസ്റ്റേഴ്സ്, വൈദീക സന്യാസ പരിശീലന രംഗത്ത് ഉൾപ്പെട്ടവർ എന്നിവരെ കുറിച്ച് സർവ്വേ നടത്തുകയും പ്രാർത്ഥന ലഘുലേഖ നിർമ്മിച്ച് ഇടവകയിലെ എല്ലാ കുടുംബങ്ങളിലും വിതരണം ചെയ്യുകയും ചെയ്തു.

**എബിൻ മുട്ടപ്പള്ളി** – കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ജൂൺ 26 മുതൽ ജൂൺ 29 വരെ നടന്ന കോഴ്സിൽ 103 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ആഗസ്റ്റ് | 2-5 | പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് | 14-17 | പാസ്റ്ററൽ സെന്റർ മണിമൂളി |
| ആഗസ്റ്റ് | 21-24 | പാസ്റ്ററൽ സെന്റർ ദ്വാരക |
| സെപ്റ്റംബർ | 6-9 | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ആഗസ്റ്റ് 14 മുതൽ 17 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് 14-17 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണേ.

**ചുങ്കക്കുന്ന്**

സമർപ്പിതർക്കും, യുവജനങ്ങൾക്കുമായി അർപ്പിക്കപ്പെട്ട വി. ബലി, ദിവ്യകാരുണ്യ ആരാധന, തിരുഹൃദയ ജപമാല എന്നിവയ്ക്ക് മാതൃവേദി അംഗങ്ങൾ നേതൃത്വം നൽകി. പരിസ്ഥിതി ദിനാചരണം നടത്തി. ഇടവകയിലെ അഞ്ചു മേഖലകളിലും പ്രത്യേക യോഗം ചേർന്ന് കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു. ലോഗോസ് ക്വിസ്സിന് ഒരുക്കം നടത്തി. സമർപ്പിതർക്കായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു.

**കൽപ്ര**

ലോഗോസ് ക്വിസ്സിന് ഇടവകതലത്തിൽ 1-ാം സ്ഥാനം ലഭിക്കുന്നവർക്ക് ഈ വർഷം മുതൽ ആർദ്ര മെമ്മോറിയൽ അവാർട് 5001/- നൽകാൻ തീരുമാനിച്ചു.

**കാവുമന്ദം**

ഞായറാഴ്ച്ചകളിൽ മാതൃവേദി അംഗങ്ങൾ കാഴ്ച്ച സമർപ്പണം നടത്തുന്നു. പിടിയരിയും വീടുകളിൽ നിന്നും ശേഖരിച്ച വസ്ത്രവും ബഹു.വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ കാട്ടിക്കുളം കരുണാഭവനിലും ജയമാതാ ആശ്രമത്തിലും നൽകി. വെള്ളം കയറി ഒറ്റപ്പെട്ടുപോയ വീടുകൾ ആനിമേറ്റർ സിസ്റ്ററും ഭാരവാഹികളും സന്ദർശിച്ചു പ്രാർത്ഥിച്ചു.

**വെള്ളൂന്നി**

തിരുഹൃദയ മാസത്തിൽ വണക്കമാസാചരണം നടത്തി. രണ്ടാം ശനിയാഴ്ച്ച ഇടവകയിലെ 10 അമ്മമാർ ആനിമേറ്ററുടെ നേതൃത്വത്തിൽ മരിയാഭവനിൽ സ്നേഹതീരം ശുശ്രൂഷയിൽ പങ്കെടുത്തു. ഇടവകയിൽ നടത്തിയ പതിമൂന്നു മണി ആരാധനയ്ക്കും ജാഗരണപ്രാർത്ഥനയ്ക്കും അമ്മമാർ നേതൃത്വം നൽകി.

**പൂളപ്പാടം**

സെമിനാരി വിദ്യാർത്ഥിക്ക് സമ്പൂർണ്ണ ബൈബിൾ സമ്മാനിച്ചു. ഭവനനിർമ്മാണത്തിന് 5000/- രൂപ സാമ്പത്തികസഹായം നൽകി.സമർപ്പിതർക്കായി 26-ാം തീയതി അമ്മമാരുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന നടത്തി.

**കൊട്ടിയൂർ**

നിർധനരായ നാല് കുട്ടികൾക്ക് പഠനസഹായവും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു വ്യക്തിക്ക് ചികിൽസാ സഹായവും നൽകി.

**ഒലിവുമല**

മൂന്ന് കുടുംബങ്ങൾക്ക് അരി നൽകി. ലഹരിക്ക് അടിമകളായവരുടെ മോചനത്തിനും സമർപ്പിതർക്കുംവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**നടവയൽ**

എല്ലാ ബുധനാഴ്ച്ചയും 5.00-6.00 ജപമാലയും കുരിശിന്റെ വഴിയും നടത്താൻ തീരുമാനിച്ചു. ഒരുകുടുംബത്തിന് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ സഹായം ചെയ്യാൻ 100/- വീതം സമാഹരിക്കാൻ തീരുമാനിച്ചു. അതുപോലെ എല്ലാ അമ്മമാരും ലോഗോസ് എഴുതാൻ തീരുമാനിച്ചു.

**പുതിയിടംകുന്ന്**

ബൈബിൾ ക്വിസ്സിന് എല്ലാ അംഗങ്ങളെയും പങ്കെടുപ്പിക്കുന്നതിനുവേണ്ടി, ഭാരവാഹികൾ വീടുകൾ തോറും കയറിയിറങ്ങി രജിസ്ട്രേഷനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു. അഭിവന്ദ്യ രൂപതാധ്യക്ഷൻ

ഇടവക സന്ദർശനത്തോടനുബന്ധിച്ച് മാതൃവേദിയുടെ എല്ലാ പ്രവർത്ത നങ്ങളുടെയും റിപ്പോർട്ട് വായിച്ചു കേൾക്കുകയും അമ്മമാരെ അഭിന ന്ദിക്കുകയും ചെയ്തു.

**പടമല**

ഗവൺമെന്റ് ആശുപത്രി സന്ദർശിച്ച് രോഗികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകി. സ്കൂൾ വിദ്യാർത്ഥികളിൽ ഉണ്ടാക്കുന്ന വിവിധ പ്രശ്നങ്ങളെ ആധാരമാക്കി ശ്രീമതി വൽസമ്മ അനുഗ്രഹനിവാസ് ക്ലാസ്സെടുത്തു.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

### സോണൽ മീറ്റിംഗ്

ജൂലൈ മാസം ആദ്യവെള്ളി 75 ടീം അംഗങ്ങൾ സിയോൻ ചാപ്പലിൽ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു. 10 മണിക്ക് കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. 12 മണിക്ക് ബഹു. മാത്യു മൂത്തേടത്ത് അച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് അച്ചന്റെ നേതൃത്വത്തിൽ ടീം മീറ്റിംഗ് നടത്തി. 3 മണിയോടെ മീറ്റിംഗ് അവസാനിപ്പിക്കുകയും ആദ്യശനി കൺവെൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ നടത്തുകയും ചെയ്തു.

### ജാഗരണ പ്രാർത്ഥന

വൈകുന്നേരം 6.30 ന് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. കുരിശിന്റെ വഴി, ജപമാല വിവിധ നിയോഗങ്ങളോടെ നടത്തി. തുടർന്ന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകപ്പെട്ടു. 10 മുതൽ 12 വരെ ടീം അംഗങ്ങൾ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ആരാധന നടത്തി. 12 മണിക്ക് എല്ലാവരും വിശ്രമത്തിനായി പോയി.

### ആദ്യശനി ഏകദിന കൺവെൻഷൻ

പ്രഭാതത്തിൽ ബഹു. ഡയറക്ടറച്ചനോടൊപ്പം ശുശ്രൂഷകർ പരി.അമ്മയുടെ സന്നിധിയിൽ പ്രാർത്ഥനയ്ക്കായി എത്തിച്ചേർന്നു. പ്രഭാതസമർപ്പണം നടത്തിയശേഷം ബഹു. അച്ചൻ സിയോൻ ഓഫീസും ഹാളും പരിസരവും വി.ജലം തളിച്ച് വിശുദ്ധീകരിച്ചു. തുടർന്ന് ക്രൂശിതരൂപവും പരി.അമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ട് സിയോൻ ഹാളിലൂടെ ജപമാല പ്രദക്ഷിണം നടത്തി. ഒരുക്ക ശുശ്രൂഷകൾക്ക് ശേഷം 8.45 ന് പ്രഭാതപ്രാർത്ഥന, ജപമാല ആരംഭിച്ചു. 11 മണിക്ക് വട്ടത്തുവയൽ അനുഗ്രഹധ്യാനകേന്ദ്രം ഡയറക്ടർ

ബഹു. മാത്യു അച്ചൻ വചനസന്ദേശം നൽകി, 12 മണിക്ക് വി.കുർബാന അർപ്പിച്ചു. ബഹു. വൈദികർ സോണി വാഴകാട്ട്, മാത്യു മൂത്തേടത്ത്, ജോസഫ് നെച്ചിക്കാട്ട്, മൈക്കിൾ വടക്കേമുളഞ്ഞനാൽ എന്നിവർ ചേർന്ന് ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും അഭിഷേക ആരാധനയ്ക്കും നേതൃത്വം നൽകി. ആരാധനയ്ക്കുശേഷം 3.30 ന് വി.കുരിശിന്റെ ആശീർവാദത്തോടെ പ്രോഗ്രാം സമാപിച്ചു.

**സൗഖ്യദിനം**

സൗഖ്യദിനമായ ജൂൺ 27-ന് രാവിലെ 9.30 ന് കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. തുടർന്ന് ഡയറക്ടർ അച്ചൻ വി.കുർബാന അർപ്പിച്ച് സൗഖ്യശുശ്രൂഷ നടത്തി.

**പവർ ഇവാഞ്ചലൈസേഷൻ ടീം മീറ്റിംഗ്**

6-7-2015 തിങ്കളാഴ്ച 1.30 ന് സിയോൻ ചാപ്പലിൽ വെച്ച് വയനാടു ജില്ലയിൽ നിന്നും 2014 നവംബറിൽ പോട്ടയിൽ വച്ചു നടന്ന പവർ ഇവാഞ്ചലൈസേഷൻ പ്രോഗ്രാമിൽ പങ്കെടുത്തവരുടെ കൂട്ടായ്മ നടന്നു. 23 പേർ പങ്കെടുത്തു. ബ്രദർ തങ്കച്ചൻ, ബ്രദർ ജോയ്സ് എന്നിവർ സംസാരിച്ചു. അടുത്തു നടക്കാൻ പോകുന്ന Healing Hands നെ പറ്റി വിശദീകരിച്ചു. ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം മീറ്റിംഗ് സമാപിച്ചു.

**ദമ്പതീകൂട്ടായ്മ**

11-7-15 ന് 10 മണിക്ക് കുരിശിന്റെ വഴിയോടെ ശുശ്രൂഷകൾ ആരംഭിച്ചു. 10.30 ന് വചനസന്ദേശം, വി.കുർബാന, ആരാധന എന്നിവ ബഹു. ബിജു നരിപ്പാറ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

**യുവജനദിനം**

ജീസസ്യൂത്ത് അംഗങ്ങൾ രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങി. രണ്ടാംശനിയാഴ്ച 10 മണിക്ക് പ്രാർത്ഥന ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. സോണി വാഴകാട്ടച്ചൻ വചനസന്ദേശം, ആരാധന, വി.കുർബാന എന്നിവയ്ക്കു നേതൃത്വം നൽകി. 3-30 ന് ആരാധനയോടെ ശുശ്രൂഷകൾ സമാപിച്ചു.

**പൊതുകൗൺസിലിംഗ് ദിനം**

10-7-15 ന് വൈകുന്നേരം സിയോൻ കൗൺസിലേഴ്സ് ഒരുമിച്ചുകൂടി ജാഗരണ പ്രാർത്ഥന നടത്തി. 11-ാം തീയതി 86 പേർ കൗൺസിലിംഗ് ശുശ്രൂഷയിൽ പങ്കുചേർന്നു. 12 കൗൺസിലേഴ്സ് ശുശ്രൂഷക്ക് നേതൃത്വം നൽകി.

**സിയോൻ ഓഗസ്റ്റ് മാസത്തിൽ**

| | |
|---|---|
| ജൂലൈ 31 | – സോണൽ മീറ്റിംഗ് |
| ഓഗസ്റ്റ് 1 ആദ്യശനി | – ഏകദിന കൺവെൻഷൻ |
| ഓഗസ്റ്റ് 8 രണ്ടാംശനി | – ദമ്പതീകൂട്ടായ്മ |
| | – യുവജനദിനം |
| | – കൗൺസിലിംഗ് |
| ഓഗസ്റ്റ് 16–20 | – ആന്തരികസൗഖ്യധ്യാനം |
| ഓഗസ്റ്റ് 21 മൂന്നാംവെള്ളി | – ജാഗരണ പ്രാർത്ഥന |
| ഓഗസ്റ്റ് 22 നാലാംശനി | – സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം |
| ഓഗസ്റ്റ് 29 അഞ്ചാംശനി | – സൗഖ്യദിനം |

## ബഹു. സിസ്റ്റേഴ്സിന് പ്രാർത്ഥനാദിനം

ഈ ഓഗസ്റ്റ് മാസം മുതൽ എല്ലാ മൂന്നാം ശനിയാഴ്ചകളിലും ബഹു. സിസ്റ്റേഴ്സിനു വേണ്ടി മാത്രം സീയോൻ ഒരു ദിവസത്തെ പ്രാർത്ഥനാദിനം സംഘടിപ്പിക്കുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച് 1 മണിക്ക് അവസാനിക്കുന്ന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ആരാധന, കുമ്പസാരം, കൗൺസിലിംഗ്, വി.കുർബാന എന്നിവ ഉണ്ടായിരിക്കുന്നതാണ്. ഓഗസ്റ്റ് മാസം 3–ാം ശനിയാഴ്ച മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും ആയതിനാൽ **ഓഗസ്റ്റ് മാസത്തിലെ സിസ്റ്റേഴ്സിന്റെ പ്രാർത്ഥനാദിനം ഓഗസ്റ്റ് 22 ശനിയാഴ്ച** ആയിരിക്കുമെന്നകാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. മാത്യു മൂത്തേടത്ത്**
ഡയറക്ടർ, സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെ...

"എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും, നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്ക് വെളിപ്പെടുത്തും."

നമ്മുടെ രക്ഷകനായ യേശു നാഥന്റെ രൂപാന്തരീകരണ തിരുനാളും പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗാരോപണതിരുനാളും ആഘോഷിക്കുന്ന ആഗസ്റ്റ് മാസത്തിന് നമ്മുടെ രാഷ്ട്രത്തിന്റെ 69-ാമത് സ്വാതന്ത്ര്യദിനാഘോഷം എന്നൊരു പ്രത്യേകതകൂടി ഉണ്ടല്ലോ. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും മംഗളാശംസകൾ നേരുന്നു.

ആഘോഷങ്ങളുടെ ഇടയിലും പരസ്നേഹ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിന് വേണ്ട ആത്മീയസ്വാതന്ത്ര്യം ലഭിക്കുന്നതിനും തീഷ്ണതയോടെ മറ്റുള്ളവരിൽ ഈശോയെകണ്ടുകൊണ്ട് അർഹരായ വ്യക്തികൾക്ക് സഹായഹസ്തങ്ങൾ നീട്ടുവാൻ ഊർജ്ജവും പ്രാർത്ഥനയുടെ അനുഗ്രഹവും ലഭിക്കുന്നതിനും നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റേയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും കൂട്ടായ മദ്ധ്യസ്ഥതയിൽ പരിശുദ്ധ അമ്മയോട് ചേർന്ന് നമുക്കും അപേക്ഷിക്കാം.

നേപ്പാളിൽ ഉണ്ടായ ദുരന്തത്തിൽ പീഡനങ്ങൾ സഹിക്കുന്നവരെ സഹായിക്കുവാൻ എല്ലാ പ്രവർത്തകരും സന്നദ്ധരാകണമെന്നും വേണ്ട സഹകരണങ്ങൾ ചെയ്ത് പരസ്നേഹ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നും അഭ്യർത്ഥിക്കുന്നു.

**പുതിയ കോൺഫറൻസ്**

കല്ലോടി ഏരിയ കൗൺസിലിന്റെ കീഴിൽ വാളേരി സെന്റ് അൽഫോൻസാ ദേവാലയത്തിൽ 5-7-2015 ന് ദിവ്യബലിക്ക് ശേഷം ബഹു. മനോജ് കവലക്കാടൻ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ

“വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തനത്തിലൂടെ ദൈവസന്നിധിയിലേക്ക്” എന്ന വിഷയത്തിൽ ക്ലാസെടുത്ത് സെന്റ് അൽഫോൻസ കോൺഫറൻസ് രൂപീകരിച്ച് ഉദ്ഘാടനം ചെയ്തു. ബത്തേരി ഏസി പ്രസിഡണ്ട് ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ കോൺഫറൻസ് യോഗങ്ങൾ കൂടുന്നതിനെ വിശദീകരിച്ചു.

ബ്രദർ ജോസ് അപ്പോഴിപറമ്പിൽ - പ്രസിഡന്റ്
ബ്രദർ ബേബി മുണ്ടക്കാമറ്റം - വൈസ്പ്രസിഡണ്ട്
ബ്രദർ തോമസ് കൊട്ടാരം - സെക്രട്ടറി
ബ്രദർ സിബി കുര്യക്കാട്ട് - ജോ.സെക്രട്ടറി
ബ്രദർ ചാക്കോ സ്രാമ്പിക്കൽ - ട്രഷറർ
റവ.ഫാ. മനോജ് കവലക്കാട്ട് - ആത്മീയോപദേഷ്ടാവ്

**പുതിയഭാരവാഹികൾ**

**തരിയോട് ഏസി**

7-7-2015 ന് കാവുംമന്ദം ലൂർദ്ദ്മാതാ ദേവാലയത്തിൽ ചേർന്ന യോഗത്തിൽ തിരഞ്ഞെടുപ്പ് നടത്തി. സിസി ട്രഷറർ ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ തിരഞ്ഞെടുപ്പ് യോഗത്തിൽ പങ്കെടുത്തു.

പ്രസിഡണ്ട് - റോസമ്മ ജോസഫ്, അയ്യംകൊഴക്കൽ വീട്, കാവുംമന്ദം പി.ഒ., ഫോൺ: 9562282278

**മാനന്തവാടി ഏസി**

18-7-2015 ന് കണിയാരം കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് ചേർന്ന സെമിനാർ യോഗത്തിൽ തിരഞ്ഞെടുപ്പ് നടത്തി. സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ യോഗത്തിൽ പങ്കെടുത്തു.

പ്രസിഡണ്ട് - ബ്രദർ എൻ.യു. ജോൺ, നെടുംകൊമ്പിൽ വീട്, കണിയാരം, മാനന്തവാടി, ഫോൺ: 9495545253

**സെമിനാർ**

18-7-2015 ന് മാനന്തവാടി ഏസിയുടെ ഏകദിന സെമിനാർ നടത്തി. ആത്മീയോപദേഷ്ടാവ് ബഹു. റവ.ഫാ. ജോർജ് മൈലാടൂർ ദിവ്യബലി അർപ്പിച്ച് സുവിശേഷപ്രഘോഷണവും സന്ദേശവും നൽകി. തുടർന്ന് ചേർന്ന സെമിനാർ യോഗത്തിൽ ബ്രദർ ജോസഫ് കിഴക്കേടത്ത് അദ്ധ്യക്ഷനായിരുന്നു. റവ.ഫാ. ജോർജ് മൈലാടൂർ സെമിനാർ ഉദ്ഘാടനം ചെയ്തു. പരസ്നേഹത്തിൽ, സഹോദര സ്നേഹത്തിൽ, ഉത്തേജിതമായ ജീവിത മാതൃകയിൽ ഈശോയുടെ സ്നേഹസാന്നിദ്ധ്യത്തിന്റെ ഊഷ്മളത അനുഭവിച്ചറിയുന്ന പ്രവർത്തനം മറ്റുള്ളവരിലേക്ക് എത്തിക്കുന്ന വിൻസെൻഷ്യൻ പ്രവർത്തനരീതി വിജയപ്രദമാക്കുന്നതിന് ദൈവം അനുഗ്രഹിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

തീഷ്ണതയുള്ള വിൻസെൻഷ്യൻ പ്രവർത്തനം പ്രാവർത്തികമാക്കുവാൻ അംഗങ്ങളോട് അച്ചൻ അഭ്യർത്ഥിച്ചു.

സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ, ഏസി പ്രസിഡണ്ട് ബ്രദർ ജോസഫ് കിഴക്കേടത്ത് എന്നിവർ സെമിനാറിന് ആശംസകൾ അർപ്പിച്ചു. സിസി ജനറൽ സെക്രട്ടറി, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബോധവൽക്കരണ ക്ലാസെടുത്തു. ക്രിസ്തുവിന്റെ പാദങ്ങളായി, കരങ്ങളായി പ്രവർത്തിക്കേണ്ടവരും ദരിദ്രനേയും സമ്പന്നനേയും കൂട്ടി യോജിപ്പിക്കുന്ന സ്വർണ്ണ ചെയിനായി പ്രവർത്തിക്കുന്നവരുമാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗം എന്ന് ക്ലാസിൽ ഊന്നിപ്പറഞ്ഞു.

ഉച്ചഭക്ഷണത്തിനുശേഷം സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. സമാപന പ്രാർത്ഥനയ്ക്ക്ശേഷം ബ്രദർ ജോൺ നെടുംകൊമ്പിൽ നന്ദി പറഞ്ഞ് യോഗം സമാപിച്ചു.

**വാർഷികം**

ബത്തേരി ഏസിയുടെ കീഴിലുള്ള ഫാത്തിമമാതാ കോൺഫറൻസ്, കയ്യൂന്നി അതിന്റെ ഒന്നാം വാർഷികം 20-7-2015 ന് ഫാത്തിമ മാതാ ദേവാലയത്തിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. ബഹു. വികാരി റവ.ഫാ. ജോണി കല്ലുപുരയിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ബ്രദർ വർഗീസ് പാലാകുഴിയിൽ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബത്തേരി ഏസി പ്രസിഡണ്ട് ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ എന്നിവർ സംസാരിച്ചു. ആത്മീയോപദേഷ്ടാവ് ബഹു. റവ. ഫാ. ജെയ്മോൻ, അസി. വികാരി ബഹു. റവ.ഫാ. നോബിൾ എന്നീ വൈദികരും വിൻസെൻഷ്യൻ പ്രവർത്തനങ്ങളെ അനുമോദിച്ചു. യോഗത്തിൽ കോൺഫറൻസ് സെക്രട്ടറി ബ്രദർ ബേബി തുമ്പുമറ്റം സ്വാഗതം ആശംസിച്ചു. കോൺഫറൻസ് ട്രഷറർ ബ്രദർ ഷാജി മുട്ടപ്പള്ളിൽ നന്ദി പറഞ്ഞു. സമാപന പ്രാർത്ഥനയ്ക്കുശേഷം സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു.

**പ്രത്യേക അറിയിപ്പ്**

മാനന്തവാടി രൂപതയിലെ എല്ലാ വിൻസെൻഷ്യൻ ഏസി പ്രസിഡണ്ട്, കോൺഫറൻസ് പ്രസിഡണ്ട്, അംഗങ്ങൾക്കും സ്നേഹാഭിവാദനങ്ങൾ.

എല്ലാവരുടേയും സഹനപൂർവ്വമായ പ്രവർത്തനത്തിന്റെ ഫലമായി നടവയലിൽ പ്രവർത്തിക്കുന്ന ഓസാനാംഭവൻ അഗതിമന്ദിരം

വളരെ നല്ല രീതിയിൽ നടത്തികൊണ്ടുപോകുവാൻ സാധിക്കുന്നു. കഴിഞ്ഞ ഏതാനും വർഷത്തെ പ്രവർത്തനഫലമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, അശരണരായ കൂടുതൽ വ്യക്തികൾക്ക് സാന്ത്വനവും സംരക്ഷണവും നൽകുവാനും കഴിയുന്നു. കൂടാതെ സമ്പന്നരെങ്കിലും സ്നേഹപൂർവ്വമായ സംരക്ഷണവും ശുശ്രൂഷയും ലഭിക്കാത്തവർക്കായി പുതുതായി ആരംഭിച്ച "ഓസാനാം ഫാമിലി ഭവൻ"കൂടി പ്രവർത്തന സജ്ജമാക്കുവാൻ ദൈവകൃപയാൽ സാധിച്ചു. അഭിനന്ദനാർഹമായ ഈ നേട്ടങ്ങൾക്ക് ഒത്തിരി പേരുടെ പിന്തുണയും സാമ്പത്തിക സഹായവും ലഭിച്ചു. എങ്കിലും കുറച്ച് സാമ്പത്തിക ബാദ്ധ്യതകൾ നമുക്കുണ്ടായി. ഈ ബാദ്ധ്യതകൾ തീർക്കുവാൻ സ്വന്തം പേരിൽ ലോണെടുത്ത് സഹായിച്ച വിൻസെൻഷ്യൻ സഹോദരങ്ങളുടെ ലോൺ തുക അടച്ചു തീർക്കേണ്ട ചുമതല നമുക്കുണ്ട് എന്ന് ഓർമ്മിപ്പിക്കുകയാണ്.

ജൂൺ, ജൂലൈ മാസങ്ങളിൽ സ്പോൺസർഷിപ്പിലും സന്ദർശകരുടെ സംഭാവനകളിലും ഗണ്യമായ കുറവുണ്ടായതിനാൽ അൽപ്പം സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടായി.

പ്രിയ സഹോദരീ, സഹോദരങ്ങളോട് ഒരിക്കൽകൂടി കൈസഹായം നൽകണമെന്ന് യേശുനാമത്തിൽ അഭ്യർത്ഥിക്കുന്നു. ഓരോ കോൺഫറൻസും ലോക്കൽ പിരിവിലൂടെയോ, പ്രത്യേക രഹസ്യ പിരിവിലൂടെയോ 2000/- രൂപയിൽ കുറയാത്ത സംഖ്യ സംഭരിച്ച് ഏസി പ്രസിഡണ്ട് മുഖേന 2015 ഓഗസ്റ്റ് മാസത്തിൽ തന്നെ സെൻട്രൽ കൗൺസിലിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങളുടെ ത്യാഗപൂർവ്വമായ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് സർവ്വശക്തനായ ദൈവം പ്രതിഫലം തരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**നേതൃത്വ പരിശീലന ക്യാമ്പ്**

2015 സെപ്റ്റംബർ 5-ാം തീയതി ഗൂഡല്ലൂർ, നിലമ്പൂർ, മണിമൂളി ഏസികൾക്ക് മണിമൂളി പാസ്റ്ററൽ സെന്റർ ഹാളിൽ വെച്ചും, 2015 സെബ്റ്റംബർ 21 -ാം തീയതി ബാക്കി ഏസികൾക്ക് ഓസാനാം ഭവൻ നടവയലിൽ വെച്ചും ഏകദിന നേതൃത്വ പരിശീലന ക്യാമ്പ് നടത്തപ്പെടുന്നതായിരിക്കും. ഏസി പ്രസിഡണ്ട്, ഏസി സെക്രട്ടറി, ഏസി ട്രഷറർ, കോൺഫറൻസ് പ്രസിഡണ്ട്, കോൺഫറൻസ് സെക്രട്ടറി, കോൺഫറൻസ് ട്രഷറർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം.

**സ്കോളർഷിപ്പ്**

2016-17 അദ്ധ്യയനവർഷത്തേക്കുള്ള സ്കോളർഷിപ്പ് അപേക്ഷകൾ പൂരിപ്പിച്ച് 2015 ഓഗസ്റ്റ് 30-ാം തീയതിക്കുള്ളിൽ സിസിയിൽ എത്തിക്കേണ്ടതാണ്.

**ഓസാനാംഭവൻ രാത്രിസേവനം**

**പുൽപ്പള്ളി ഏസി**

| | | |
|---|---|---|
| 17-8-2015 | സാന്തോം | മരകാവ് |
| 18-8-2015 | സെന്റ് മേരീസ് | മരകാവ് |
| 19-8-2015 | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |
| 20-8-2015 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 21-8-2015 | സെന്റ് ജൂഡ് | അമരക്കുനി |
| 22-8-2015 | ഇൻഫെന്റ് ജീസസ് | പട്ടാണികൂപ്പ് |

**തരിയോട് ഏസി**

| | | |
|---|---|---|
| 23-8-2015 | സെന്റ് ഫ്രാൻസീസ് അസീസ്സി | മഞ്ഞൂറ |
| 24-8-2015 | സെന്റ് തെരേസ | തരിയോട് |
| 25-8-2015 | സെന്റ് തോമസ് | തരിയോട് |
| 26-8-2015 | സെന്റ് തോമസ് | ചെന്നലോട് |
| 27-8-2015 | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 28-8-2015 | സെന്റ് ജോർജ് | കോട്ടത്തറ |
| 29-8-2015 | ലൂർദ്ദ് മാതാ | കാവുംമന്ദം |
| 30-8-2015 | സെന്റ് മേരീസ് | ചെന്നലോട് |

**തോണിച്ചാൽ ഏസി**

| | | |
|---|---|---|
| 31-8-2015 | ലിറ്റിൽഫ്ളവർ | ചെറുകാട്ടൂർ |
| 1-9-2015 | സെന്റ് അൽഫോൻസ | ദ്വാരക |
| 2-9-2015 | സെന്റ് ആന്റണി | ദ്വാരക |
| 3-9-2015 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 4-9-2015 | സെന്റ് മേരീസ് | തോണിച്ചാൽ |
| 5-9-2015 | സെന്റ് തെരേസ | കൊമ്മയാട് |

**വാഴവറ്റ ഏസി**

| | | |
|---|---|---|
| 6-9-2015 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 7-9-2015 | അമലോത്ഭവ മാതാ | വാഴവറ്റ |
| 8-9-2015 | സെന്റ് ഡൊമിനിക് സാവിയോ | വാഴവറ്റ |
| 9-9-2015 | സെന്റ് ജോർജ് | കൊളവയൽ |
| 10-9-2015 | സെന്റ് ജോസഫ് | തെനേരി |
| 11-9-2015 | സെന്റ് ഫ്രാൻസീസ് അസീസി | മീനങ്ങാടി |

| | | |
|---|---|---|
| 12-9-2015 | സെന്റ് മേരീസ് | തെനേരി |
| 13-9-2015 | സെന്റ് ജോസഫ് | തെനേരി |
| 14-9-2015 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 15-9-2015 | ക്രിസ്തുരാജ | കരണി |

**ഓസാനാംഭവൻ സന്ദർശനം**

**തരിയോസ് ഏസി**

| | | |
|---|---|---|
| 19-8-2015 | സെന്റ് ഫ്രാൻസീസ് അസീസി | മഞ്ഞൂറ |
| 21-8-2015 | സെന്റ് തെരേസ | തരിയോട് |
| 23-8-2015 | സെന്റ് തോമസ് | തരിയോട് |
| 25-8-2015 | സെന്റ് തോമസ് | ചെന്നലോട് |
| 27-8-2015 | സെന്റ് അൽഫോൻസ | കാവുംമന്ദം |
| 29-8-2015 | ലൂർദ്ദ്മാതാ | കാവുംമന്ദം |
| 31-8-2015 | സെന്റ് ജോർജ് | കോട്ടത്തറ |
| 2-9-2015 | സെന്റ് മേരീസ് | ചെന്നലോട് |

**തോണിച്ചാൽ ഏസി**

| | | |
|---|---|---|
| 4-9-2015 | ലിറ്റിൽഫ്ളവർ | ചെറുകാട്ടൂർ |
| 6-9-2015 | സെന്റ് അൽഫോൻസ | ദ്വാരക |
| 8-9-2015 | സെന്റ് ആന്റണി | ദ്വാരക |
| 10-9-2015 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 12-9-2015 | സെന്റ് മേരീസ് | തോണിച്ചാൽ |
| 14-9-2015 | സെന്റ് തെരേസ | കൊമ്മയാട് |

ഒരിക്കൽകൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മാസം കൂടുതൽ കർഷകരെ ഈ പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു. അതുപോലെ തന്നെ സെപ്റ്റംബർ മാസത്തിൽ നടത്താനിരിക്കുന്ന ഇൻസ്പെക്ഷന്റെ ഭാഗമായി ഗ്രൂപ്പ് ലീഡേഴ്സിനു ഇൻസ്പെക്ഷൻ ഫോർമാറ്റ് പരിചയപ്പെടുത്തുകയും അവർക്ക് അതിനെകുറിച്ച് കൂടുതൽ കാര്യങ്ങൾ ഗ്രൂപ്പ് യോഗങ്ങളിൽ പറഞ്ഞു കൊടുക്കുകയും ചെയ്തു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർട്രേഡ് കർഷക സംഘടനയായ വോഫയുടെ വാർഷിക പൊതു യോഗം 2015 ജൂൺ മാസം 16-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ ചേർന്നു. വോഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴ യിൽ അദ്ധ്യക്ഷനായിരുന്നു. യോഗത്തിന് സെക്രട്ടറി ശ്രീ. മാത്യു ഉണ്ണി പ്പിള്ളി സ്വാഗതം പറഞ്ഞു. വാർഷിക സെമിനാർ മാനന്തവാടി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സിൽവി തോമസ് ഉദ്ഘാടനം ചെയ്തു. എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയ ങ്ങൾക്കും A+ നേടിയ വോഫ കർഷകരുടെ കുട്ടികളെ യോഗത്തിൽ അഭിനന്ദിക്കുകയും 2200 രൂപ വീതം 23 കുട്ടികൾക്ക് സ്കോളർഷിപ്പ്/ കാഷ് അവാർഡും മെമന്റോയും വിതരണം ചെയ്തു. യോഗത്തിൽ വോഫ സെക്രട്ടറി ശ്രീ. മാത്യു ഉണ്ണിപ്പിള്ളി 2014-15 വർഷത്തെ വാർഷിക റിപ്പോർട്ട്, വരവുചെലവു കണക്കുകൾ, 2015-16 വർഷത്തെ ബജറ്റ് അവ തരിപ്പിച്ചു. യോഗത്തിന് വോഫ എക്സിക്യൂട്ടീവ് മെമ്പർ ഫാ. ബിജോ കറുകപ്പള്ളി നന്ദി പറഞ്ഞു.

പൊതുയോഗത്തിൽ വോഫയിൽ നിന്നും നൽകുന്ന കാപ്പി പറിക്കുന്നതിനുള്ള ഷീറ്റിനുപകരം ഗ്രീൻ നെറ്റ് നൽകിയാൽ മതിയെന്നു യോഗത്തിൽ തീരുമാനിച്ചു. അതുപോലെ തന്നെ കർഷകരിൽ നിന്നും

ഉത്പന്നങ്ങൾ സംഭരിക്കുമ്പോൾ ഗുണമേന്മ പരിശോധിച്ചു ഉറപ്പുവരുത്തണമെന്ന് യോഗം അഭിപ്രായപ്പെട്ടു.

കുരുമുളകിന്റെ അടിസ്ഥാന വിലയായി സംഭരിക്കുന്ന ദിവസത്തെ മലയാള മനോരമ ദിനപത്രത്തിലെ കൊച്ചിൻ മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായിരിക്കും. അടിസ്ഥാന വിലയേക്കാൾ 15 രൂപ അധികവില നൽകുന്നതിനും തീരുമാനിച്ചു.

**വികാസ്പീഡിയ**

വികാസ്പീഡിയ പോർട്ടൽ അറിവു പകർന്നുകൊടുക്കുവാനും ശേഖരിക്കാനുമുള്ള വേദിയായി പ്രവർത്തിക്കുന്നു. സമൂഹവികസനത്തിന് കൂടുതൽ പ്രാധാന്യം നൽകികൊണ്ട് ദേശീയ താത്പര്യത്തിന്റെ ഭാഗമായി ഇന്ത്യ ഡവലപ്പ്മെന്റ് ഗേറ്റ് വേ, ഗ്രാമീണ ഭാരതത്തെ ശക്തിപ്പെടുത്തുന്നതിന് സ്വയം സമർപ്പിച്ചുകൊണ്ട് ഈ പോർട്ടൽ വികസിപ്പിച്ചിരിക്കുന്നു. സമൂഹ വികസനത്തിന് മാധ്യമ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ അറിവും വിവരങ്ങളും നൽകുന്നു.

വികാസ്പീഡിയ മലയാളം പോർട്ടൽ, ജൂൺവരെ ചർച്ച ചെയ്യുന്ന ആറു വിഷയങ്ങളിലായി 7500 ൽ പരം പേജുകൾ എഡിറ്റ് ചെയ്ത് അപ്ലോഡ് ചെയ്തുകഴിഞ്ഞു. ഭാരത സർക്കാരിന്റെ നൂതന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായ ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാമിനെ കുറിച്ച് വികാസ്പീഡിയ അറിവുകൾ പകർന്നു നൽകുന്നു.

ഏറ്റവും പുതിയ പേജുകൾ: ഡിജിറ്റൽ ഇന്ത്യാ വാരം, ധനകാര്യ കമ്മീഷൻ, പെൻഷൻ സ്കീമുകൾ, കുട്ടികളുടെ ആരോഗ്യം, ഇന്ത്യൻ ഭരണഘടന, വൈദ്യുതി പദ്ധതികൾ, ബയോഗ്യാസ് നഗരാസൂത്രണം, ഐക്യരാഷ്ട്ര സംഘടന, ഡയറിഫാം തുടങ്ങി നിരവധി പേജുകൾ അപ്ലോഡ് ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് www.vikaspedia.in സന്ദർശിക്കുക.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിൽ പുതുതായി അംഗത്വം ലഭിച്ച കുടുംബങ്ങൾക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായുള്ള അപേക്ഷകൾ സ്വീകരിച്ചു. SAFP നിൽ പുതുതായി അംഗത്വം ലഭിച്ച 46 കുടുംബങ്ങൾക്ക് വരുമാന വർദ്ധന പദ്ധതിയുടെ ഭാഗമായി സോപ്പ് ട്രെയിനിംഗ് നൽകുവാനും തീരുമാനിച്ചു. ജൂൺമാസത്തിൽ SAFP കുടുംബങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തി. അതുപോലെതന്നെ വിവിധ വരുമാന പദ്ധതികൾക്കായുള്ള ഫണ്ട് വിതരണവും നടത്തി.

**ജനകീയ സംഘാടനം**

സോഷ്യൽ വെൽഫെയർ സൊസൈറ്റി സെക്രട്ടറിമാരുടെ യോഗം ജൂൺമാസം 10-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.

ശ്രീ. പി.എ. ജോസ് സമുന്നതി പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. ജൂൺമാസം 20-ാം തീയതി CDO യോഗത്തിൽ WSSS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളെകുറിച്ച് ക്ലാസുകൾ നൽകുകയും ചെയ്തു. യോഗത്തിന് പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ് നേതൃത്വം നൽകി.

പുൽപ്പള്ളി, മാനന്തവാടി, ചെന്നലോട്, കാഞ്ഞിരങ്ങാട് എന്നിവിടങ്ങളിലായി സമുന്നതി പദ്ധതിയുമായി ബന്ധപ്പെട്ട് യോഗങ്ങൾ നടത്തി. മുന്നോക്ക സമുദായത്തിൽപ്പെട്ട SHG കളിലെ അംഗങ്ങൾക്ക് പലിശ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതിയാണിത്. സമുന്നതി പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനുവേണ്ട നടപടികൾ WSSS തലത്തിൽ നടപ്പിലാക്കി.

**ബയോഗ്യാസ് വികസനപദ്ധതി**

പുതുശ്ശേരി, പാലേരി, കുറുക്കൻമൂല, വാകേരി, കൂടൽക്കടവ് തുടങ്ങിയ സ്ഥലങ്ങളിൽ മൂന്ന് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും രണ്ട് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷം ബയോഗ്യാസ് നിർമ്മിക്കുന്നതിന് ബാങ്ക്ലോൺ ലഭിക്കുന്നതാണ്. അതിനുവേണ്ട അപേക്ഷകൾ WSSS ൽ നിന്നും ലഭിക്കുന്നതാണ്. ഖാദിഗ്രാമവ്യവസായ കമ്മീഷന്റെ തൃശൂർ നടത്തറിയിലെ സബ് ഓഫീസിൽ വെച്ച് ജൂൺ 15-ന് നടന്ന വാർഷിക പദ്ധതി അവലോകന യോഗത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 75 പ്ലാന്റുകൾ നിർമ്മിക്കുന്നതിന് WSSS ന് അനുവാദം ലഭിച്ചു.

**ദീൻ ധയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യയോജന (DDUGKY)**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിലുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദീൻ ധയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDUGKY) ."ഇന്ത്യയെ ശക്തീകരിക്കൂ ലോകത്തെ നയിക്കൂ" എന്നതാണ് പ്രധാന ആശയം. ഭാരത സർക്കാർ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ലക്ഷ്യം. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് NCVT സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇതിലൂടെ കമ്പ്യൂട്ടർ, സോഫ്റ്റ് സ്കിൽ പരിശീലനവും നൽകുന്നതാണ്.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരളത്തിൽ DDUGKY പദ്ധതി നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നു.

WSSS ന്റെ കീഴിൽ 6 മാസം ദൈർഘ്യമുള്ള ഫാഷൻ ഡിസൈൻ ടെക്നോളജി കോഴ്സും മൂന്നുമാസം ദൈർഘ്യമുള്ള ഫുഡ് പ്രൊസസ്സിംഗ് ആന്റ് പ്രിസർവേഷൻ കോഴ്സും നടത്തുന്നു. വിദ്യാഭ്യാസ യോഗ്യത യഥാക്രമം SSLC, +2. കൂടുതൽ വിവരങ്ങൾക്ക് WSSS മായി ബന്ധപ്പെടുക.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

## SNEHANIDHI - MANIMOOLY FORANE

| SL.No. | Parish | Received in the Office | Date |
|---|---|---|---|
| 1 | Bhoodanam | | |
| 2. | Manimooly | 22500.00 | 23-4-2015 |
| 3. | Munderi | | |
| 4. | Narivalamumda | 10100.00 | 07-04-2015 |
| 5. | Njarappadam | | |
| 6. | Palankara | | |
| 7. | Palemad | | |
| 8. | Pathiripadam | 5000.00 | 24-03-2015 |
| 9. | Thalaji | 7840.00 | 31-03-2015 |
| 10. | Marutha | 2900.00 | 07-04-2015 |

## SNEHANIDHI - NILAMBUR FORANE

| SL.No. | Parish | Received in the Office | Date |
|---|---|---|---|
| 1. | Chokkad | 5000.00 | 24-04-2015 |
| 2. | Edivanna | 7000.00 | 24-04-2015 |
| 3. | Moolepadam | | |
| 4. | Muttiyel | | |
| 5. | Nilambur | 12000.00 | 24-04-2015 |
| 6. | Pookkottumpadam | | |
| 7. | Poolapadam | 5000.00 | 31-03-2015 |
| 8. | Ruby Nagar | 6240.00 | 24-04-2015 |
| 9. | T.K. Colony | 500.00 | 24-04-2015 |
| 10. | Thelpara | | |
| 11. | Vallikkettu | 4420.00 | 27-5-2015 |
| 12. | Vadapuram | 200.00 | 24-4-2015 |

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്, ഇതിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നു വരുന്നു.

**ബോധവൽക്കരണ സെമിനാറുകൾ**

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും ജൂൺ 7 നു വാകേരിയിലും, 28 നു സീതാമൗണ്ടിലും സെമിനാറുകൾ നടത്തി. രണ്ട് സെമിനാറിൽ 80 ആളുകൾ പങ്കെടുത്തു. തുടർന്ന് വിവിധ ക്ഷേമപദ്ധതികളിൽ പുതിയ ആളുകൾ അംഗങ്ങളായി.

**സിസ്റ്റേഴ്സ് യോഗം**

ജൂൺ 13 നു വിവിധ കോൺഗ്രിഗേഷനുകളിൽപെട്ട സിസ്റ്റർമാരുടെ ഒരുയോഗം WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി. യോഗത്തിൽ മാനന്തവാടി രൂപത KLM ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, സംസ്ഥാന പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ സംസാരിച്ചു. രൂപതാ സെക്രട്ടറി ശ്രീമതി ആലീസ് സിസിൽ നേതൃത്വം നൽകി. തുടർന്ന് വിവിധ കോൺഗ്രിഗേഷനുകൾ തിരിഞ്ഞ് KLM ന്റെ പ്രവർത്തനം ശക്തമാക്കുവാൻ തീരുമാനമായി.

**എക്സിക്യൂട്ടീവ് യോഗം**

ജൂൺ 14 നു KLM മാനന്തവാടി രൂപത എക്സിക്യൂട്ടീവ് നടത്തി. യോഗത്തിൽ 9 അംഗങ്ങൾ പങ്കെടുത്തു. ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, സംസ്ഥാന പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ സംസാരിച്ചു. യോഗത്തിൽ വച്ച് ശ്രീ. ബിജു മരോട്ടിമൂട്ടിൽ KTWF ന്റെയും, ശ്രീ. ഷിന്റോ വണ്ടാനത്ത് SNTU ന്റെയും, ശ്രീ. രാജു വണ്ടന്നൂരിനെ KCTTF ന്റെയും ജില്ലാ നേതാക്കന്മാരായി നിയമിച്ചു. സെക്രട്ടറി ശ്രീമതി ആലീസ് സിസിൽ സ്വാഗതം പറഞ്ഞ യോഗത്തിനു കോ-ഓഡിനേറ്റർ ശ്രീ. റ്റോബി സെബാസ്റ്റ്യൻ നന്ദി പറഞ്ഞു.

**അറിയിപ്പ്**

സ്വാലംബൻ സുരക്ഷ പദ്ധതികളിൽ ചേർന്നിട്ടുള്ളവർ തങ്ങളുടെ ആധാർനമ്പർ എത്രയും വേഗം WSSS ഓഫീസിൽ എത്തിക്കേണ്ടതാണ്. കൂടാതെ നിർമ്മാണ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി എന്നീ ക്ഷേമനിധികളിൽ അംഗങ്ങളാകാൻ താത്പര്യമുള്ളവർ KLM മാനന്തവാടി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

ഫോൺ: 04935 –240314, 9447264935

**ഫാ. ബിജോ കറുകപ്പള്ളി** – ഡയറക്ടർ KLM

# കെസിബിസി മദ്യവിരുദ്ധസമിതി

**ലഹരിവിരുദ്ധ ദിനം**

ജൂൺ 26 ലഹരിവിരുദ്ധദിനം സ്കൂൾ ലഹരിവിരുദ്ധ ക്ലബ് കാസ യുടെ നേതൃത്വത്തിൽ കോർപ്പറേറ്റ് സ്കൂളുകളിൽ എല്ലാം തന്നെ വിപുലമായി ആചരിച്ചു. ബോധവത്ക്കരണ റാലികൾ, പോസ്റ്റർ നിർമ്മാണം, ബോധവത്ക്കരണ ക്ലാസ്, രക്ഷിതാക്കൾക്ക് കത്തെഴുതൽ എന്നിവ നടന്നു.

**ഗ്രാമദീപം**

KCBC മദ്യവിരുദ്ധസമിതി ഏറ്റെടുക്കുന്ന വളരെ സുപ്രധാനമായ കർമ്മപരിപാടിയാണ് ഗ്രാമദീപം. ഇടവകയെ കേന്ദ്രീകരിച്ചാണ് പരി പാടി നടത്തുന്നത്. 3 ദിവസം നീണ്ടുനിൽക്കുന്ന ഈ പരിപാടി ഓരോ ദിവസവും വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് രാത്രി 9 മണിക്ക് അവ സാനിക്കും. ക്ലാസുകൾ, പ്രാർത്ഥന, സ്ലൈഡ്ഷോ, കൗൺസിലിംഗ് എന്നിവ ഉൾപ്പെടുന്നതാണ് പ്രോഗ്രാം. ഭാര്യാ ഭർത്താക്കന്മാർ ഒരുമിച്ച് പ്രോഗ്രാമിൽ പങ്കെടുക്കണം.

**യൂണിറ്റ് ശാക്തീകരണം**

KCBC മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ ഇടവകകളിൽ സ്ഥാപിച്ച് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികൾ ആരം ഭിച്ചു. രൂപതാഡയറക്ടർ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ഇട വക സന്ദർശനം നടത്തുവാനും യൂണിറ്റ് രൂപീകരിക്കുവാനുമാണ് ആഗ്ര ഹിക്കുന്നത്.

**മോചന 2015**

രൂപതാതിർത്തിക്കുള്ളിലെ ചെറു ടൗണുകളെ കേന്ദ്രീകരിച്ച് നട ത്തുന്ന ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടിയാണ് മോചന 2015. വൈകുന്നേരങ്ങളിൽ ടെലിഫിലിം പ്രദർശനം, സ്ലൈഡ് പ്രദർശനം, പ്രഭാ ഷണം എന്നിവ നടത്തുന്നു.

**രൂപതാസമിതിയോഗം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ എക്സിക്യൂട്ടീവ് യോഗം ജൂലൈ 14 ചൊവ്വാഴ്ച പാസ്റ്ററൽ സെന്ററിൽ ചേർന്ന് കർമ്മ പരിപാടികൾ തയ്യാറാക്കി.

**സംസ്ഥാന കൗൺസിൽ യോഗം**

കെ.സി.ബി.സി. സംസ്ഥാന കൗൺസിൽ യോഗം ജൂലൈ 18 ശനിയാഴ്ച പി.ഒ.സിയിൽ ചേർന്നു. കമ്മീഷൻ ചെയർമാൻ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ അധ്യക്ഷതവഹിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ മികച്ച ലഹരിവിരുദ്ധ പ്രവർത്തകനുള്ള അവാർഡ് ലഭിച്ച അഡ്വ. ചാർളി പോളിനുള്ള സ്വീകരണ സമ്മേളനം കർദ്ദിനാൾ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ശ്രീ. വി.എം. സുധീരൻ മുഖ്യപ്രഭാഷണം നടത്തി. മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് ശ്രീ. ജോയി പരിയാരം, ശ്രീ. രാജു വല്ല്യാറ എന്നിവർ പങ്കെടുത്തു. രൂപതാ റിപ്പോർട്ട് ശ്രീ. ജോയി പരിയാരത്ത് അവതരിപ്പിച്ചു.

**രൂപതാ ഡയറക്ടറുടെ സന്ദർശനം**

**ചെറുകാട്ടൂർ**

ജൂൺ 28 ന് ഞായർ ചെറുകാട്ടൂർ ഇടവകയിൽ എ.എ. യോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

**കുറുമ്പാലക്കോട്ട**

ജൂലൈ 4-ന് ശനിയാഴ്ച മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി മഠത്തിൽ കുറുമ്പാലകോട്ട ഇടവകയിൽ മാതൃ സംഘാംഗങ്ങൾക്ക് സെമിനാർ നടത്തി. ഇടവക വികാരി റവ.ഫാ. ജോസഫ് പരുവുമ്മേൽ ഉദ്ഘാടനം ചെയ്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

## MARY MATHA ARTS & SCIENCE COLLEGE

The various academic bodies and forums of the college were reorganized and the new coordinators were chosen in the first week of July. Three students of the 2015 degree batch got admission to some of the premiere universities and institutes of the country. Renju CK, Irene Johny and Muhammad Usmad got selected to the Central University of Hyderabad, Central University of Kerala and Central Food Technology and Research Institute of India,Mysore respectively.Dr.Aneesh EM, an alumni and former faculty of this college bagged the Best Researcher Award of UGC with First Rank.

Twenty cadets of the NCC unit attended the Pre-Republic Day Camp at West Hill,Calicut. Arathy Thomas and Ajay Geo Chacko of the AICUF unit were selected to the state committee of AICUF. The Departments of Zoology and Maths conducted an orientation classes for the UG students. Sri.Johnson Cherayil was the resource person.The Degree and PG admissions of Kannur University commenced at the college on 22 July. An admission committee was set up with Sri.George Thomas, Associate Professor in English as the coordinator.

**Principal**

# CEADOM വിദ്യാഭ്യാസ മേഖല

**അഭിനന്ദനങ്ങൾ**

| HSS Result | | | | | |
|---|---|---|---|---|---|
| Sl. No. | Name of School | Total | Success(%) | EHS | Full A+ |
| 1 | IJM HSS Kottiyoor | 207 | 98.5 % | 204 | 30 |
| 2 | St. Catherine's HSS Payyampally | 242 | 95.87% | 232 | 7 |
| 3 | St Thomas HSS Nadavayal | 120 | 86.36% | 112 | |
| 4 | St Josephs HSS Kallody | 158 | 96.5% | 152 | 12 |

നമ്മുടെ ഹയർസെക്കന്ററി സ്കൂളുകൾ ഉന്നതവിജയം കരസ്ഥമാക്കിയത് ഏറെ അഭിമാനത്തോടെ കാണുന്നു. ഈ സ്ക്കൂളുകളെ വിജയത്തിലേയ്ക്ക് നയിച്ച സ്കൂൾ മാനേജർ അച്ചൻമാരെയും, പ്രിൻസിപ്പൽമാരെയും, ഒപ്പം പ്രവർത്തിച്ച മുഴുവൻ അദ്ധ്യാപകരെയും, അനദ്ധ്യാപകരെയും, കുട്ടികളെയും മാതാപിതാക്കളെയും പി.ടി. എ, മദർ പി.ടി.എ തുടങ്ങിയ സമിതികളെയും പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു. വളരെ പ്രത്യേകമായി 30 A+ കരസ്ഥമാക്കിയ IJMHSS, Kottiyoor നെയും ഇതിനായി അത്യധ്വാനം ചെയ്ത മാനേജർ റവ.ഫാ. റോബിൻ വടക്കൻചേരിയെയും, പ്രിൻസിപ്പൽ രാജുസാറിനെയും, സഹകരിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**നന്ദി, സ്വാഗതം**

CEADOM ഓഫീസിൽ കഴിഞ്ഞവർഷക്കാലങ്ങളിൽ ഓഫീസ് സൂപ്രണ്ടായി സേവനം ചെയ്ത ശ്രീ.ബേബി ജോസഫ്, ചക്കാലയ്ക്കൽ സാറിനും (Retd. AEO) ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്ത സി.ലിൻസി പോൾ എസ്.എച്ച് നും CEADOM Family യുടെ ഹൃദയപൂർവ്വകമായ നന്ദിയും സ്നേഹവും അറിയിക്കുന്നു. ഇവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും, സഹായ സഹകരണങ്ങൾക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുകയും, ജീവിതത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും പ്രാർത്ഥനകളും വിജയാശംസകളും നേരുകയും ചെയ്യുന്നു.

CEADOM ഓഫീസിൽ ഓഫീസ് കൺസൽറ്റന്റ് ആയി ചുമതലയേറ്റ ശ്രീ. തങ്കച്ചൻ എം. ഡി, മണ്ണൂരാംപറമ്പിൽ സാറിനും (Retd. Superintend), ഓഫീസ് സ്റ്റാഫായി ചുമതലയേറ്റ ശ്രീ.അരുൺ ബാബുവിനും ഹൃദ്യമായ സ്വാഗതം.

**പ്രധാനാദ്ധ്യാപക സമ്മേളനം**

രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എൽ.പി, യു.പി സ്കൂളുകളിലെ, പ്രധാനാദ്ധ്യാപകർ, സീനിയർ അസ്സിസ്റ്റന്റ്, സ്റ്റാഫ് സെക്രട്ടറി എന്നിവരുടെ സംയുക്തയോഗം 2015 ജൂലൈ 4 ശനിയാഴ്ച രാവിലെ 11.00 am മുതൽ 2.00 pm വരെയും, ഹയർസെക്കന്ററി, ഹൈസ്ക്കൂളുകളിലെ, പ്രധാനാദ്ധ്യാപകർ, സീനിയർ അസ്സിസ്റ്റന്റ്, സ്റ്റാഫ് സെക്രട്ടറി എന്നിവരുടെ സംയുക്തയോഗം 2015 ജൂലൈ 18 ശനിയാഴ്ച രാവിലെ 11.00 am മുതൽ 2.00 pm വരെയും ദ്വാരക എ.യു.പി സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

– കത്തോലിക്ക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയാണെന്നും അതിനനുസൃതമായി സ്കൂളുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.

– സ്കൂളുകളിൽ കൗൺസിലിംഗിനായി സിസ്റ്റേഴ്സിനെ നിയോഗിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു .

– ടീച്ചേഴ്സ് ഗിൽഡിന്റെ രൂപീകരണം ചർച്ച ചെയ്തു.

– മോറൽ സയൻസിന്റെ പരീക്ഷ:- എൽ.പി, യു.പി വിഭാഗങ്ങളുടെത് 28 ജനുവരി 2016 നും, ഹൈസ്കൂൾ വിഭാഗത്തിന്റെത് 29 ജനുവരി 2016 നും 02.00 pm മുതൽ 04.00 pm വരെയും നടത്തപ്പെടുന്നതാണ്. ഇതിൽ 80% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ പേപ്പർ കോർപ്പറേറ്റ് ഓഫീസിൽ വച്ച് സെലക്ട് ചെയ്ത് ഏറ്റവും കൂടുൽ മാർക്ക് ലഭിക്കുന്നവർക്ക് 2016 സ്റ്റാഫ് കൺവെൻഷനിൽ വച്ച് അവാർഡ് നൽകുന്നതുമാണ്. ഇതിനായി 80% ത്തിൽ കൂടുതൽ മാർക്ക് ലഭിച്ച ഉത്തരകടലാസുകൾ 2016 ഫെബ്രുവരി 29 നു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

– സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തുകയും, കുട്ടികളുടെ പഠനനിലവാരവും, പഠനാനുബന്ധ പ്രവർത്തനവും കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനും, പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും, വേണ്ടി അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു. യോഗത്തിൽ സംബന്ധിച്ച എല്ലാ പ്രധാനാദ്ധ്യാപകർക്കും, സീനിയർ

അസിസ്റ്റന്റുമാർക്കും, സ്റ്റാഫ് സെക്രട്ടറിമാർക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**1. സെന്റ് തോമസ്. എച്ച്.എസ് നടവയൽ**

– പ്രവേശനോത്സവത്തോടനുബന്ധിച്ച് നവാഗതർക്ക് പ്രിയാക്ഷരം, പ്രിയമൂല്യം എന്ന പേരിൽ അക്ഷരകാർഡുകൾ സമ്മാനമായി നൽകി.

– 05-06-2015 ന് പരിസ്ഥിതി ദിനാചരണം നടത്തി.

– വിജയോത്സവം 2015 സംഘടിപ്പിക്കുകയും 100% വിജയം നേടിയ ബാച്ചിലെ എല്ലാവരെയും ചേർത്ത് റാലിയും പൊതുസമ്മേളനവും നടത്തി വിജയികളെ ആദരിച്ചു. വെറ്റിനറി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബി.അശോക് IAS വിദ്യാർത്ഥികളോട് സംസാരിച്ചു.

– പനമരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച സൈക്കിളുകൾ പ്രസിഡന്റ് ശ്രീമതി. റാണി വർക്കി ഗോത്രവർഗ്ഗവിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

– അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ആയിരം കൂട്ടുകാർ ആയിരം കുടുംബങ്ങൾ എന്ന പദ്ധതി ആരംഭിച്ചു. വിദ്യാർത്ഥികൾ നടവയലിനു പുറത്തുള്ള ആയിരം കൂട്ടുകാർക്ക് സന്ദേശങ്ങൾ അയച്ചു.

– വായനാവാരത്തോടനുബന്ധിച്ച് പ്രശ്നോത്തരി മത്സരം സംഘടിപ്പിച്ചു. വായനാവേദിയുടെ ഉദ്ഘാടനം ലളിതാംബിക അന്തർജനം അവാർഡ് ജേതാവ് കുമാരി മിഥുന വിജയൻ നിർവ്വഹിച്ചു.

– 2015-2016 വർഷത്തെ വാർഷിക പദ്ധതി നേർവഴിയിലൂടെ ജില്ലാകളക്ടർ ശ്രീ. കേശവേന്ദ്രകുമാർ IAS ഉദ്ഘാടനം നിർവ്വഹിച്ചു.

– ഗ്രാമീണ മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ ഭാഗമായി 8-ാം ക്ലാസ്സിലെ 100 വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകി.

– ബാലാവകാശ സംരക്ഷണദിനം, ലഹരി വിരുദ്ധ ദിനം, ലോക സമുദ്രദിനം, രക്തദാനദിനം, അയ്യങ്കാളി ദിനം, വായനദിനം, എന്നിവ സമുചിതമായി ആചരിച്ചു.

**2. അസംപ്ഷൻ യു.പി, സു.ബത്തേരി**

– സു. ബത്തേരി ബ്ലോക്ക് പ്രവേശനോത്സവം സ്കൂളിൽ വച്ച് നടത്തി. സ്കൂൾ മാനേജർ ഫാ.സ്റ്റീഫൻ കോട്ടയ്ക്കൽ അദ്ധ്യക്ഷനായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.ഇ.കെ.വിനയൻ

ഉദ്ഘാടനം നിർവ്വഹിച്ചു. ഘോഷയാത്ര, പഠനകിറ്റ് വിതരണം, പായസ വിതരണം എന്നിവ നടത്തി.

– പരിസ്ഥിതി സംരക്ഷണ റാലിയും വിവിധ മത്സരങ്ങളും നടത്തി.

– വായനാവാരത്തോടനുബന്ധിച്ച് അക്ഷര രഥം ഒരുക്കി. അക്ഷര രഥത്തിൽ പാത്തുമ്മയുടെ ആടിന്റെ ദൃശ്യാവിഷ്ക്കാരം നടത്തി. ബീനാച്ചി, പൂമല, മണിച്ചിറ, ഡയറ്റ്, കൈപ്പഞ്ചേരി, കുപ്പാടി, ബത്തേരി ടൗൺ എന്നിവിടങ്ങളിൽ അക്ഷര രഥം പ്രയാണം നടത്തി.

– ജൂൺ 20 ന് പി.റ്റി.എ. ജനറൽ ബോഡി യോഗവും, ബോധവത്ക്കരണ ക്ലാസ്സും നടത്തി. പി.റ്റി.എ പ്രസിഡന്റ് ആയി ശ്രീ. ടി.ജി വർഗ്ഗീസ്സും, മദർ പി.റ്റി.എ. പ്രസിഡന്റ് ആയി ശ്രീമതി സനിത കെ.എ യും തിരഞ്ഞെടുക്കപ്പെട്ടു.

– ലഹരി വിരുദ്ധ ദിനം വിവിധ മത്സരങ്ങളോടും, ബോധവത്ക്കരണപരിപാടികളോടും കൂടെ ആചരിച്ചു.

– മഴക്കാലത്ത് പട്ടിണി അനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കാൻ ഒരു ഗ്ലാസ്സ് അരിയും, ഒരു പിടി പച്ചക്കറിയും പ്രോഗ്രാം നടത്തി മാനിവയൽ കോളനിയിലെ 48 കുടുംബങ്ങൾക്ക് 10 കിലോ അരിയും, 3 കിലോ പച്ചക്കറിയും, വിതരണം ചെയ്തു.

– വിദ്യാരംഗം ഉപജില്ല ഉദ്ഘാടനം ജൂലൈ 10 വെള്ളിയാഴ്ച സ്കൂളിൽ വച്ച് നടത്തി. ബത്തേരി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റ്റി.എം ജോർജ്ജ് ഉദ്ഘാടനവും, സ്കൂൾ മാനേജർ ഫാ.സ്റ്റീഫൻ കോട്ടയ്ക്കൽ അദ്ധ്യക്ഷതയും വഹിച്ചു.

**അഭിനന്ദനങ്ങൾ**

ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് അസോസിയേഷന്റെ വയനാടു ജില്ലാ കമ്മീഷണറായി തെരഞ്ഞെടുക്കപ്പെട്ട ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ത്രേസ്യാമ്മ ജോർജ്ജിന് CEADOM Family യുടെ ഹൃദയപൂർവ്വകമായ അഭിനന്ദനങ്ങളും, തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും പ്രാർത്ഥനകളും വിജയാശംസകളും നേരുകയും ചെയ്യുന്നു.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ

## NISCORT

**(National Institute of Social Communications, Research and Training)**
**(A National Institution of CBCI)**
**Short Term Courses - 2015 - 16**

The short term courses are aimed to build capacity and increase competence of educators, priests, religious and laity in the field of communication and media. Rich theoretical inputs, hands-on practical exercises, handouts and resource materials will be provided.

| COURSES | DURATION |
|---|---|
| Basic Video Production Course | August 17 - 29, 2015 |
| Writing for Media and Journalism Skills, Public Speaking | Sept. 07 - Oct. 03, 2015 |
| Public Relations | October 12 - 17, 2015 |
| Basic Photography | October 19 - 30, 2015 |
| Graphic Designing | November 02 - 14, 2015 |
| Liturgical Art, Aesthetics Design, Ceremonies | Nov. 16 - Dec. 05, 2015 |
| Sacred Music | December 07 - 19, 2015 |
| Tribal and Folk Media | January 18 - 30, 2016 |
| Puppetry and Mask Making | February 01 - 13, 2016 |
| Web Designing | February 15 -27, 2016 |
| New Media and Ethics | Feb. 29 – Mar. 18, 2016 |
| Audio Production | Mar. 28 – Apr. 09, 2016 |
| Advanced Video Production | April 11 – 23, 2016 |
| Public Speaking | May 02 – 07, 2016 |
| Public Relations | May 09 – 14, 2016 |
| Creative Writing | May 16 – 21, 2016 |

*For further details contact :*

NISCORT, A-2, Sector 1, Vaishali, Ghaziabad - 201 012, U.P
Phone: 0120 – 2771050
Mobile: (0)8130 496971, 73, 74, www.niscort.com
E-mail: niscortindia@gmail.com/ jmurickan@gmail.com/ sudeepmsfs@gmail.com

# Pastoral Centre Programme



**August 2015**

| | |
|---|---|
| 1 | Zion |
| 2 | CML Executive |
| 2- 5 | Marriage Preparation Course |
| 11 | Marian Singles |
| 11 | Bible Class |
| 13 | SMMA Executive |
| 14 | KCYM Vanitha Sangamam |
| 16-20 | Zion Retreat |
| 21-24 | Marriage Preparation Course |
| 27 | KCYM |
| 28 | Thiru Onam |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***August 2015***

| | | |
|---|---|---|
| 1 | *Sat ...................* | *Vianney Bhavan: Vianney Day* |
| 2 | *Sun .................* | *Bishop's House: Meeting with Catechism Plus Students from Kottiyoor Parish* |
| 3 | *Mon 8 Sat .........* | *KCBC Retreat* |
| 9 | *Sun 10 Mon ......* | *Bangalore* |
| 12 | *Wed ..................* | *Kunnoth Seminary* |
| 14 | *Fri ...................* | *Out of Station* |
| 15 | *Sat ..................* | *Dwaraka: Blessing of CMC Convent* |
| 16 | *Sun 30 Sun .......* | *Kakkanad: Synod of Bishops* |
| 31 | *Mon ................* | *Visitors' Day* |

***September 2015***

| | | |
|---|---|---|
| 4 | *Fri ..................* | *Out of Station* |
| 6 | *Sun .................* | *Ruby Nagar: Pastoral Visit* |
| 7 | *Mon ................* | *Manimooly: Visitors' Day at Regional Pastoral Centre* |
| 9 | *Wed .................* | *Visitors' Day* |
| 10 | *Thu ..................* | *Dwaraka: Class for Postulants* |
| 11 | *Fri ..................* | *Out of Station* |
| 12 | *Sat ..................* | *Pastoral Council* |
| 14 | *Mon 25 Fri .......* | *Retreat for Priests* |
| 27 | *Sun .................* | *Marutha: Pastoral Visit* |
| 28 | *Mon ................* | *Manimooly: Visitors' Day at Regional Pastoral Centre* |
| 30 | *Wed .................* | *Bishop's House: Jubilee of Priests* |